

# വള്ളവും വലയും

ജോൺ കുര്യൻ
അന്റോണിറ്റോ പോൾ

# വള്ളവും വലയും

Samudra Monograph
VALLAVUM VALAYUM
Malayalam

Written by
JOHN KURIAN
ANTONYTO PAUL

Translated by
P K Uthaman

Edited By
Atmaraman

Designed by
Sabu Kurien John

Malayalam Edition Published in
August 2001

Published by
International Collective in Support of Fishworkers
27 College Road, Chennai.

Printed at
Alois Graphics, Kottayam 2. Ph: 569847

The opinions and positions expressed in the monograph are those of the authors concerned and do not necessarily represent the official views of ICSF

The information contained in this publication may be reproduced freely. However, acknowledging ICSF would be appreciated

ICSF, 27 College Road, Chennai 600 006, India
Tel: 91-44-827 5303
Tel: 91-44-825 4457
E-mail:icsf@vsnl.com
http://www.icsf.net

Copies 500

സമുദ്രയുടെ ലഘുലേഖ

# വള്ളവും വലയും

കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ
സാമൂഹിക സുരക്ഷിതത്വ പദ്ധതികളുടെ
വികാസപരിണാമങ്ങളെ മുൻനിർത്തി
ഒരു വിശകലനം.

**ജോൺ കുര്യൻ**

**അന്റോണിറ്റോ പോൾ**

**ഇൻറർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്‌വർക്കേഴ്സ്**

**27 കോളേജ് റോഡ്, ചെന്നൈ - 600 006, ഇന്ത്യ.**

## ലേഖകന്മാരെപ്പറ്റി

### ജോൺ കുര്യൻ

തിരുവനന്തപുരത്തെ സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്റ്റഡീസിൽ അസ്സോസിയേറ്റ് പ്രൊഫസ്സർ. ഇൻറർനാഷണൽ കളക്റ്റീവ് ഫോർ ഫിഷ് വർക്കേഴ്സിൻെറ സ്ഥാപകാംഗങ്ങളിൽ ഒരാളാണ് അദ്ദേഹം. പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ചെറുകിട മത്സ്യബന്ധനത്തിൻെറ വികസനവും പരിപാലനവുമാണ് ആക്റ്റിവിസ്റ്റ് എന്ന നിലയിലും അക്കാദമിക് എന്ന നിലയിലും അദ്ദേഹത്തിന് പ്രിയങ്കരമായ വിഷയങ്ങൾ.

### അൻേറാണിറ്റോ പോൾ

സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്റ്റഡീസിലെ ഗവേഷകൻ. സമുദ്രമത്സ്യസമ്പത്തിൻെറ പരിപാലനത്തിന് വേണ്ട സ്ഥാപനപരമായ സംവിധാനങ്ങളാണ് അദ്ദേഹത്തിന് സവിശേഷ താല്പര്യമുള്ള വിഷയം.

## ഉള്ളടക്കം


കടപ്പാട്

പ്രവേശിക

ആമുഖം

*അദ്ധ്യായം ഒന്ന്*

സാമൂഹികസുരക്ഷിതത്വം എന്ത്? എന്തിന്?

*അദ്ധ്യായം രണ്ട്*

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം

*അദ്ധ്യായം മൂന്ന്*

മത്സ്യബന്ധനമേഖല കേരളത്തിൻെറ സമ്പദ്വ്യവസ്ഥയിൽ

*അദ്ധ്യായം നാല്*

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം

*അദ്ധ്യായം അഞ്ച്*

സാമൂഹികസുരക്ഷിതത്വം കേരളത്തിലെ

മത്സ്യത്തൊഴിലാളി മേഖലയിൽ : ഒരന്വേഷണം

*അദ്ധ്യായം ആറ്*

സാമൂഹികസുരക്ഷാ സംവിധാനങ്ങളും

മത്സ്യത്തൊഴിലാളി സമരങ്ങളും

*അദ്ധ്യായം ഏഴ്*

സാമൂഹികസുരക്ഷാപദ്ധതികൾ : ഒരു വിലയിരുത്തൽ

*അദ്ധ്യായം എട്ട്*

സാമൂഹികസുരക്ഷിതത്വം : ഇനിയെന്ത്?

ഉപസംഹാരം

അനുബന്ധങ്ങൾ

ഗ്രന്ഥസൂചി

## കടപ്പാട്

ഈ പഠനത്തിന് ആവശ്യമായ വിവരങ്ങൾ തന്ന് സഹായിച്ച താഴെപ്പറയുന്നവരോട് ഞങ്ങൾ കൃതജ്ഞരാണ്.

- ശ്രീ. വി. വി. ശശീന്ദ്രൻ, ചെയർമാൻ; ശ്രീ. എം. സൈമൺ, റീജിയണൽ എക്സിക്യൂട്ടീവ്, കേരളാ ഫിഷർമെൻസ് വെൽഫെയർ ബോർഡ്;
- ശ്രീ. വി. ദിനകരൻ, ചെയർമാൻ, ശ്രീ. ജോസഫ് മാനുവൽ, എക്സിക്യൂട്ടീവ് (മാർക്കറ്റിംഗ്), കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്പ്മെൻറ്;
- ശ്രീ. എ. എം. ജോസഫ്, ജോയിൻറ് ഡയറക്ടർ, ശ്രീ. എസ്. രവീന്ദ്രൻ നായർ, ഡപ്യൂട്ടി ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഫിഷറീസ് ഡിപ്പാർട്ട്മെൻറ്.

കൈയ്യെഴുത്തുപ്രതിയുടെ കരട് വായിച്ച്, അത് മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ തന്ന, തിരുവനന്തപുരത്തെ സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്റ്റഡീസിലെ ഡോ. അച്ചിൻ ചക്രവർത്തിയോട് ഞങ്ങൾ നന്ദിയുള്ളവരാണ്.

എന്നിരുന്നാലും ഇതിലെ അഭിപ്രായങ്ങൾ ഞങ്ങളുടേത് മാത്രമാണ്; ഇതിൽ ഇനിയും ശേഷിക്കുന്ന തെറ്റുകുറ്റങ്ങൾക്ക് ഞങ്ങൾ മാത്രമാണ് ഉത്തരവാദികൾ.

# പ്രവേശിക

പരമ്പരാഗത - ചെറുകിട മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, വിശേഷിച്ച് വികസ്വരരാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്നവ, ഏറെക്കാലമായി കൈകാര്യം ചെയ്തുവരുന്ന സംഘടനയാണ് 'ഇൻറർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ്' (ഐ. സി. എസ്. എഫ്.). പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കുറിച്ചും അവരുടെ സംഘടനകളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നത് ഞങ്ങളുടെ പ്രവർത്തനങ്ങളിലൊന്നാണ്.

എന്നാൽ പെറുവിലെ ചെറുകിട മത്സ്യത്തൊഴിലാളിസംഘടനയായ Federacion de Integracion Y Unificacion de Pescadores (എഫ്. ഐ. യു. പി. എ. പി.) മറ്റ് രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടപ്പോൾ കൊടുക്കാൻ ഞങ്ങളുടെ പക്കൽ ഒന്നുമില്ലായിരുന്നു. വികസ്വര രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും ദുസ്സഹമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരാണ്. അവരുടെ ജീവിതത്തിൻെറ ഈ വശത്തെപ്പറ്റി, ഞങ്ങളുടെ അറിവിൽപെട്ടിടത്തോളം, പഠനങ്ങളൊന്നും ഉണ്ടായിട്ടില്ല. ഭാഗികമായി, ഈ വിടവ് നികത്താനാണ് ഈ പഠനം ഞങ്ങൾ ഏറ്റെടുത്തത്.

ഐ. സി. എസ്. എഫിൽ പലവട്ടം ചർച്ചകൾ നടന്നു. ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിനമേരിക്കയിലേയും ദരിദ്രരാജ്യങ്ങളിലെ ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നിലവിൽ വന്നിട്ടുള്ള സാമൂഹിക സുരക്ഷാപദ്ധതികളെക്കുറിച്ച് പഠിക്കാൻ തീരുമാനമായി. വാസ്തവത്തിൽ, ഞങ്ങൾ നടത്താനുദ്ദേശിക്കുന്ന ഇത്തരം പഠനപരമ്പരയിലെ ആദ്യത്തെ ലഘുലേഖയാണിത്. ആഫ്രിക്കയ്ക്കും ലാറ്റിനമേരിക്കയ്ക്കും വേണ്ടി ഇത്തരം പഠനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്.

കേരളത്തെ ആദ്യം തെരഞ്ഞെടുക്കാൻ കാരണങ്ങൾ പലതുണ്ട്. ഞങ്ങളുടെ അംഗങ്ങൾ കേരളത്തിലെ മത്സ്യത്തൊഴിലാളി സംഘടനകളുമായി നടത്തിയ ആശയവിനിമയത്തിൽനിന്ന്, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഗവൺമെൻറ് ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള സമ്മർദ്ദം മൂലമാണ് അധികം പദ്ധതികളും നിലവിൽവന്നതെന്നും, ആകയാൽ മറ്റ് രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ഇവിടെനിന്ന് പലതും പഠിക്കാനുണ്ടാവുമെന്നും ഞങ്ങൾക്ക് ബോധ്യമായി.

തിരുവനന്തപുരത്തെ സെൻറർ ഫോർ ഡെവലപ്പ്മെൻറ് സ്റ്റഡീസിലെ ഗവേഷണ വിദ്യാർത്ഥി യായ അൻേറാണിറ്റോ പോൾ ഞങ്ങളുടെ അഭ്യർത്ഥനപ്രകാരം ഈ പഠനം ഏറ്റെടുത്തു; അവിടെ അസ്സോസിയേറ്റ് ഫെല്ലോയായ ജോൺ കുര്യൻ അതിൻെറ മേൽനോട്ടം വഹിക്കാമെന്നും സമ്മതിച്ചു.

മറ്റ് രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും നയനിർമ്മാതാക്കൾക്കും ഈ പഠനം പ്രയോ ജനകരമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ജീവനും ഉപകരണങ്ങൾക്കും എപ്പോഴും അപകടസാധ്യതയുള്ള, പലപ്പോഴും തുച്ഛമായ വരുമാനം മാത്രം നൽകുന്ന, അതും ചില കാലങ്ങളിൽ മാത്രം വരുമാനം നൽകുന്ന, മത്സ്യബന്ധനംപോലൊരു ജീവിതവൃത്തിയിൽ ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ അഭിലഷണീയം മാത്രമല്ല, അനിവാര്യം കൂടിയാണ്.

●

## നാണയവിനിമയ നിരക്ക്

1998-ൽ അമേരിക്കൻ ഡോളറിൻെറ വിനിമയ നിരക്ക്, 43 രൂപയാണ്. 1964-നും 1998-നും ഇടയ്ക്ക് വിനിമയനിരക്ക് 4 രൂപ മുതൽ 43 രൂപ വരെ വ്യതാസപ്പെട്ടു. ഇതുകാ രണം, മുതൽമുടക്ക്, ഉല്പാദനം, ചെലവ് എന്നിവയുടെ അന്താരാഷ്ട്ര താരതമ്യം അർത്ഥപൂർണ്ണമായി നടത്താൻ പ്രയാസമാണ്.

# ആമുഖം

ജീവിതത്തിൻെറയും ഉപജീവനമാർഗ്ഗങ്ങളുടെയും സുരക്ഷിതത്വം വികസന ചർച്ചകളിൽ കേന്ദ്രപ്രമേയമായി വീണ്ടും ഉയർന്നുവന്നിരിക്കുന്നു. "വികസനത്തിലൂടെ സർവ്വർക്കും ക്ഷേമം" എന്ന മാന്ത്രിക സമവാക്യം വികസ്വരരാജ്യങ്ങളിൽ മിക്കയിടങ്ങളിലും ഫലിക്കാതായിരിക്കുന്നു. എല്ലാ പൗരന്മാർക്കും എങ്ങനെ മാന്യമായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്താം എന്നത് അനവധി വികസ്വര രാജ്യങ്ങളെ ഏറ്റവുമധികം അലട്ടുന്ന പ്രശ്നമാണ്. സാമൂഹിക സുരക്ഷിതത്വം എന്നാൽ താൽക്കാലികമായ സാമ്പത്തിക അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം എന്ന് മാത്രമല്ല അർത്ഥം; കാലാകാലങ്ങളായി നിലനിന്നുപോരുന്ന പട്ടിണിയും പരിഹരിക്കണം. പൊതുവായ വിഭവസഹായങ്ങൾ വഴി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്താൻ ദുർബ്ബല വിഭാഗങ്ങളെ സഹായിക്കുന്ന നടപടികളാണ് സാമൂഹികസുരക്ഷാ നടപടികളെന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ മത്സ്യബന്ധനരംഗത്ത് സാമൂഹിക സുരക്ഷാ സംവിധാനത്തിന് ഉണ്ടായിട്ടുള്ള പുരോഗതിയിലും, അതിൻെറ ഘടനയിൽ വന്നിട്ടുള്ള മാറ്റങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഈ പഠനം. മുമ്പ് വികസനപ്രക്രിയയിൽനിന്ന് മാറ്റിനിർത്തപ്പെട്ടിരുന്ന ഒരു ജനവിഭാഗത്തെ തിരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള മൂർത്തവും നിയതവുമായ ശ്രമങ്ങളിൽ ഒരു സമുദ്രതീരസംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും നേടിയ വിജയങ്ങളും എത്രയെന്ന് കണക്കാക്കുകയാണ് ഈ പഠനത്തിൻെറ മുഖ്യമായ ലക്ഷ്യം. പ്രബുദ്ധമായ ഗവൺമെൻറ് നയങ്ങളുടെ മാത്രം ഫലമല്ല ഈ രംഗത്തുണ്ടായ നേട്ടങ്ങളെന്നും, മത്സ്യത്തൊഴിലാളികൾ തന്നെ നടത്തിയ കൂട്ടായ പ്രവർത്തനങ്ങളുടെ കൂടി ഫലമാണതെന്നും ഈ പഠനം തെളിയിക്കുന്നു. പരിമിത വിഭവങ്ങൾ മാത്രം വച്ചുകൊണ്ട്, ഒരു വികസ്വര സംസ്ഥാനത്തിന് പട്ടിണിയുടെയും ഉപജീവനമാർഗ്ഗങ്ങളുടെയും അരക്ഷിതാവസ്ഥയുടെയും പ്രശ്നങ്ങളെ നേർക്കുനേർ എതിരിടുന്നതിനുള്ള പുതുമയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ എങ്ങനെ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിയുമെന്നും ഈ പഠനം വെളിവാക്കുന്നുണ്ട്. വാഗ്ദാനങ്ങൾ നിറവേറ്റാൻ ഗവൺമെൻറിനെ പ്രേരിപ്പിക്കാൻ സുസംഘടിതവും നീണ്ടുനിൽക്കുന്നതുമായ കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് മാത്രമേ കഴിയൂ എന്നും ഇത് നമ്മെ പഠിപ്പിക്കുന്നു.

ഈ ആമുഖത്തിന് പിമ്പേ വരുന്ന ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിൽ സാമൂഹിക സുരക്ഷിതത്വം എന്നാൽ എന്താണെന്നും, ജനങ്ങൾക്ക് സാമാന്യമായും മത്സ്യത്തൊഴിലാളികൾക്ക് സവിശേഷമായും അത് ആവശ്യമായി വരുന്നത് എന്തുകൊണ്ടാണെന്നും പ്രതിപാദിക്കുന്നു. കേരളത്തിലെ സമ്പദ്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ, മത്സ്യബന്ധനം എവിടെ നിൽക്കുന്നു

എന്നും, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം എന്താണെന്നുമുള്ള അന്വേഷണമാണ് മൂന്നാമത്തെയും നാലാമത്തെയും അദ്ധ്യായങ്ങളിൽ നടത്തുന്നത്. 1964-നും 1998-നും ഇടയ്ക്ക് കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ ആരംഭിച്ച സാമൂഹിക സുരക്ഷാ നടപടികളുടെ വളർച്ചയും, അതിൻെറ ഘടനയിൽ വന്ന മാറ്റങ്ങളും പ്രതിപാദിക്കുന്നതാണ് അഞ്ചാം അദ്ധ്യായം. മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായ കൂട്ടായ നടപടികൾ, ഗവൺമെൻറ് നടപ്പാക്കിയ സാമൂഹിക സുരക്ഷാപദ്ധതികളുടെ രൂപം നിർണ്ണയിക്കുന്നതിൽ എത്രത്തോളം നിർണ്ണായകമായിരുന്നു എന്നതാണ് ആറാം അദ്ധ്യായത്തിലെ പ്രതിപാദ്യം. ഏഴാം അദ്ധ്യായത്തിൽ സാമൂഹിക സുരക്ഷാ നടപടികളെക്കുറിച്ച് ഒരു വിലയിരുത്തലാണ് നടത്തിയിരിക്കുന്നത് - കാലം ചെന്നപ്പോൾ അവ സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ, കേരളത്തിലെ ഇതര തൊഴിലാളി സമൂഹങ്ങളിൽ ഉണ്ടാക്കിയ മാറ്റങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ടാണ് ഈ വിലയിരുത്തൽ നടത്തിയിരിക്കുന്നത്. അവസാനത്തെ അദ്ധ്യായത്തിൽ, പ്രധാനപ്പെട്ട സാമൂഹിക സുരക്ഷാ പരിപാടികൾ നടപ്പാക്കിയതിനുശേഷം മത്സ്യത്തൊഴിലാളി സമൂഹത്തിൽ വന്ന മാറ്റങ്ങൾ വിലയിരുത്താൻ ശ്രമിച്ചിരിക്കുന്നു. പരിപാടികൾ ഏറെ ഫലവത്താക്കുന്നതിനും, ഏറെ ആളുകളെ പരിപാടിയുടെ കീഴിൽ കൊണ്ടുവരുന്നതിനും, ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തൊക്കെയാണ് കൂടുതലായി ചെയ്യാവുന്നതെന്ന് വ്യക്തമാക്കാനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഈ പഠനത്തിൽ പൊന്തിവന്ന ചില പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുകയാണ് ഉപസംഹാരത്തിൽ.

●

## അദ്ധ്യായം ഒന്ന്

# സാമൂഹിക സുരക്ഷിതത്വം എന്ത്? എന്തിന്?

സാമൂഹികമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി, ദാരിദ്ര്യവും പട്ടിണിസാധ്യതയും ഇല്ലാതാക്കുകയോ കുറയ്ക്കുകയോ ചെയ്യുക; അങ്ങനെ ജീവിതവും ഉപജീവനമാർഗ്ഗവും കൂടുതൽ സുരക്ഷിതമാക്കുക — അപ്പോഴാണ് സാമൂഹിക സുരക്ഷിതത്വം കൈവരിച്ചു എന്ന് പറയുന്നത്. ഈ സാമൂഹികമാർഗ്ഗങ്ങളെ പൊതുനടപടികൾ എന്നും പറയാറുണ്ട്. ഗവൺമെൻറ്, സമൂഹം, കുടുംബം എന്നീ തലങ്ങളിൽ കൈക്കൊള്ളുന്ന നടപടികളെല്ലാം ഇതിൻെറ പരിധിയിൽ വരും. ഒരു കുടുംബത്തിനു വേണ്ടിയോ, ഒരു സമൂഹത്തിന് വേണ്ടിയോ മൊത്തത്തിൽ ഒരു ജനവിഭാഗത്തിന് വേണ്ടിയോ ഗവൺമെൻറ് ചെയ്യുന്ന കാര്യങ്ങളെ മാത്രമല്ല പൊതുനടപടികൾ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്; കുടുംബവും സമൂഹവും ചെയ്യുന്ന കാര്യങ്ങളും അതിൻെറ നിർവചനത്തിൽപെടും. (Dreze and Sen, 1991:28)

ഗവൺമെൻറ് ഖജനാവിൽനിന്ന് കുറെ പണം ദാരിദ്ര്യമനുഭവിക്കുന്ന ജനങ്ങൾക്ക് നൽകിയതുകൊണ്ട് സാമൂഹിക സുരക്ഷിതത്വം കൈവരിച്ചു എന്ന് പറയാനാവില്ല എന്ന് തുടക്കത്തിലേ വ്യക്തമാക്കേണ്ടിയിരിക്കുന്നു. കൂട്ടായ സംരക്ഷണത്തിനും പങ്കുവയ്ക്കലിനും ഉള്ള ധാർമ്മികമായ അർപ്പണബോധവും ഉത്തരവാദിത്വവും അതിൻെറ മർമ്മമാണ്. പ്രശ്നത്തിൻെറ സാമ്പത്തികവും സംഘടനാപരവും സാമൂഹിക - രാഷ്ട്രീയപരവുമായ വശങ്ങൾക്ക് നാം കൂടുതൽ ഊന്നൽ കൊടുക്കുമ്പോൾ ഈയൊരു മാനം വിസ്മൃതമാവുന്നു. അവസാന വിശകലനത്തിൽ, ശരിയായി ആസൂത്രണം ചെയ്ത് കെട്ടിപ്പടുത്ത സംവിധാനങ്ങളുടെ ഫലമായി ദാരിദ്ര്യവും അവശതയും ദൂരീകരിച്ചതുകൊണ്ട് മാത്രം ഒരു സമൂഹം സാമൂഹികമായി സുരക്ഷിതമാകുന്നില്ല. ഇതിന് പുറമെ, സകലജനങ്ങളുടെയും സന്തോഷവും പരസ്പര വിശ്വാസവും സ്നേഹവും ഉൾച്ചേർന്ന സമൂഹമാണ് സുരക്ഷിതത്വമുള്ള സമൂഹം.

സാമൂഹിക സുരക്ഷാ പരിപാടികൾക്ക്, അവ ഏതേത് പശ്ചാത്തലങ്ങളിലാണ് നടപ്പാക്കുന്നത് എന്നതിനെ ആശ്രയിച്ച് അർത്ഥവ്യത്യാസങ്ങൾ ഉണ്ടാവാം. വികസിത രാജ്യങ്ങളിൽ അത്യാഹിതങ്ങളുടെ ഫലമായി ഉണ്ടാകുന്ന ദാരിദ്ര്യത്തിൻെറ സൃഷ്ടിയാണ് സാമ്പത്തിക അരക്ഷിതാവസ്ഥ. തൊഴിലില്ലായ്മ, പ്രസവം, വാർദ്ധക്യം, രോഗം, അംഗവൈകല്യം എന്നിവമൂലം ഉപജീവനമാർഗ്ഗം തടസ്സപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്യുമ്പോഴാണ് അങ്ങനെ സംഭവിക്കുന്നത്. സാമൂഹിക ഇൻഷ്വറൻസ് പദ്ധതികളാണ് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സാമൂഹിക സുരക്ഷാ നടപടികളായി, അധികവും ഗവൺമെൻറ് ചുമതലയിൽ നടപ്പാക്കപ്പെടുന്നത്. വരുമാനം

നിലയ്ക്കുന്ന കാലത്തേയ്ക്ക് വേണ്ടി കരുതിവയ്ക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം. ഈ രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും സ്ഥിരമായി ശമ്പളം പറ്റുന്നവരായതു കൊണ്ട്, ഇൻഷ്വറൻസിലേക്ക് അടയ്ക്കാനുള്ള തുക ശമ്പളത്തിൽനിന്ന് പിടിക്കുകയോ നികുതിയായി ഈടാക്കുകയോ ഒക്കെ ചെയ്യാമെന്ന സൗകര്യമുണ്ട്. അങ്ങനെ, പദ്ധതി നടപ്പാക്കാനുള്ള ചെലവ് വളരെ ചുരുങ്ങുന്നു.

നേരെമറിച്ച്, വികസ്വര രാജ്യങ്ങളിലെ സാമ്പത്തിക അരക്ഷിതാവസ്ഥ പ്രധാനമായും വൻതോതിലുള്ള, വ്യാപകമായ, കാലാകാലമായി നിലനിന്നുപോരുന്ന ദാരിദ്ര്യത്തിൻെറ ഫലമാണ്. തൊഴിലെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്വന്തമായി എന്തെങ്കിലും പണി ചെയ്യുന്നവരോ, കൃഷിയിലും അനുബന്ധമേഖലകളിലും പണിയെടുക്കുന്നവരോ ആയിരിക്കും. അവരാകട്ടേ, അസംഘടിതരും. ഇത്തരം പരിതസ്ഥിതികളിൽ പട്ടിണി മാറ്റണമെങ്കിൽ വരുമാനം ഉയർത്തുകയും വരുമാനത്തിലെ അന്തരം കുറയ്ക്കുകയും വേണം. വ്യാപകമായ സാമൂഹിക സുരക്ഷാ പരിപാടികൾ ഫലപ്രദമാക്കുന്നതിൽ ഗവൺമെൻറിൻെറ പങ്കാളിത്തം പരിമിതമാണെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. പൊതുവെയുള്ള വിഭവദാരിദ്ര്യം, സാമൂഹിക സുരക്ഷിതത്വം പ്രദാനംചെയ്യുന്ന സ്ഥാപനങ്ങളുടെ കുറവ്, ഇത്തരം സംരക്ഷണങ്ങൾക്കുവേണ്ടി ജനങ്ങളുടെ ഭാഗത്തുനിന്ന് അവകാശങ്ങൾ പിടിച്ചുപറ്റാനുള്ള ശ്രമങ്ങളുടെ അഭാവം എന്നിവ മൂലമാണ് അങ്ങനെ സംഭവിക്കുന്നത്. "കാലാകാലമായി അനുഭവിച്ചുവരുന്ന ചൂഷണങ്ങളുടെ ഫലമായി ഉണ്ടാകുന്നതായാലും ശരി, താല്ക്കാലികമായി സംഭവിക്കുന്ന വിധിവൈപരീത്യത്തിൻെറ ഫലമായി ഉണ്ടാകുന്നതായാലും ശരി, താണ ജീവിതനിലവാരം സാമൂഹിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഉയർത്തുക" എന്നതാണ് ഈ രാജ്യങ്ങളിൽ സാമൂഹിക സുരക്ഷിതത്വത്തിന് വേണ്ടി ചെയ്യേണ്ടത്. (Burgess and Stern, 1991 : 45). ഇത് ഏറെ പ്രയാസകരമായ കാര്യമാണ്. വരുമാനം കൂടുന്നതിനും ഉയർന്ന വരുമാനം നിലനിർത്തുന്നതിനും വേണ്ടിയുള്ള സംയോജിത പരിപാടികളിലൂടെ മാത്രമേ ഇതു കഴിയൂ എന്നത് അവിതർക്കിതമാണ്.

മാമൂലനുസരിച്ചുള്ള സാമ്പത്തിക വികസന പ്രക്രിയയുടെ പരാജയമായിട്ടും വികസ്വരരാജ്യങ്ങളിലെ സാമൂഹികാരക്ഷിതാവസ്ഥയെ കാണാം. സാമ്പത്തികരംഗത്ത് പൊതുവെ വളർച്ച ഉണ്ടാവുന്നതോടുകൂടി ദാരിദ്ര്യവും പട്ടിണിയും താനേ നീങ്ങിക്കൊള്ളും എന്ന വിശ്വാസമാണ് ഇതിൻെറ അടിസ്ഥാനം. സാമ്പത്തിക വളർച്ച ഉണ്ടാകുമ്പോൾ വരുമാനം ഉയരും; ജനസംഖ്യാപരമായ മാറ്റങ്ങൾ വന്ന് ജനപ്പെരുപ്പം സാവധാനത്തിലാക്കും; വ്യവസായവൽക്കരണത്തിൻെറയും ആധുനികവൽക്കരണത്തിൻെറയും ഫലമായി കൂടുതൽ തൊഴിലാളികൾ സംഘടിത മേഖലയിലേക്ക് നീങ്ങും; ഈ പ്രക്രിയകളുടെയൊക്കെ അന്തിമഫലമാകട്ടെ കൂടുതൽ സുരക്ഷിതത്വമായിരിക്കും — ഇങ്ങനെയൊക്കെയാണ് വിശ്വസിച്ചുപോന്നിരുന്നത്. 'വളർച്ചയിലൂടെ ഉറപ്പാക്കുന്ന സുരക്ഷിതത്വം' (growth - mediated security) എന്നാണ് ഈ തന്ത്രം അറിയപ്പെട്ടിരുന്നത്. (Dreze and Sen, 1991 : 22). ആസൂത്രിത സാമ്പത്തിക വികസനത്തിൻെറയും വിപണിയുടെ വളർച്ചയുടെയും അനേകം പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈ പ്രതീക്ഷകളൊന്നും പൂവണിയുന്നില്ല എന്നു കണ്ടപ്പോഴാണ് ജനങ്ങൾ ചിന്തിക്കാൻ പ്രേരിതരായത്. അപ്പോൾ തങ്ങളുടെ താണ ജീവിതനിലവാരത്തെപ്പറ്റി മാത്രമല്ല, സാമൂഹിക സുരക്ഷിതത്വം തങ്ങളുടെ മൗലികാവകാശമാ

ണെന്ന കാര്യത്തെക്കുറിച്ചും അവർ കൂടുതൽ ബോധമുള്ളവരായി. അങ്ങനെയാണ് ജീവിതവും ജീവിതമാർഗ്ഗവും സുരക്ഷിതമാക്കാനുള്ള പ്രത്യക്ഷമായ സാമൂഹിക നടപടികളെക്കുറിച്ച് ചിന്തിക്കാൻ വികസ്വരരാജ്യങ്ങളിലെ ഗവൺമെൻറുകൾ പ്രേരിതരായത്. 'സഹായത്തിലൂടെയുള്ള സുരക്ഷിതത്വം' എന്ന് ഇത്തരം നടപടികളെ ഡ്രെസും സെന്നും (മേൽ പരാമർശിച്ച പുസ്തകം) വിളിക്കുന്നു.

കേവലം വളർച്ചയിലൂടെ എല്ലാവർക്കും സുരക്ഷിതത്വം ലഭിക്കുന്നില്ല എന്നതുകൊണ്ടാണ് സാമൂഹിക സുരക്ഷാ പരിപാടികൾ ആവശ്യമായി വരുന്നത്. ലോകമാസകലം പട്ടിണി തുടർന്ന് നിലനിൽക്കുകയാണ്. ഉയർന്നതോതിൽ വ്യവസായവൽക്കരണം നടന്ന രാജ്യങ്ങളിൽ ഒഴികെ മറ്റെല്ലായിടങ്ങളിലും ഉയർന്ന ശിശുമരണനിരക്കും താണ പ്രതീക്ഷിത ആയുർദൈർഘ്യവും ഇന്നും യാഥാർത്ഥ്യങ്ങളാണ്. ജീവിതസാഹചര്യങ്ങളുടെ ദൗർബ്ബല്യവും അരക്ഷിതത്വവും മനുഷ്യരാശിയുടെ മൂന്നിലൊന്നിനെ ഗ്രസിച്ചിരിക്കുന്നു എന്നത് ക്രൂരമായൊരു വസ്തുതയായി ഇന്നും അവശേഷിക്കുന്നു. ഇതിൻെറ ഫലമായി, പലരും പൊടുന്നനെ ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുന്നു; അങ്ങനെ സംഭവിക്കുമെന്ന ഭീതിയുടെ നിഴലിലാണ് മറ്റ് ധാരാളം മനുഷ്യജീവിതം തള്ളിനീക്കുന്നത്. സാമ്പത്തിക വളർച്ചയും, അതിൻെറ ഫലമായി ഒരു വിഭാഗം ജനങ്ങൾക്ക് മാത്രം കരഗതമാവുന്ന ആഡംബരജീവിതവും ഈ പ്രശ്നങ്ങൾക്ക് മതിയായ പരിഹാരമല്ലെന്ന് സംശയരഹിതമായി തെളിഞ്ഞിട്ടുണ്ട്. പല വികസിത രാജ്യങ്ങളിലെയും അനുഭവവും ഇതു തന്നെ. ഈ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച ഡ്രെസ്, സെൻ എന്നിവരുടെ നിഗമനം ഇതാണ്. "ജീവിതനിലവാരങ്ങൾ ഉയർത്തുന്നതിനോ സംരക്ഷിക്കുന്നതിനോ സാമ്പത്തിക വളർച്ചയെ മാത്രം ആശ്രയിച്ചാൽ മതിയാവുകയില്ല. സഞ്ചിതമായ വികാസത്തിന് ജീവിതനിലവാരങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നേരിടുന്ന പരിമിതികളെ ശരിക്ക് മനസ്സിലാക്കിക്കൊണ്ടു വേണം സാമൂഹികസുരക്ഷിതത്വത്തിന് വേണ്ടിയുള്ള പൊതുനടപടികളുടെ തന്ത്രം ആവിഷ്കരിക്കാൻ." (Dreze and Sen, 1991 : 14).

ഏത് തരത്തിലുള്ള സമ്പദ്‌വ്യവസ്ഥയിലും സാമൂഹികസുരക്ഷാ നടപടികൾ അനിവാര്യമാണെന്ന് അംഗീകരിച്ചിരിക്കെ, വിപുലമായ അർത്ഥത്തിൽ രണ്ട് വിഭാഗങ്ങളായി ഇതിനെ തിരിക്കാം. സംരക്ഷണപരമെന്നും പ്രോത്സാഹനപരമെന്നും (Dreze and Sen, 1993 : 16). ജീവിതനിലവാരത്തകർച്ച ഉണ്ടാവാതെ നോക്കുക എന്ന ഹ്രസ്വകാലലക്ഷ്യമേ ആദ്യത്തേതിനുള്ളു. വ്യക്തികളുടെയും സമൂഹത്തിൻെറയും അടിസ്ഥാനപരമായ ശേഷി വളർത്തുന്നതിലൂടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരിക എന്ന ദീർഘകാലലക്ഷ്യമാണ് രണ്ടാമത്തേതിനുള്ളത്.

●

## അദ്ധ്യായം രണ്ട്

# മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം

വികസ്വരരാജ്യങ്ങളിലെ ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം അപായകരമായ ഞാണിൻമേൽ കളിയാണ്. ഒരു കൂട്ടുസംരംഭത്തിൽ തനിക്ക് കിട്ടുന്ന പങ്കാണ് മത്സ്യത്തൊഴിലാളിയുടെ വരുമാനം. അയാളുടെ അദ്ധ്വാനത്തിൻെറ വിലയും, വള്ളവും വലയും മറ്റും വാങ്ങാൻ മുതലിറക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള ലാഭവിഹിതവും ചേർന്നതാണത്. കടലിൽ നിന്നുള്ള വിളവെടുപ്പ് എപ്പോഴാണ് കൂടുകയും കുറയുകയും ചെയ്കയെന്ന് പറയാൻ വയ്യ. അതുപോലെതന്നെ ആദ്യവില്പനയിൽ എന്ത് വില കിട്ടുമെന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ല. ഇക്കാരണങ്ങളാൽ, മത്സ്യത്തൊഴിലാളികളുടെ ദിനസരി വേതനം എപ്പോഴും അനിശ്ചിതമായിരിക്കും. ചിലപ്പോൾ അന്നത്തെ ഭക്ഷണത്തിനുപോലും തികഞ്ഞെന്ന് വരികയില്ല. ഭാഗ്യം കടാക്ഷിക്കുന്ന അപൂർവ്വസന്ദർഭങ്ങളിൽ ന്യായമായ അല്പിഷ്ഠാവേതനത്തെ അപേക്ഷിച്ച് വളരെ കൂടുതലായിരിക്കും കിട്ടുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും, ശരാശരി വരുമാനം വളരെ താണതാകാം; ജീവിതനിലവാരം വളരെ ശോചനീയമാകാം.

മുകളിൽ പറഞ്ഞ വസ്തുനിഷ്ഠ സാഹചര്യങ്ങളാണ് അയൽക്കൂട്ടങ്ങളേയും സമൂഹങ്ങളേയും വരുമാനവ്യാപനത്തിനും കൈമാറ്റത്തിനും ഇൻഷ്വറൻസിനും പുനർവിതരണത്തിനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ പ്രേരിപ്പിച്ചത് എന്ന് ന്യായമായും അനുമാനിക്കാം. ഇവയെ പരമ്പരാഗത സാമൂഹികസുരക്ഷാ നടപടികളായി കണക്കാക്കാം. (Firth, 1966; Platteau and Abraham, 1987; Amarasinghe, 1989; Kurien and Vijayan, 1995). നല്ല കൊയ്ത്തു കിട്ടുന്ന ഒരു ദിവസം ഒരു മത്സ്യത്തൊഴിലാളി ഒരു സുഹൃത്തിന് കുറെ പണം കടം കൊടുക്കുന്നു എന്നിരിക്കട്ടെ. ഇന്നത്തെ ഔദാര്യത്തിന് നാളെ ഒരു വിഷമസന്ധിയിൽ തനിക്ക് പ്രതിഫലം കിട്ടും എന്ന സ്വാർത്ഥംകൊണ്ട് വ്യക്തികളോ കുടുംബങ്ങളോ ചെയ്യുന്നതാണ് ഇത്തരം സ്വകാര്യ കൈമാറ്റങ്ങൾ. ചില സ്ഥലങ്ങളിൽ വിധവകൾക്കും വികലാംഗർക്കും, കിട്ടുന്ന മീനിൻെറ പങ്ക് കൊടുക്കുന്ന പതിവുണ്ട് (Kurien 2000). ഇത്തരം കൈമാറ്റങ്ങൾ ഇടുങ്ങിയ സ്വാർത്ഥതാല്പര്യങ്ങളുടെ വേലിക്കെട്ടുകൾക്ക് അപ്പുറത്തുള്ളവയാണ്. സമൂഹത്തിൻെറ മൊത്തം വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട്, തീരക്കടലിൽ പാര് കെട്ടുകയും മറ്റും ചെയ്യുമ്പോൾ അത് ബോധപൂർവ്വം നടപ്പാക്കുന്ന സാമൂഹികസുരക്ഷാ പരിപാടിയാണ്. ഇത്തരം സംവിധാനങ്ങൾ മൂലം വാർദ്ധ്യകൃത്തിലെത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടലിൽ പോകാതെതന്നെ മീൻ പിടിക്കാൻ കഴിയുന്നു. അങ്ങനെ അതൊരു "ജീവിക്കുന്ന പെൻഷൻ ഫണ്ട്" ആയി മാറുന്നു

(Kurien 2000 അതേ പുസ്തകം). പരസ്പരപരിരക്ഷയ്ക്കും സഹകരണത്തിനുംവേണ്ടി, ധാർമ്മികബോധ പ്രചോദിതമായി ആരംഭിച്ച പരിപാടികൾക്ക് ഉദാഹരണമാണിത്. 'യുക്തി പൂർവമായ തെരഞ്ഞെടുപ്പ്' എന്ന ആശയം ഇടുങ്ങിയ സ്വാർത്ഥതാല്പര്യത്തെ മാത്രം മുൻനിർത്തുന്നതായിരിക്കണമെന്നില്ല, എന്നും, പ്രത്യുത, അനുകമ്പയും അർപ്പണബോധവും കൂടി അതിൻെറ പരിധിയിൽപ്പെടും എന്നുമുള്ള സെന്നിൻെറ വാദം ഇവിടെ ഓർക്കുന്നത് കൊള്ളാം (Sen. 1990 : 270). അനുകമ്പയുടെയും അർപ്പണബോധത്തിൻെറയും ഉൾപ്പെടുത്തൽ യുക്തി പൂർവ്വമായ ഇച്ഛാശക്തിയുടെ നിരാകരണമാകണമെന്നില്ല.

മത്സ്യവ്യവസായരംഗത്ത് അടുത്തകാലത്ത് ഉണ്ടായിട്ടുള്ള വികസനം ഉയർന്ന തോതിലുള്ള വാണിജ്യവൽക്കരണത്തിലേക്ക് നയിച്ചിട്ടുണ്ട്. മത്സ്യത്തിൻെറയും മത്സ്യോല്പന്നങ്ങളുടെയും കയറ്റുമതിക്ക് നൽകുന്ന ഊന്നലാണ് ഇതിനുള്ള ഏറ്റവും ശക്തമായ പ്രചോദനം. മൊത്തം കിട്ടുന്ന മത്സ്യത്തിൽ നിന്ന് സമൂഹത്തിന് വെളിയിൽ വില്ക്കപ്പെടുന്ന മത്സ്യത്തിൻെറ അനുപാതം അതിവേഗം ഉയരുകയുണ്ടായി. വികസിക്കുന്ന വിപണി നൽകുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ആവശ്യമായ പുതിയ സാങ്കേതികവിദ്യകൾക്കും നിക്ഷേപങ്ങൾക്കും മുതലിറക്കാൻ ഈ പുതിയ വരുമാനം ആവശ്യമായിരുന്നു. താണ സാമ്പത്തിക നിലവാരമുള്ള ഈ സമൂഹങ്ങളുടെ മുഖമുദ്രയായിരുന്ന പരസ്പരസംരക്ഷണവും പങ്കുവയ്ക്കലും ഇതോടെ തകർന്നു. സമൂഹം ഊട്ടിവളർത്തിയ സാമൂഹിക സുരക്ഷാസംവിധാനങ്ങൾ പലതും വാണിജ്യവൽക്കരണത്തിൻെറ ഇരകളായി. ഭൂരിപക്ഷം വികസ്വരരാജ്യങ്ങളിലും ആധുനിക സാമൂഹികസുരക്ഷാ സംവിധാനങ്ങൾ നിലവിൽ വന്നിട്ടുമില്ല. തൽഫലമായി, വമ്പിച്ച മത്സ്യസമ്പത്ത് ഗവൺമെൻറ് ഖജനാവിന് ഭീമമായ തുകകൾ വിദേശനാണ്യമായി നേടിക്കൊടുക്കുമ്പോൾ, ഈ സമ്പത്ത് ഉണ്ടാക്കാൻ പാടുപെടുന്ന മത്സ്യത്തൊഴിലാളികൾ പട്ടിണിയിലും പരിവട്ടത്തിലും കഴിയുക എന്ന വൈരുദ്ധ്യമാണ് മിക്ക വികസ്വരരാജ്യങ്ങളിലും നിലനിൽക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പൊതുനടപടികൾ ആവശ്യമാണെന്ന നിഗമനത്തിലേക്കാണ് ഈ സ്ഥിതിവിശേഷം നമ്മെ നയിക്കുന്നത്. മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് സഹായത്തിലൂടെയുള്ള സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അനുയോജ്യവും ചെലവ് കുറഞ്ഞതുമായ കൈമാറ്റസംവിധാനങ്ങൾ എങ്ങനെ രൂപകല്പന ചെയ്യാം എന്നതാണ് പ്രധാന ചോദ്യം. ചില രാജ്യങ്ങളെ സംബന്ധിച്ച്, പുതിയ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ വേണമെന്ന ആവശ്യം ഉയർന്നുവരാനുള്ള ചരിത്രപരമായ കാരണങ്ങൾ മനസ്സിലാക്കാൻ അവിടങ്ങളിൽ നിലവിലുള്ള വസ്തുനിഷ്ഠവും കർത്തൃനിഷ്ഠവുമായ സാഹചര്യങ്ങൾ മനസ്സിലാക്കേണ്ടതാവശ്യമാണ്.

കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കുന്ന സാമൂഹിക സുരക്ഷാ പരിപാടികളിലാണ് ഈ പഠനം ശ്രദ്ധയൂന്നുന്നത്. ഗവൺമെൻറ് നടപ്പാക്കിയ പരിപാടികളെക്കുറിച്ചും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചും ഇതിൽ വിശദമായി പരിശോധിക്കുന്നുണ്ട്; ഒപ്പം, സാമൂഹിക സുരക്ഷാ സംവിധാനങ്ങളിൽ അളവിലും ഗുണത്തിലും മാറ്റങ്ങൾ കൊണ്ടുവന്ന, മത്സ്യത്തൊഴിലാളി സമൂഹത്തിൻെറ ഭാഗത്തുനിന്നുണ്ടായ പൊതുനടപടികളുടെ പരിണാമവും സ്വഭാവവും. വികസ്വരരാജ്യങ്ങളുടെ പ്രകരണത്തിൽ പൊതുനടപടികളുടെ സാദ്ധ്യതകളും പരിമിതികളുമെന്തൊക്കെയാണെന്നും ഈ പാഠനം ഉദാഹരിക്കുന്നു.

●

## അദ്ധ്യായം മൂന്ന്

# മത്സ്യബന്ധന മേഖല കേരളത്തിൻെറ സമ്പദ്‌വ്യവസ്ഥയിൽ

ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് അറബിക്കടലിന് അതിരിട്ടു കിടക്കുന്ന സമുദ്രതീരസംസ്ഥാനമാണ് കേരളം. യൂറോപ്പിലെയും ആഫ്രിക്കയിലെയും ഏഷ്യയിലെയും അനവധി രാജ്യങ്ങളുമായി ഇന്ത്യയുടെ ഈ പ്രദേശത്തിന് പുരാതനകാലം മുതൽക്കേ പലവിധത്തിലുള്ള സാമ്പത്തിക-സാംസ്കാരിക ബന്ധങ്ങൾ ഉണ്ടായിരുന്നു. മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന കേരളീയർ ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ലോകത്തിലെ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെ 1957-ൽ അധികാരത്തിലേറ്റിയപ്പോൾ ഈ സംസ്ഥാനം അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റി. ഇന്ത്യയുടെ ജനസംഖ്യയുടെ മൂന്ന് ശതമാനത്തെ മാത്രം ഉൾക്കൊള്ളുന്ന ഈ ചെറിയ സംസ്ഥാനം ജനങ്ങളുടെ നന്മയെ ലാക്കാക്കിയുള്ള വമ്പിച്ച സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങളുടെയും കാര്യത്തിൽ എന്നും മുൻപന്തിയിലായിരുന്നു. നല്ല വളക്കൂറുള്ള മണ്ണുകൊണ്ട് അനുഗൃഹീതമായ ഈ സംസ്ഥാനം ചരിത്രാരംഭകാലംതൊട്ടേ കയറ്റുമതിക്കുള്ള നാണ്യവിളകളെ അമിതമായാശ്രയിച്ചിരുന്നു. വ്യവസായങ്ങൾ തീരെ കുറവായിരുന്നു. ഈ വിടവ് നികത്തുന്നതിനുവേണ്ടി, കച്ചവടത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാമുഖ്യമുള്ള സേവനമേഖലകൾ വികസിച്ചു. കേരളത്തിന് 600 കിലോമീറ്റർ കടൽത്തീരമുണ്ട് — ഇന്ത്യയുടെ മൊത്തം കടൽത്തീരത്തിൻെറ 10 ശതമാനം. കേരളത്തിൻെറ തീരക്കടൽ ഇന്ത്യയിൽ വച്ചേറ്റവും ഉല്പാദനക്ഷമത കൂടിയതാണെന്ന കാര്യം എല്ലാവരും അംഗീകരിക്കുന്നു. കേരളത്തിൻെറ തീരപ്രദേശത്ത് സമുദ്രമത്സ്യബന്ധനം ഉപജീവനമാർഗ്ഗമായിരിക്കുന്നവരുടെ ജനസാന്ദ്രത വളരെ ഉയർന്നിരിക്കുന്നതിൻെറ കാരണം ഈ അത്യുല്പാദന ശേഷിയാണ്. ഇപ്പോൾ കേരളത്തിൽ 1,70,000-ൽ അധികം മത്സ്യത്തൊഴിലാളികളുണ്ട്. ഇന്ത്യയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ അഞ്ചിലൊന്ന് ഇവിടെയാണുള്ളത്. കേരളീയർ പൊതുവെ മത്സ്യം ധാരാളമായി ഉപയോഗിക്കുന്നവരുമാണ്.

അതുകൊണ്ട്, മീനിനും മീൻപിടുത്തത്തിനും കേരളത്തിൻെറ സാമൂഹിക-സാംസ്കാരിക ഭൂമികയിൽ അതിനിർണ്ണായകമായ സ്ഥാനമുണ്ട്. കേരളത്തിലെ സമ്പദ്ഘടനയുടെ മറ്റ് പരമ്പരാഗത മേഖലകളെ അപേക്ഷിച്ച്, സംഘടിത തൊഴിലാളി വർഗ്ഗത്തിൻെറ എതിർപ്പ് വളരെയൊന്നും നേരിടാതെ ആധുനികവൽക്കരണം സാധിച്ച ഒന്നായിരുന്നു സമുദ്രമത്സ്യബന്ധനമേഖല. ഉല്പാദനം വർദ്ധിപ്പിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടുകൂടി, പുതിയ മത്സ്യബന്ധനരീതി

കളും മത്സ്യസംസ്ക്കരണരീതികളും നടപ്പാക്കപ്പെട്ടു. നിക്ഷേപസഹായങ്ങളും വികസനത്തിന് ഉതകുന്ന മറ്റു തരത്തിലുള്ള സഹായങ്ങളും ഈ മേഖലയ്ക്കു നൽകപ്പെട്ടു. ഈ മേഖലയുടെ കയറ്റുമതി പ്രാധാന്യത്തിന് ഊന്നൽ നൽകപ്പെട്ടു. അതിനെ കയറ്റുമതി ആഭിമുഖ്യമുള്ളതാക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു. ഇതെല്ലാം തന്നെ മത്സ്യത്തൊഴിലാളി സമൂഹത്തിൻെറ വരുമാനവും, തദ്വാരാ ജീവിതനിലവാരവും ഉയർത്തുമെന്നായിരുന്നു പ്രതീക്ഷ. 1970-ൽ ഉല്പാദനമൂല്യം 25.20 കോടി രൂപയായിരുന്നത്, 1995-ൽ 751.40 കോടി രൂപയായി ഉയർന്നു എന്ന് ലഭ്യമായിട്ടുള്ള കണക്കുകൾ പറയുന്നു. 1985 വരെ വളർച്ച താരതമ്യേന സാവകാശമായിരുന്നു. ഈ കാലഘട്ടത്തിൽ ഉല്പാദനമൂല്യം ഏകദേശം 250 ശതമാനം (രണ്ടരയിരട്ടി) വർദ്ധിച്ചു. 1985-നും 1995-നും ഇടയ്ക്ക്, ഉല്പാദനത്തിലും വിലനിലവാരത്തിലും ഉണ്ടായ കുതിച്ചുകയറ്റത്തിൻെറ ഫലമായി ഇത് ഏഴിരട്ടിയിലധികം ഉയർന്നു. (പട്ടിക 1 കാണുക).

പട്ടിക ഒന്ന്

### കേരള സംസ്ഥാനത്ത് പിടിച്ച മീനിൻെറ തൂക്കവും വിലനിലവാരവും മൂല്യവും

| വർഷം | പിടിച്ച മത്സ്യം (മെട്രിക് ടൺ) | വിലനിലവാരം (രൂപ/മെട്രിക് ടൺ) | മൊത്തം പിടിച്ച മീനിൻെറ മൂല്യം (കോടി രൂപ) |
|---|---|---|---|
| 1970 | 3,92,000 | 642 | 25.20 |
| 1975 | 4,20,000 | 1,761 | 74.10 |
| 1980 | 2,79,500 | 2,971 | 83.70 |
| 1985 | 3,26,000 | 2,780 | 90.60 |
| 1990 | 6,62,900 | 7,980 | 528.90 |
| 1995 | 5,32,000 | 14,120 | 751.40 |

*(അവലംബം : 1975, 1981, 1996 വർഷങ്ങളിൽ കേരളാ ഗവൺമെൻറ് നൽകിയ സ്ഥിതിവിവരക്കണക്കുകളിൽനിന്ന് കണക്കാക്കിയത്.)*

മത്സ്യബന്ധന മേഖലയുടെ ഉല്പാദനവും സംസ്ഥാനത്തിൻെറ ആഭ്യന്തര ഉല്പാദനവും (എസ്. ഡി. പി.) തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ, 1970-85 കാലഘട്ടത്തിൽ മത്സ്യബന്ധനമേഖലയുടെ ഉല്പാദനം മോശമായിരുന്നുവെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാവും. 1970-71 മുതൽ 1985-86 വരെയുള്ള കാലഘട്ടത്തിൽ അറ്റ സംസ്ഥാന ആഭ്യന്തര ഉല്പാദനം ഏകദേശം 350 ശതമാനം വർദ്ധിച്ചപ്പോൾ, മത്സ്യബന്ധനമേഖലയുടെ ഉല്പാദനം 260 ശതമാനം മാത്രമേ വർദ്ധിച്ചിരുന്നുള്ളു. സംസ്ഥാനത്തിൻെറ പ്രതിശീർഷ ആഭ്യന്തര ഉല്പാദനവും മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ ഉല്പാദനവും തമ്മിലുള്ള അന്തരം 1970-നും 1985-നും ഇടയ്ക്ക് 15 ശതമാനത്തിൽനിന്ന് 49 ശതമാനമായി ഉയർന്നുവെന്ന് പറഞ്ഞാൽ മത്സ്യ

ബന്ധനമേഖലയിൽ ഈ അവസ്ഥാവിശേഷം എത്ര കനത്ത ആഘാതമാണ് ഉണ്ടാക്കിയതെന്ന് മനസ്സിലാക്കാം. (പട്ടിക 2).

ഇതിന് ഒരു കാരണം മത്സ്യത്തൊഴിലാളികളുടെ ഇടയിലെ ജനപ്പെരുപ്പത്തിൻെറ നിരക്ക് (2.3 ശതമാനം) കേരളത്തിൽ മൊത്തത്തിൽ ഉണ്ടായ ജനപ്പെരുപ്പത്തിൻെറ നിരക്കിനേക്കാൾ (1.7 ശതമാനം) വളരെ ഉയർന്നതായിരുന്നു എന്നതാണ്. നേരത്തെ കണ്ടതുപോലെ (പട്ടിക 1), 1970-നും 1985-നും ഇടയ്ക്ക് മത്സ്യബന്ധനമേഖലയുടെ ഉല്പാദനം ഗണ്യമായി വർദ്ധിച്ചില്ല എന്നതും തുല്യപ്രാധാന്യമുള്ള കാരണമാണ്. എന്തായാലും 1985-ന് ശേഷം ഈ സ്ഥിതിവിശേഷം സാരമായി മെച്ചപ്പെട്ടു. സംസ്ഥാനത്തിൻെറ പ്രതിശീർഷ ആഭ്യന്തര ഉല്പാദനവും മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ ഉല്പാദനവും തമ്മിലുള്ള അന്തരം വളരെ ചെറുതായി. മീൻപിടുത്തത്തിൽ ഉണ്ടായ വർദ്ധനവും, മത്സ്യമേഖലയിലെ സാങ്കേതികവിദ്യ, വായ്പാസംവിധാനങ്ങൾ, സാമൂഹികസുരക്ഷിതത്വം എന്നിവയെ സംബന്ധിച്ച ഗവൺമെൻറ് നയങ്ങളിൽ ഉണ്ടായ മാറ്റങ്ങളുമാണ് ഇതിന് സഹായകമായത്. ഈ കാലഘട്ടത്തിൽ പുതുതായി രൂപീകൃതമായ മത്സ്യത്തൊഴിലാളി സംഘടനകളുടെ പ്രവർത്തനമാണ് നയംമാറ്റത്തിന് വഴിവച്ചത്. ആറാം അദ്ധ്യായത്തിൽ ഈ സംഗതി നമുക്ക് കൂടുതൽ വിശദമായി പരിഗണിക്കാം.

പട്ടിക 2

**സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനവും മത്സ്യബന്ധനമേഖലയിലെ ഉല്പാദനവും (ഇപ്പോഴത്തെ വിലയ്ക്ക്)**

| | 1970 | 1980 | 1985 | 1990 | 1995 |
|---|---|---|---|---|---|
| സംസ്ഥാനത്തെ അറ്റ ആഭ്യന്തര ഉല്പാദനം (കോടി രൂപ) | 1,255 | 3,823 | 5,637 | 12,174 | 22,024 |
| മത്സ്യബന്ധനമേഖലയിലെ ഉല്പാദനം (കോടി രൂപ) | 25.7 | 77.4 | 93.2 | 371.9 | 628.6 |
| സംസ്ഥാനത്തെ പ്രതിശീർഷ ആഭ്യന്തര ഉല്പാദനം (രൂപ) | 595 | 1,510 | 2,076 | 4,200 | 7,200 |
| മത്സ്യബന്ധനമേഖലയിലെ പ്രതിശീർഷ ഉല്പാദനം (രൂപ) | 504 | 972 | 1,062 | 3,800 | 6,334 |
| ശതമാനത്തിലെ അന്തരം | 15 | 36 | 49 | 10 | 12 |

*(അവലംബം : കേരള ഗവൺമെൻറ് - 1986, 1996)*

## അദ്ധ്യായം നാല്

# മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം

പൂർവ്വകാലചരിത്രത്തിന്റെ തുടർച്ചയെന്ന നിലയിലും, 1957-ൽ ഉണ്ടായ വിപ്ലവകരമായ മാറ്റങ്ങളുടെ ഫലമായും, പട്ടിണിയകറ്റുന്നതിനും പൗരന്മാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരളസംസ്ഥാനം കൈക്കൊണ്ടിട്ടുള്ള ഉദ്ബുദ്ധമായ പൊതുനടപടികൾ ലോകത്തിന്റെ അംഗീകാരം നേടിയിട്ടുള്ളതാണ്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും മേഖലകളിലായിരുന്നു കേരളം പ്രധാന നേട്ടങ്ങൾ കൈവരിച്ചത്. ജനങ്ങൾക്കെല്ലാം സൗജന്യവിദ്യാഭ്യാസവും സൗജന്യ വൈദ്യസഹായവും ലഭ്യമാക്കിയതുകൊണ്ട് സാക്ഷരതാനിലവാരവും ആരോഗ്യനിലവാരവും ഉയർന്നു. മൊത്തം ജനങ്ങൾക്കും ഗുണകരമായ വിധത്തിൽ അവശ്യവസ്തുക്കളും ഇന്ധനങ്ങളും സൗജന്യനിരക്കിൽ ലഭ്യമാക്കിയ ഇന്ത്യയിലെ ഏക പൊതുവിതരണ സംവിധാനവും ആരോഗ്യനില ഉയർത്തുവാൻ സഹായകമായി. അന്താരാഷ്ട്ര വികസന പരിപ്രേക്ഷ്യത്തിൽ നോക്കുമ്പോൾ, പ്രതിശീർഷവരുമാനം കുറവായിട്ടും, കേരളം കൈവരിച്ച സാമൂഹിക പുരോഗതി ചൈന, കോസ്റ്ററിക്കാ, ക്യൂബ മുതലായ രാജ്യങ്ങളുടേതിനോട് കിടപിടിക്കുന്നതോ അതിനേക്കാൾ മെച്ചപ്പെട്ടതോ ആണ്. (Dreze and sen, 1993; Ghai 1997; Kannan, 1999). പക്ഷേ, മൊത്തം ജനതതിയുടെ സാമൂഹികവികസനത്തിന്റെ സൂചകങ്ങളുടെ 'കേന്ദ്രപ്രവണതകൾ' പരിഗണിക്കുമ്പോൾ മാത്രമേ ഈ നേട്ടങ്ങൾ തെളിഞ്ഞു കാണുകയുള്ളു എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. (Kurien, 1995). ബഹിർഭാഗസ്ഥങ്ങളായ ചില സമൂഹങ്ങളുടെ ശോചനീയാവസ്ഥയെ അവ മറച്ചുവയ്ക്കുന്നു. ഈ വൈരുദ്ധ്യത്തിന്റെ ഏറ്റവും മുഴച്ചുനിൽക്കുന്ന ഒരുദാഹരണമാണ് കേരളത്തിലെ സമുദ്രമത്സ്യത്തൊഴിലാളികളുടേത്.

കേരളത്തിലെ മത്സ്യബന്ധനമേഖലയിൽ ആധുനിക വികസനം എന്ന് വ്യവഹരിക്കപ്പെടുന്ന സംഭവം നടപ്പായിട്ടും, കേരളം മൊത്തത്തിൽ വളരെ വികസനം നേടിയിട്ടും, മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ കടുത്ത പട്ടിണി ഇന്നും നിലനിൽക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് യാതൊരു വികസനവുമില്ലാതെ മത്സ്യവ്യവസായം വികസിച്ച് പുഷ്കലമായതിന്റെ ഉത്തമോദാഹരണമാണിത് — വികസ്വരരാജ്യങ്ങളിൽ കൂടുതൽ കൂടുതലായി കണ്ടുവരുന്ന സ്ഥിതിവിശേഷമാണിത്. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ പട്ടിണി തുടർന്ന് നിലനിൽക്കാൻ കാരണമായ മറ്റ് ചില ഘടകങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ, അവ ആധുനികവത്ക്കരണത്തിലൂടെയുള്ള വികസനത്തിലെ വൈരുദ്ധ്യങ്ങൾ വീണ്ടും വർദ്ധിപ്പിക്കുന്നത് കാണാം. സംസ്ഥാ

നത്തെ മറ്റു ജനസമൂഹങ്ങൾ ആർജ്ജിച്ച സാമൂഹികനിലവാരം കൈയ്യെത്തിപ്പിടിക്കാൻ വേണ്ട 'കഴിവുകൾ' നേടാൻ മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് കഴിയാതെപോയതിന് കാരണം ഈ ഘടകങ്ങളാണ്. പില്ക്കാലത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹികസുരക്ഷാ നടപടികൾക്ക് ലക്ഷ്യീഭവിച്ച, ഇത്തരത്തിലുള്ള മൂന്ന് ഘടകങ്ങൾ നമുക്കിവിടെ പരിശോധിക്കാം.

## ആവാസവ്യവസ്ഥയും കിടപ്പാടങ്ങളും

കേരളത്തിന്റെ നീണ്ടുകിടക്കുന്ന കടൽത്തീരത്ത്, ഇത്തിരിമാത്രം വീതിയുള്ള വിളുമ്പിൽ തിങ്ങിക്കൂടി താമസിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ ആവാസവ്യവസ്ഥയുടെ സ്ഥിതി ദയനീയമാവാനും ജീവിതനിലവാരം മോശമാകാനുമുള്ള പ്രധാനകാരണങ്ങളിലൊന്ന് ഇതാണ്. മത്സ്യവിഭവങ്ങൾ കടലിൽ പരന്നുകിടക്കുകയാണ്. അതുമൂലം കടൽത്തീരത്ത് കൊണ്ടടുപ്പിക്കുന്ന വള്ളങ്ങളും ബോട്ടുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം വികേന്ദ്രീകൃതമാണ്. കടൽത്തീരത്ത് താൻ വള്ളമടുപ്പിക്കുന്ന സ്ഥലത്ത് തന്നെ കുടിൽകെട്ടി പാർക്കാൻ ഓരോ മത്സ്യത്തൊഴിലാളിയും ആഗ്രഹിക്കുന്നു. കുടിലിന്റെ മുമ്പിൽനിന്നുകൊണ്ട് കടൽ കാണാൻ കഴിയണം. ഈ പ്രവണതമൂലം മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 2652 ആയിരുന്നു. കേരളത്തിലെ ശരാശരി ജനസാന്ദ്രത 742 ആണെന്ന് ഓർക്കുക. ഇതു തന്നെയും രാജ്യത്ത് ഏറ്റവും ഉയർന്നുനിൽക്കുന്നവയിൽ ഒന്നാണ്.

കേരളാ സ്റ്റേറ്റ് ഹോംസ്റ്റെഡ് ആക്റ്റ് അനുസരിച്ച്, കേരളത്തിലെ ഓരോ കുടുംബത്തിനും വീടുവയ്ക്കാൻ രണ്ടു മുതൽ പത്തുവരെ സെൻറ് (100 സെൻറ് = ഒരേക്കർ) തുണ്ടുഭൂമി കിട്ടാൻ അവകാശമുണ്ട്. എന്നിട്ടും, ലഭ്യമായിട്ടുള്ള വിവരങ്ങൾ അനുസരിച്ച്, 1979-80 കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 16 ശതമാനത്തിന് ഒരിഞ്ച് മണ്ണ്പോലും സ്വന്തമായി ഉണ്ടായിരുന്നില്ല. നിലം സർവേ അതിർത്തിക്കപ്പുറത്തുള്ള പൂഴിയിൽ ഓലക്കുടിലുകൾ കെട്ടിയാണ് വലിയൊരു വിഭാഗം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പാർക്കുന്നത്. (സമുദ്രതീരത്ത് നിലം സർവേ അതിർത്തിക്ക് അപ്പുറത്തുള്ള സ്ഥലം കേന്ദ്രഗവൺമെൻറിന്റെ അധീനതയിൽ വരുന്നതാണ്. അതാർക്കും പതിച്ചുനൽകാൻ സാധ്യമല്ല). പ്രക്ഷുബ്ധമായ കാലവർഷക്കാലത്ത് ഈ കുടിലുകൾ കടലെടുത്തുപോവുക എന്നത് സാധാരണമാണ്. വീടുവയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാതിരിക്കുമ്പോൾ (അല്ലാത്തപക്ഷം ഉള്ള ഭൂമിക്ക് പട്ടയം ഇല്ലാത്ത അവസ്ഥയിൽ), ഗവൺമെൻറ് വക സ്ഥലത്ത് കെട്ടുന്ന വീടുകൾ ഓലമേഞ്ഞ ചെറ്റപ്പുരകളാവുക സ്വാഭാവികം മാത്രം. കേരം തിങ്ങും കേരളനാട്ടിൽ ഓലമേഞ്ഞ വീടുകൾ സാധാരണമാണ്. പക്ഷേ, ഓലകൊണ്ടുള്ള ചെറ്റക്കുടിലുകൾ ദാരിദ്ര്യത്തിന്റെ ലക്ഷണമാണ്. 1980-ൽ കേരളത്തിലെ മൊത്തം വീടുകളിൽ നാലിലൊന്നിൽ താഴെ മാത്രമേ ഓലമേഞ്ഞവയായിരുന്നുള്ളു. അതേസമയം മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഇത് നേർപകുതിയായിരുന്നു. കേരളത്തിലെ മൊത്തം വീടുകളിൽ ഏതാണ്ട് മുക്കാൽ ഭാഗവും ഇഷ്ടികയോ കല്ലോ കൊണ്ട് കെട്ടിയവയായിരുന്നു. മത്സ്യത്തൊഴിലാളിഗ്രാമങ്ങളിൽ അത്തരം ഉറപ്പുള്ള വീടുകൾ വെറും 16 ശതമാനം മാത്രമായിരുന്നു. ഇലക്ട്രിസിറ്റി, കക്കൂസ്, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും മത്സ്യത്തൊഴിലാളിഗ്രാമങ്ങൾ കേരളത്തിന്റെ പൊതുനിലവാരത്തെ അപേക്ഷിച്ച് തുലോം പിന്നോക്കമാണ്. (Kurien, 1995)

## ശുചീകരണവും ആരോഗ്യവും

തീരപ്രദേശത്തുള്ള ഗ്രാമങ്ങളിൽ ശുചിയായ കക്കൂസുണ്ടാക്കുക വിഷമകരമാണ്. ഇവിടുത്തെ ചൊരിമണലിൽ ഭൂഗർഭജലവിതാനം ഉയർന്നുനിൽക്കുന്നു. കക്കൂസിലെ മാലിന്യങ്ങൾ ഒലിച്ചിറങ്ങി കുടിവെള്ളത്തിലെത്താൻ വളരെ എളുപ്പം. അതുകൊണ്ട്, ഇത്തരം സ്ഥലങ്ങളിൽ സെപ്റ്റിക് ടാങ്കുകൾ ഫലപ്രദമല്ല. പുരുഷന്മാർ എപ്പോഴും കടപ്പുറത്ത് വെളിക്കിറങ്ങുന്നു. സ്ത്രീകൾ നേരം പുലരുംമുമ്പ് വിജനസ്ഥലങ്ങൾ തേടുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, കടപ്പുറം പൊതുകക്കൂസാക്കുന്ന സ്വഭാവം, തൊട്ടുതൊട്ട് കുടിലുകൾ കെട്ടുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഇവയെല്ലാം ചേർന്ന് മത്സ്യത്തൊഴിലാളിഗ്രാമങ്ങളിലെ ജീവിതം അനാരോഗ്യകരമാക്കുന്നു. ശോചനീയമായ ഭൗതിക സാഹചര്യങ്ങളിൽ, മത്സ്യത്തൊഴിലാളിഗ്രാമങ്ങളിൽ പകർച്ചവ്യാധികൾ വളരെവേഗം പടർന്നുപിടിക്കുന്നു. ധാരാളമായി പറഞ്ഞുകേൾക്കാറുള്ള, മത്സ്യത്തൊഴിലാളിഗ്രാമങ്ങളിലെ മോശമായ ആരോഗ്യസ്ഥിതിയുടെ മൂലകാരണങ്ങൾ മേൽപ്പറഞ്ഞവയാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ശ്വാസകോശരോഗങ്ങളും ത്വക്കുരോഗങ്ങളും വയറിളക്കരോഗങ്ങളും കൊക്കപ്പുഴുബാധയും മറ്റിടങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന്, കേരളത്തിലെ ആരോഗ്യസ്ഥിതിയെപ്പറ്റി നടത്തിയ ഒരു പഠനം എടുത്തുകാട്ടിയിട്ടുണ്ട്. (Panikar and Soman 1984).

## സാക്ഷരതയും വിദ്യാഭ്യാസവും

കേരളത്തിലെ സാമൂഹികപുരോഗതിയുടെ മുഖമുദ്രയാണ് സാക്ഷരതയും വിദ്യാഭ്യാസവും. ഈ രംഗത്തും സമുദ്രമത്സ്യത്തൊഴിലാളി സമൂഹങ്ങൾ കേരളം മൊത്തത്തിൽ എത്തിച്ചേർന്നിട്ടുള്ള നിലവാരത്തിന് വളരെ പിന്നിലാണ്. തൊഴിലെടുക്കുന്നവരെ മാത്രമെടുത്താൽ, മത്സ്യത്തൊഴിലാളികളുടെ സാക്ഷരത 67 ശതമാനമാണ്. കേരളത്തിലെ മൊത്തം തൊഴിലാളികളിൽ 89 ശതമാനം സാക്ഷരരാണ്. സ്ത്രീകളുടെ കാര്യമെടുത്താൽ ഈ അസമത്വം ഭീതിദമാണ്. കേരളത്തിലെ തൊഴിലാളി സ്ത്രീകളിൽ 70 ശതമാനം സാക്ഷരരായിരിക്കെ, മത്സ്യത്തൊഴിലാളി സ്ത്രീകളിൽ വെറും 44 ശതമാനത്തിന് മാത്രമേ എഴുത്തും വായനയും വശമുള്ളു.

ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ, മത്സ്യബന്ധനമേഖലയിൽ സഹായത്തിലൂടെ സാമൂഹിക സുരക്ഷിതത്വം ഉണ്ടാക്കാനുദ്ദേശിച്ച് നടപ്പാക്കാനാരംഭിച്ചിട്ടുള്ള പദ്ധതികളിൽ ആവാസവ്യവസ്ഥയും ഭവനനിർമ്മാണവും, ശുചീകരണവും ആരോഗ്യവും, സാക്ഷരതയും വിദ്യാഭ്യാസവും എന്നീ മേഖലകൾക്കാണ് മുൻഗണന. ഈ നടപടികളുടെ സ്വഭാവം, അവ ഉരുത്തിരിഞ്ഞുവന്ന വിധവും വൈവിധ്യവൽക്കരണവും, മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ അവ ഉണ്ടാക്കിയ മാറ്റം എന്നിവയാണ് ശേഷം അദ്ധ്യായങ്ങളിൽ പരിശോധിക്കുന്നത്.

●

## അദ്ധ്യായം അഞ്ച്

# സാമൂഹിക സുരക്ഷിതത്വം കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ : ഒരന്വേഷണം

സ്വതന്ത്രഭാരതത്തിലെ വികസനസംബന്ധമായ കാഴ്ചപ്പാട് സാമ്പത്തികാസൂത്രണത്തിലാണ് ഊന്നിയിരുന്നത്. ത്വരിതഗതിയിലുള്ള സാമ്പത്തിക വികസനവും ആധുനികവൽക്കരണവും സ്വയംപര്യാപ്തതയും സാമ്പത്തിക വളർച്ചയും നേടുക എന്ന ലക്ഷ്യത്തോടുകൂടി, 1951 മുതൽ തന്നെ പഞ്ചവത്സര പദ്ധതികൾ നടപ്പാക്കിവരികയാണ്. ഇപ്പോൾ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ഒൻപതാം പഞ്ചവത്സര പദ്ധതിയാണ്. (1997 - 2002). പഞ്ചവത്സര പദ്ധതികളുടെ വിജയാപജയങ്ങളെക്കുറിച്ച് ഇവിടെ ഒരു ചർച്ചയ്ക്ക് മുതിരുന്നില്ല. അതേസമയം, കേരളത്തിലെ മത്സ്യബന്ധന മേഖലയെ ആസൂത്രണതന്ത്രം എങ്ങനെ സ്പർശിച്ചു എന്ന് സൂചിപ്പിക്കേണ്ടതുണ്ട്. ഘനവ്യവസായങ്ങൾക്കും അടിസ്ഥാനവ്യവസായങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട്, ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണത്തിന് മുൻതൂക്കം നൽകിയ രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (1956 - 61) ആരംഭത്തിലാണ് (1956-ൽ) കേരള സംസ്ഥാനം പിറവിയെടുത്തത്.

മത്സ്യബന്ധന മേഖലയിൽ ഗവൺമെൻറ് സഹായം നൽകിയിരുന്നത് വികസനകാര്യങ്ങൾക്ക് മാത്രമാണ്. മത്സ്യബന്ധനോപകരണങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, വിപണനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട സാമ്പത്തികസഹായം ഇതിൽ ഉൾപ്പെട്ടിരുന്നു. മത്സ്യബന്ധനം യന്ത്രവൽക്കരിക്കുക എന്നത് മാത്രമാണ് നമ്മുടെ ആസൂത്രകർ കണ്ട ഒരേയൊരു പോംവഴി. പഞ്ചവത്സര പദ്ധതികൾ തുടങ്ങിയതിനുശേഷം വികസനത്തിൻെറ പേരിൽ നൽകിയ സാമ്പത്തികസഹായം മുഴുവൻ യന്ത്രവൽക്കരണത്തിന് വേണ്ടിയായിരുന്നു എന്നതിൽനിന്ന് ഇക്കാര്യം വളരെ വ്യക്തമാണ്.

സ്വാതന്ത്ര്യോദയം മുതൽതന്നെ ഇന്ത്യാ ഗവൺമെൻറിൻെറ മത്സ്യബന്ധനരംഗത്തെ ആധുനികവൽക്കരണനയം പരമ്പരാഗത മത്സ്യബന്ധനമേഖലയുടെ ഉപയോഗിക്കപ്പെടാതെ കിടന്നിരുന്ന അപാരസാധ്യതകളെ പാടെ അവഗണിച്ചുപോന്നു. "വിവരമില്ലാത്തവരും അസംഘടിതരും ശരിയായ ഉപകരണങ്ങൾ കൈയ്യിലില്ലാത്തവരുമായ മീൻപിടുത്തക്കാർ ഏറെക്കുറെ അപരിഷ്കൃതമായ രീതിയിൽ" നടത്തുന്ന ഒരു പ്രവർത്തനമായിട്ടാണ് പരമ്പരാഗത മത്സ്യബന്ധനമേഖലയെ

1947-ലെ ദേശീയ ആസൂത്രണ സമിതിയിലെ (നാഷണൽ പ്ലാനിംഗ് കമ്മറ്റി) ഒരംഗം കണ്ടത്. (Kurien, 1985 : A72) വികസനത്തെക്കുറിച്ചുള്ള ഈ കാഴ്ച്ചപ്പാടിന് അനുരോധമായി, 1950 കളുടെ തുടക്കം മുതൽ കേരളത്തിലെ മത്സ്യബന്ധനമേഖല യന്ത്രവൽക്കരണത്തിലേക്ക് ഊക്കോടെ വലിച്ചെറിയപ്പെട്ടു. ഉല്പാദനവും മത്സ്യത്തൊളിലാളികളുടെ വരുമാനവും ഉയർത്തുക എന്നതായിരുന്നു ഇത്തരമൊരു സമീപനത്തിൻെറ ഉദ്ദേശ്യം. പക്ഷേ, ആ പ്രതീക്ഷ പൂവണിഞ്ഞില്ല എന്നുള്ളതിന്, നാം നേരത്തെ കണ്ട മത്സ്യത്തൊഴിലാളികളുടെ താഴ്ന്ന വരുമാനവും മോശപ്പെട്ട ജീവിതനിലവാരവും സാക്ഷ്യം വഹിക്കുന്നു.

മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിലനിൽക്കുന്ന പ്രകടമായ ദുരിതങ്ങൾക്ക് നിവാരണമായി ചില ആശ്വാസനടപടികൾ കൈക്കൊള്ളുക എന്നതാണ് ഗവൺമെൻറ് സ്വീകരിച്ച നയം. പാർപ്പിടം, ശുചീകരണം, സാക്ഷരത, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലെ ശോച്യാവസ്ഥയാണ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടത്. മോശപ്പെട്ട ജീവിതഗുണനിലവാരത്തിൻെറ ലക്ഷണങ്ങളായിരുന്നു ഇവയൊക്കെ — സാമൂഹികസുരക്ഷാ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ നൽകി ആദ്യം ദൂരീകരിക്കേണ്ട വ്യാധികൾ.

പ്രധാനമായും മത്സ്യബന്ധനരംഗത്ത് മുതലിറക്കുന്ന മുതലാളിമാരുടേയും പുറത്തുനിന്നുള്ള മൂലധനത്തിൻേറയും ബലത്തിൽ നടന്നുകൊണ്ടിരുന്ന ത്വരിതഗതിയിലുള്ള യന്ത്രവൽക്കരണം കടലിലെ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥകൾ നശിപ്പിക്കുകയും ഉല്പാദനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടായിരുന്ന ഓഹരി പിടിച്ചടക്കുകയും ചെയ്തു. ഇത് മത്സ്യത്തൊഴിലാളികളുടെയിടയിൽ പ്രതിരോധപ്രസ്ഥാനങ്ങൾക്ക് ജന്മം നൽകി. അവ വികസനത്തെ സംബന്ധിച്ച അടിസ്ഥാനപരമായ കാഴ്ചപ്പാടിൻെറ യുക്തിയെ ചോദ്യംചെയ്യുകയും, മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ ശമിപ്പിക്കാൻ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. മുഖ്യമായും അടിത്തട്ടിൽനിന്ന് ഉയർന്നുവന്ന ഈ സമ്മർദ്ദത്തിൻെറ ഫലമായി രണ്ട് കാര്യങ്ങൾ നടന്നു. ഒന്ന്, കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് സംരക്ഷണം നൽകുന്നതിന്വേണ്ടി പ്രത്യേകം രൂപകല്പനചെയ്ത സാമൂഹികസുരക്ഷാ പദ്ധതികൾ പതുക്കെ ഉരുത്തിരിഞ്ഞുവന്നു. രണ്ട്, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു.

സ്ഥിതിവിവരക്കണക്കുകളുടെ പരിമിതി മൂലം, 1964 മുതൽ 1998 വരെയുള്ള 35 വർഷക്കാലം മാത്രമേ ഈ വിശകലനത്തിൽ ഉൾപ്പെടുത്തുന്നുള്ളു. പാർപ്പിടം, ശുചീകരണം, പോഷകാഹാരം, വിദ്യാഭ്യാസം, വിദഗ്ദ്ധതൊഴിൽ പരിശീലനം എന്നിവയാണ് ആനുകൂല്യപദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നത്. സംരക്ഷണ നടപടികളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നത് ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം, അപകട ഇൻഷ്വറൻസ്, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിവാഹത്തിനും പ്രസവത്തിനും സഹായങ്ങൾ മുതലായവയാണ്.


ആദ്യമൊക്കെ ഫിഷറീസ് ഡിപ്പാർട്ട്മെൻറ് മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹികസുരക്ഷാപദ്ധതികൾ നടപ്പാക്കിയിരുന്നത്. പിന്നീട്, പുതുതായി രൂപീകരിച്ച കേരള മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ, മത്സ്യഫെഡ് എന്ന പേരിൽ പരക്കെ

അറിയപ്പെടുന്ന കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡവലപ്പ്മെൻറ്, മത്സ്യബോർഡ് എന്നറിയപ്പെടുന്ന കേരളാ ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ് എന്നിവയും രംഗത്തുവന്നു. സാമൂഹിക സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ധനസഹായത്തിൻെറ ആഴവും പരപ്പും വർദ്ധിച്ചു. പ്രാരംഭവർഷങ്ങളിൽ പദ്ധതി വിഹിതം മാത്രമായിരുന്നു ധനാഗമമാർഗ്ഗമെങ്കിൽ, പിൽക്കാലത്ത് പദ്ധതിയിതര സഹായങ്ങളും ധാരാളമായി ഒഴുകിയെത്തുന്നത് കാണാം. കേന്ദ്ര ഗവൺമെൻറിൻെറ വിവിധ പദ്ധതികളിൽനിന്ന് മാത്രമല്ല, ധാരാളം ധനസഹായ സ്ഥാപനങ്ങളിൽനിന്നും മത്സ്യബന്ധനരംഗവുമായി ബന്ധപ്പെട്ട അനേകം സ്ഥാപനങ്ങളിൽനിന്നും സഹായങ്ങൾ ലഭ്യമാവാൻ തുടങ്ങി.

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിലൂടെ ഒന്ന് കണ്ണോടിച്ചാൽ ഒരു കാര്യം വ്യക്തമാവും. കേരളസംസ്ഥാനം നിലവിൽവന്നതിന് ശേഷമുള്ള ആദ്യത്തെ മൂന്ന് ദശകങ്ങൾക്കിടയിൽ ഉണ്ടായതിനേക്കാൾ മുന്നേറ്റം 1986-ന് ശേഷമാണുണ്ടായത്. 1984-ൽ മത്സ്യത്തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിൻെറ ഫലമായി 1986-ൽ ധാരാളം പുതിയ ക്ഷേമപദ്ധതികൾ ആരംഭിച്ചു. 1986-ന് ശേഷം സാമൂഹിക സുരക്ഷാസഹായം അതിന് മുമ്പുണ്ടായിരുന്നതിൻെറ പതിനെട്ട് മടങ്ങിലേറെ വർദ്ധിച്ചു.

ചിത്രം 1: മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം

(1964 - 1998)



മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹിക സുരക്ഷാ നടപടികളുടെ കാര്യത്തിൽ 1986 ഒരു വഴിത്തിരിവായിരുന്നു. ഇക്കാര്യം കണക്കിലെടുത്ത്, പഠനവിഷയമായ കാലഘട്ടത്തെ വിശാലമായ രണ്ട് ഘട്ടങ്ങളായി തിരിക്കുന്നു: 1964 മുതൽ 1985 വരെയുള്ള ഒന്നാംഘട്ടം; 1986 മുതൽ 1998 വരെയുള്ള രണ്ടാം ഘട്ടം.

## ഒന്നാം ഘട്ടം (1964 - 1985)

ഇരുപത്തിരണ്ട് വർഷം നീളുന്ന ഈ കാലഘട്ടത്തിനിടയിൽ, സാമൂഹികസുരക്ഷാ പദ്ധതികളുടെ അളവിലും ഗുണത്തിലും 1981-ൽ പുതിയൊരു പ്രവണത ദൃശ്യമായി. 1980 വരെ മൊത്തം സാമൂഹികസുരക്ഷയ്ക്കുവേണ്ടി ചെലവഴിച്ചത് 3.7 കോടി രൂപയായിരുന്നു — പ്രതിവർഷം 21.80 ലക്ഷം രൂപ. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ പദ്ധതികൾക്ക് നേരിട്ട് കൊടുക്കുന്ന ആനുകൂല്യങ്ങളായിട്ടാണ് ഏറെക്കുറെ ഈ തുക മുഴുവനും ചെലവഴിച്ചത്. പക്ഷേ, 1981-നും 1985-നും ഇടയ്ക്ക് വാർഷികച്ചെലവ് 104.80 ലക്ഷം രൂപയായി ഉയർന്നു — ഏകദേശം 381 ശതമാനം വർദ്ധനവ്. ഇതോടൊപ്പം തന്നെ സഹായങ്ങളുടെ കാര്യത്തിൽ ഗുണപരമായ ഒരു മാറ്റവും ശ്രദ്ധേയമായ രീതിയിൽ അനുഭവപ്പെട്ടു. ഇവിടെ പറഞ്ഞ രണ്ടാമത്തെ ഘട്ടത്തിൽ (1981-85) സാമൂഹികസുരക്ഷാ സഹായങ്ങൾ കൂടിയ തോതിൽ സ്ഥാപനവൽക്കരിക്കപ്പെട്ടു. ഇക്കാരണത്താൽ, ഒന്നാംഘട്ടത്തെ നമുക്ക് രണ്ട് ഉപഘട്ടങ്ങളായി തിരിക്കാം: സാമൂഹിക സുരക്ഷാ നടപടികൾ കേവലം ആനുകൂല്യങ്ങളിൽ ഒതുങ്ങിയ ഒന്നാം ഉപഘട്ടം (1964-80); സാമൂഹിക സുരക്ഷിതത്വം വർദ്ധിച്ച തോതിൽ സ്ഥാപനവൽക്കരിക്കപ്പെട്ട രണ്ടാം ഉപഘട്ടം (1981-85).

## ആനുകൂല്യങ്ങളുടെ ഘട്ടം (1964-1980)

നേരത്തേ പറഞ്ഞതുപോലെ, ആധുനികവൽക്കരണം മൂലം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സമൂഹത്തിന്റെ ജീവിതനിലവാരം താനേ ഉയർന്നുകൊള്ളും എന്ന സങ്കല്പത്തിലാണ് ആദ്യവർഷങ്ങളിൽ ഈ രംഗത്ത് കേരളത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തിയത്. എന്നാൽ, മത്സ്യത്തൊഴിലാളികളിൽ തീർത്തും പാവപ്പെട്ടവർക്കുവേണ്ടി ചില ക്ഷേമപ്രവർത്തനങ്ങൾ വരുന്ന കുറച്ചുകാലത്തേക്ക് നടപ്പാക്കേണ്ടിവരും എന്ന വസ്തുത അംഗീകരിക്കപ്പെട്ടു. എങ്കിലും, സാമൂഹിക സുരക്ഷിതത്വത്തിന് സാമാന്യമായും സംരക്ഷണത്തിൽ അധിഷ്ഠിതമായ സാമൂഹിക സുരക്ഷിതത്വത്തിന് വിശേഷിച്ചും താണ പരിഗണനയേ ഈ ഘട്ടത്തിൽ ലഭിച്ചുള്ളു. മത്സ്യബന്ധനത്തിനിടയിൽ ജീവൻ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരമായിരുന്നു ഇക്കാലത്ത് നടപ്പാക്കപ്പെട്ട സാർത്ഥകമായ ഏക സംരക്ഷണ പദ്ധതി. പക്ഷേ നഷ്ടപരിഹാരം തുച്ഛമായിരുന്നു. അപകടങ്ങളിൽപ്പെടുന്നവർക്കും വള്ളവും വലയും മറ്റും നഷ്ടപ്പെടുന്നവർക്കും നഷ്ടപരിഹാരം നൽകാനുള്ളവയായിരുന്നു വേറെ ഉണ്ടായിരുന്ന ചില ചെറുകിട പദ്ധതികൾ. ഈ കാലഘട്ടത്തിൽ (1964-80) സംരക്ഷണത്തിന് പ്രതിവർഷം ശരാശരി ചെലവഴിച്ചത് 70,000 രൂപയായിരുന്നു എന്ന് പറഞ്ഞാൽ, സംരക്ഷണാധിഷ്ഠിത സാമൂഹിക സുരക്ഷിതത്വത്തിന് എന്ത് പ്രാധാന്യമാണ് കല്പിച്ചിരുന്നതെന്ന് വ്യക്തമാവും (പട്ടിക 3 കാണുക).

പട്ടിക 3

1964-80 കാലഘട്ടത്തിലെ സാമൂഹികസുരക്ഷാ നടപടികൾ

| പദ്ധതികൾ | സാമ്പത്തികസഹായം (ലക്ഷം രൂപ) | |
|---|---|---|
| | ആകെ | വാർഷിക ശരാശരി |
| **ആനുകൂല്യം നൽകുന്ന പദ്ധതികൾ:** | | |
| ഭവനനിർമ്മാണം, പുനരധിവാസം | 199.20 | 11.70 |
| ശുചീകരണം, ആരോഗ്യം | 18.60 | 1.10 |
| വിദ്യാഭ്യാസം, പരിശീലനം | 140.70 | 8.30 |
| മൊത്തം | 358.50 | 21.10 |
| **സംരക്ഷണ പദ്ധതികൾ:** | | |
| ലൈഫ് ഇൻഷ്വറൻസ് | 11.00 | 0.60 |
| ഉപകരണ ഇൻഷ്വറൻസ് | 1.50 | 0.10 |
| മൊത്തം | 12.50 | 0.70 |
| രണ്ടുംകൂടി (ആകെ മൊത്തം) | 371.00 | 21.80 |

## സ്ഥാപനവൽക്കരണ ഘട്ടം (1981-1985)

1980-ന് ശേഷമുള്ള കാലഘട്ടത്തിൻെറ സവിശേഷത സാമൂഹികസുരക്ഷാ നടപടികൾ സ്ഥാപനവൽക്കരിക്കാൻ വേണ്ട പ്രാരംഭനീക്കങ്ങൾ നടന്നു എന്നതാണ്. തങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന പട്ടിണിയെക്കുറിച്ചും പ്രാന്തവൽക്കരണത്തെക്കുറിച്ചും മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ വർദ്ധിച്ചുവന്നിരുന്ന അസ്വസ്ഥതകളോടുള്ള ഗവൺമെൻറിൻെറ പ്രതികരണം എന്ന നിലയിലാണ് സ്ഥാപനവൽക്കരണം ആരംഭിച്ചതെന്ന് പറയാം. രണ്ട് ദശാബ്ദക്കാലം നീണ്ടുനിന്ന ആധുനികീകരണത്തിന് ശേഷവും മത്സ്യോല്പാദനം ഏറ്റവും താണ തോതിൽ തന്നെയായിരുന്നു. (പട്ടിക 1 കാണുക). യന്ത്രവൽകൃത ട്രോളറുകൾ ഉപയോഗിച്ച് മീൻപിടിക്കാൻ പരിശീലനം നേടാത്ത ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ യന്ത്രവൽക്കരണം ഗുരുതരമായി ബാധിച്ചു. ഈ ട്രോളറുകൾ തീരക്കടലിൽനിന്ന് അധികമായി മത്സ്യബന്ധനം നടത്തിയതാണ് സാധാരണ വള്ളക്കാരുടെ കോര് കുറയാൻ കാരണമെന്ന് ആരോപിക്കപ്പെട്ടു. ഇതിന് പ്രകൃതിയിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ടു വേറെയും കാരണങ്ങൾ കണ്ടേക്കാമെങ്കിലും, യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചു നടത്തിയ അനിയന്ത്രിതവും വിനാശകരവുമായ മീൻപിടിത്തം, മത്സ്യങ്ങളെ ഉന്മൂലനം ചെയ്തതിലൂടെ, കടലിൽനിന്നുള്ള കൊയ്ത്തിനെ ബാധിച്ചു എന്ന കാര്യത്തിൽ തർക്കമില്ല (Kurien, 1992).

ട്രോളിംഗിനെതിരെ കർശനമായ നടപടികൾ എടുക്കാൻ രാഷ്ട്രീയമായ കാരണങ്ങളാൽ ഗവൺമെൻറിന് കഴിയുമായിരുന്നില്ല. ക്ഷേമപ്രവർത്തനങ്ങൾക്കും വികസനത്തിനും കൂടുതൽ തുക വിതരണം ചെയ്യുക മാത്രമായിരുന്നു പിന്നെയുണ്ടായിരുന്ന പോംവഴി. കൂടുതൽ സ്ഥാപനവൽകൃതവും ഗുണഭോക്താക്കളെ ഉന്നംവച്ചുള്ളതുമായ നടപടികൾ ഇവിടെ ആവശ്യമായിത്തീർന്നു. കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷൻ (കെ. എഫ്. ഡബ്ള്യു. സി.)

ആരംഭിച്ചതാണ് ഈ ദിശയിൽ ആദ്യമുണ്ടായ കാൽവയ്പ്. പുതുതായി രൂപമെടുക്കുന്ന മത്സ്യത്തൊഴിലാളി യൂണിയനുകളിൽനിന്ന് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള മുറവിളി ശക്തമായപ്പോൾ, പദ്ധതികൾ കൂടുതൽ വേഗത്തിൽ, ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ ഇതിനായി പ്രത്യേകം രൂപീകരിക്കുന്ന സ്വയംഭരണാധികാരമുള്ള കോർപ്പറേഷനായിരിക്കും സർക്കാർ വകുപ്പിനെ അപേക്ഷിച്ച് നല്ലതെന്ന് ഗവൺമെൻറിന് തോന്നി. തത്ഫലമായി, 1980-81 വർഷം മുതൽ, സാമൂഹിക സുരക്ഷാ സഹായങ്ങൾ വിതരണം ചെയ്യുന്ന പ്രധാന സ്ഥാപനമായി കെ. എഫ്. ഡബ്ളിയു. സി. ഉയർന്നുവന്നു. അതിനനുസരിച്ച് ഫിഷറീസ് വകുപ്പിൻെറ പ്രാമുഖ്യം കുറയുകയും ചെയ്തു. ഈ ഉപഘട്ടത്തിൽ, 1985 വരെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾക്കായിരുന്നു പ്രാധാന്യം. ഈ കാലയളവിൽ മൊത്തം 524.70 ലക്ഷം രൂപ വിതരണം ചെയ്തതിൽ 502 ലക്ഷം രൂപയും ഈ ഇനത്തിലായിരുന്നു. കെ. എഫ്. ഡബ്ള്യു. സി. വഴി 370.40 ലക്ഷം രൂപ വിതരണം ചെയ്തപ്പോൾ ഫിഷറീസ് വകുപ്പ് 172.30 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. (പട്ടിക 4 കാണുക).

പട്ടിക 4

1981 മുതൽ 1985 വരെ നടപ്പാക്കിയ സാമൂഹിക സുരക്ഷാ നടപടികൾ (ലക്ഷം രൂപയിൽ)

| പദ്ധതികൾ | സാമ്പത്തിക സഹായം | | | |
|---|---|---|---|---|
| | ഫിഷറീസ് വകുപ്പ് | കെ. എസ്. ഡബ്ള്യു. സി. | മൊത്തം | വാർഷിക ശരാശരി |
| **ആനുകൂല്യ പദ്ധതികൾ:** | | | | |
| ഭവനനിർമ്മാണം, പുനരധിവാസം | 0.00 | 304.00 | 304.00 | 60.80 |
| ശുചീകരണം, ആരോഗ്യം | 10.00 | 19.00 | 29.00 | 5.80 |
| വിദ്യാഭ്യാസം, പരിശീലനം | 163.30 | 2.90 | 165.20 | 33.00 |
| വിപണന സഹായം | 0.00 | 3.80 | 3.80 | 0.80 |
| മൊത്തം | 172.30 | 329.97 | 502.00 | 100.40 |
| **സംരക്ഷണ നടപടികൾ:** | | | | |
| ലൈഫ് ഇൻഷ്വറൻസ് | 0.00 | 29.00 | 29.00 | 5.80 |
| ഉപകരണ ഇൻഷ്വറൻസ് | 0.00 | 11.70 | 11.70 | 2.30 |
| മൊത്തം | 0.00 | 40.70 | 40.70 | 8.10 |
| ആകെ മൊത്തം | 172.30 | 370.40 | 542.70 | 108.50 |

*അവലംബം: ഫിഷറീസ് വകുപ്പിൻെറ വാർഷിക റിപ്പോർട്ടുകളിൽനിന്നും,*
*കെ. എഫ്. ഡബ്ള്യു. സി. യുടെ 1984-ലെ റിപ്പോർട്ടിൽനിന്നും കണക്കുകൂട്ടിയെടുത്തത്.*

കെ. എഫ്. ഡബ്ള്യു. സി. നടപ്പാക്കിയ ഏഴ് പദ്ധതികളിൽ അഞ്ചും ആനുകൂല്യങ്ങൾ നൽകുന്ന തരത്തിൽ ഉള്ളവയായിരുന്നു. (ഈ പദ്ധതികളുടെ വിശദാംശങ്ങൾക്ക് അനുബന്ധം - 2

കാണുക.) ഭവനനിർമ്മാണ പദ്ധതികൾക്കായിരുന്നു തുടർച്ചയായി പ്രാമുഖ്യം ലഭിച്ചിരുന്നത്. 14,000 വീടുകൾ പണിയാൻ കെ. എഫ്. ഡബ്ല്യു. സി. 285.40 ലക്ഷം രൂപ സഹായധനം നൽകി. ഇതോടൊപ്പം, വിവിധ തുറമുഖ വികസന പദ്ധതികൾക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ എവിടെയെങ്കിലും കുടിയിരുത്തേണ്ടത് അത്യാവശ്യമായിത്തീർന്നതിനാൽ, പുനരധിവാസ പ്രവർത്തനങ്ങൾക്കും കോർപ്പറേഷൻ കുറെ പണം കണ്ടെത്തി. ഇതിന്റെ ഭാഗമായി 165 വീടുകൾ നിർമ്മിക്കാൻ 19 ലക്ഷം രൂപ ചെലവഴിച്ചു. വിദ്യാഭ്യാസരംഗത്ത്, മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽനിന്ന് തെരഞ്ഞെടുത്ത കുട്ടികൾക്ക് കോർപ്പറേഷൻ സ്കോളർഷിപ്പ് ഏർപ്പെടുത്തി. പക്ഷേ വിദ്യാഭ്യാസരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പരിപാടി ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തിയ സ്കോളർഷിപ്പ് ആയിരുന്നു. ഇതനുസരിച്ച്, രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കിട്ടിയിരുന്ന അതേ നിരക്കിൽ ലംപ്സം ഗ്രാൻറും സ്റ്റൈപ്പെൻറും പോക്കറ്റ് മണിയും ലഭ്യമായി. പദ്ധതിയിതര ഇനത്തിൽനിന്നാണ് ഈ പരിപാടിയ്ക്ക് പണം കണ്ടെത്തിയിരുന്നത്. 42.50 ലക്ഷം രൂപ 1981-85 കാലത്ത് ഇതിനായി ചെലവഴിച്ചു.

എന്നാൽ, കെ. എഫ്. ഡബ്ല്യു. സി. അല്പായുസ്സായിപ്പോയി. 'വാണിജ്യാടിസ്ഥാനത്തിൽ' പ്രവർത്തിക്കണമെന്ന് പ്രതീക്ഷിച്ച കോർപ്പറേഷന്റെ സംഘടനാരൂപം ചോദ്യംചെയ്യപ്പെട്ടു. സ്ഥാപനവൽക്കരണത്തിന്റെ പുതിയ രൂപങ്ങൾ സ്ഥാനംപിടിച്ചു. 1984-ൽ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്പ്മെൻറ് (മത്സ്യഫെഡ്) രൂപീകരിച്ചു. കെ. എഫ്. ഡബ്ല്യു. സി. യും ഏറെയൊന്നും ചെയ്യാൻ കഴിവില്ലാതിരുന്ന മറ്റ് രണ്ട് കോർപ്പറേഷനുകളും — കേരളാ ഫിഷറീസ് കോർപ്പറേഷനും കേരളാ ഇൻലാൻഡ് ഫിഷറീസ് ഡെവലപ്പ്മെൻറ് കോർപ്പറേഷനും — മത്സ്യഫെഡിൽ ലയിപ്പിക്കപ്പെട്ടു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുകയും മത്സ്യക്കച്ചവടം ഏറ്റെടുക്കുകയും ചെയ്യുക എന്നതായിരുന്നു മത്സ്യഫെഡിന്റെ പ്രധാന ലക്ഷ്യങ്ങൾ. മത്സ്യഫെഡ് നിലവിൽ വന്നതിന് പിന്നാലെ, 1985-ൽ, കേരളാ ഫിഷർമെൻ വെൽഫെയർ ഫണ്ട് ആക്റ്റ് പാസ്സായി, അടുത്തുതന്നെ കേരളാ ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് (മത്സ്യബോർഡ്) സ്ഥാപിതമായി. സാമൂഹിക സുരക്ഷാ സഹായങ്ങളുടെ കാര്യത്തിൽ പുതിയൊരരുണോദയമായിരുന്നു മത്സ്യബോർഡ്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെൻറ് കോർപ്പറേഷനിൽ (എൻ. സി. ഡി. സി.) നിന്ന് മത്സ്യബന്ധനമേഖലയ്ക്ക് സാമ്പത്തികസഹായം നേടിയെടുക്കാൻ വേണ്ട ആസൂത്രണവും ആദ്യമായി ഉണ്ടായത് ഇക്കാലത്താണ്. ആയിടെ അവസാന രൂപം നൽകിയ ഏഴാം പഞ്ചവത്സരപദ്ധതി ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഗ്രാമവികസനത്തിനും കൂടുതൽ ഊന്നൽ നൽകിയിരുന്നു.

മത്സ്യബോർഡ് അനവധി സാമൂഹിക സുരക്ഷാപരിപാടികൾ ആരംഭിക്കുകയും മുമ്പ് ഉണ്ടായിരുന്നവ ശക്തിപ്പെടുത്തുകയും ചെയ്തു. അന്നുവരെ കെ. എഫ്. ഡബ്ല്യു. സി. നടത്തിക്കൊണ്ടിരുന്ന ഏതാനും പ്രവർത്തനങ്ങൾ മത്സ്യഫെഡ് ശക്തിപ്പെടുത്തി. ഇതിന്റെയെല്ലാം ഫലമായി, ഈ കാലഘട്ടത്തിലെ ഓരോ വർഷവും ഫിഷറീസ് വകുപ്പോ മത്സ്യഫെഡോ മത്സ്യബോർഡോ ഓരോ പുതിയ സാമൂഹിക സുരക്ഷാ പരിപാടി പുതുതായി ആവിഷ്കരിച്ചുതുടങ്ങി.

## രണ്ടാം ഘട്ടം (1986 - 1998)

രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യപ്പെട്ട തുകയുടെ വലിപ്പം കുത്തനെ ഉയരുകയും, പദ്ധതികളുടെ വൈപുല്യം ഏറുകയും ചെയ്തു. ഇതുവരെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന സംരക്ഷണ പരിപാടികൾ, അതിലേക്കായി രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ, ഊർജ്ജിതമായി നടപ്പാക്കപ്പെട്ടതാണ് ഈ കാലഘട്ടത്തിന്റെ മുഖമുദ്ര. തങ്ങളുടെ ജീവിതനിലവാരം വീണ്ടും ഇടിയാതിരിക്കാൻ മത്സ്യത്തൊഴിലാളി സമൂഹംതന്നെ ആവശ്യപ്പെട്ട ഹ്രസ്വകാല പരിഹാരങ്ങൾക്കനുസരിച്ച് രൂപം നൽകപ്പെട്ടവയായിരുന്നു ഈ പദ്ധതികളെന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

## മത്സ്യഫെഡ് നൽകിയ സാമൂഹിക സുരക്ഷിതത്വം

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനും അവർക്ക് വിപണന സഹായം നൽകുന്നതിനുംവേണ്ടി രൂപീകരിക്കപ്പെട്ടതാണ് മത്സ്യഫെഡ് എന്ന് മുമ്പേ പറഞ്ഞുവല്ലോ. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി, മൂന്ന് തലങ്ങളിലായിട്ടാണ് മത്സ്യഫെഡ് തുടക്കത്തിൽ പ്രവർത്തിച്ചിരുന്നത്. പ്രാഥമിക തലത്തിൽ 222 ഗ്രാമീണ സംഘങ്ങൾ; ദ്വിതീയ തലത്തിൽ ജില്ലാ മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ; ഏറ്റവും മുകളിൽ മത്സ്യഫെഡ്. എൻ. സി. ഡി. സി. പോലെയുള്ള സ്ഥാപനങ്ങളിൽനിന്ന് വായ്പയും മറ്റ് സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നതിന് വേണ്ടി, രണ്ട് തലത്തിൽ മാത്രം പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമായി മത്സ്യഫെഡ് ഉടച്ചുവാർക്കേണ്ടിവന്നു. ആരംഭത്തിൽ അതിൽ അംഗമായ 81 ഫിഷർമെൻ ഡെവലപ്പ്മെന്റ് ആൻറ് വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റികൾ (എഫ്. ഡി. ഡബ്ള്യു. സി. എസ്.) ഉണ്ടായിരുന്നു. 1998-ൽ 211 പുതിയ സംഘങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. 1985-ൽ ഈ 292 പ്രാഥമിക സംഘങ്ങളെ ഭരണസൗകര്യാർത്ഥം, 58 സഞ്ചയങ്ങളായി സംഘടിപ്പിച്ചു. ഓരോ സഞ്ചയത്തിന്റെയും മേൽനോട്ടത്തിന് ഒരു പ്രോജക്റ്റ് ഓഫീസറേയും നിയമിച്ചു. 1996 ഡിസംബറിൽ 302 പ്രാഥമിക സഹകരണ സംഘങ്ങൾ കൂടി മത്സ്യഫെഡിൽ അംഗങ്ങളായി ചേർന്നു. അങ്ങനെ മൊത്തം പ്രാഥമിക സംഘങ്ങളുടെ എണ്ണം 594 ആയി. ഇവയിൽ 322 എണ്ണം സമുദ്രമത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളും, 162 എണ്ണം ശുദ്ധജല മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളും, 110 എണ്ണം മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സഹകരണ സംഘങ്ങളുമാണ്.

മുകളിൽനിന്നുള്ള നിർദ്ദേശമനുസരിച്ച്, രാഷ്ട്രീയ സമ്മർദ്ദത്തിൽകൂടി രൂപീകരിക്കപ്പെട്ടവയാണ് ഈ സഹകരണസംഘങ്ങൾ എങ്കിലും, സംസ്ഥാനം മുഴുവൻ അവ വ്യാപിച്ചു കിടക്കുന്നതുകൊണ്ട് മത്സ്യബന്ധന മേഖലയുടെ മുഴുവൻ പ്രാതിനിധ്യസ്വഭാവം മത്സ്യഫെഡിന് അവകാശപ്പെട്ടതായി. പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് ഉപരിയായി, രാഷ്ട്രീയ കാരണങ്ങളാൽ സാമൂഹികസുരക്ഷാ നടപടികൾ കൈക്കൊള്ളാനും ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടാനും മത്സ്യഫെഡ് നിർബന്ധിതമായി. 1986-നും 1990-നും ഇടയ്ക്ക് പത്ത് സാമൂഹികസുരക്ഷാ പദ്ധതികൾക്ക് മത്സ്യഫെഡ് തുടക്കമിട്ടു. പാർപ്പിടനിർമ്മാണം, ശുചീകരണം, മറ്റ് തൊഴിലുകൾ, വിദ്യാഭ്യാസം, പരിശീലനം എന്നീ രംഗങ്ങളിലാണ് മത്സ്യഫെഡ് പ്രവർത്തിച്ചത്. മത്സ്യബന്ധന

മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്കായി പ്രത്യേകം പദ്ധതികൾ ആരംഭിച്ചു എന്നത് ശ്രദ്ധേയമാണ്. മത്സ്യഫെഡ് വഴി സാമൂഹികസുരക്ഷാ പദ്ധതികൾക്കായി 7.50 കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചു.

പദ്ധതികൾ അനവധി, പക്ഷേ, അടങ്കൽ വളരെ ചെറുത് — ഇതായിരുന്നു മത്സ്യഫെഡിൻെറ പ്രധാന ദൗർബ്ബല്യം. 1985-86 ലെ പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയും, 1995-96 ലെ ഇൻഷ്വറൻസ് പദ്ധതിയും ഒഴിവാക്കിയാൽ, പദ്ധതികളുടെ ഗുണഭോക്താക്കളുടെ പ്രതിശീർഷവരുമാനം നാമമാത്രമായിരുന്നു.

## മത്സ്യബോർഡിൻെറ സാമൂഹിക സുരക്ഷാപദ്ധതികൾ

1985-ലെ ഫിഷർമെൻ വെൽഫെയർ ഫണ്ട് ആക്റ്റ് അനുസരിച്ച്, 1986-ൽ മത്സ്യബോർഡ് ആരംഭിച്ചതുമുതൽ, മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമനടപടികൾ നടപ്പാക്കുകയെന്ന ഉത്തരവാദിത്വം അതിൽ നിക്ഷിപ്തമായിരുന്നു. മത്സ്യബോർഡിൻെറ പ്രവർത്തനമേഖല വിപുലമായിരുന്നു. ഫിഷർമെൻ വെൽഫെയർ ഫണ്ട് നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓരോ മത്സ്യത്തൊഴിലാളിയും ബോർഡ് നടപ്പാക്കുന്ന അനവധി സാമൂഹികസുരക്ഷാ പരിപാടികളിൽ ഓരോന്നിൻെറയും ഗുണം ലഭിക്കാൻ അർഹനാണ്. മത്സ്യബന്ധന പ്രവർത്തനങ്ങൾ മുഖ്യമായ ജീവിതോപാധിയായി സ്വീകരിച്ചിട്ടുള്ള ഏതൊരാളും എന്നാണ് മത്സ്യത്തൊഴിലാളിയെ നിയമത്തിൽ നിർവചിച്ചിരിക്കുന്നത്. 1994 ഡിസംബർ 31-ലെ കണക്കനുസരിച്ച് മത്സ്യബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള 1,72,000 മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു.

മത്സ്യബോർഡിൻെറ ആസ്തി അനവധി കക്ഷികളിൽനിന്ന് സംഭാവനകളിലൂടെ സമാഹരിച്ചിട്ടുള്ളതാണ്. പ്രധാനമായും മൂന്ന് വഴികളിൽ നിന്നാണിത് വരുന്നത് — ഗവൺമെൻറ്, മത്സ്യത്തൊഴിലാളികൾ, മത്സ്യംവാങ്ങുന്നവർ (തൊഴിലുടമകൾക്ക് പകരം). (ഓരോരുത്തരുടെയും സംഭാവന നിരക്കുകൾ അനുബന്ധം 4-ൽ കൊടുത്തിരിക്കുന്നു.)

മത്സ്യബോർഡ് ഇക്കഴിഞ്ഞ കൊല്ലങ്ങളിൽ അനവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് (പട്ടിക 6). മത്സ്യഫെഡ് നടപ്പാക്കുന്ന പദ്ധതികളുടേതിൽനിന്ന് വ്യത്യസ്തമായി, സംരക്ഷണത്തിനാണ് മത്സ്യബോർഡ് പ്രാധാന്യം കല്പിക്കുന്നതെന്നുള്ള കാര്യം ശ്രദ്ധിക്കേണ്ടതാണ്. ആകെയുള്ള 16 പദ്ധതികളിൽ 12 എണ്ണം സംരക്ഷണ പദ്ധതികളാണ്. ട്രോളിംഗ് മൂലം തങ്ങളുടെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനും മറ്റുംവേണ്ടി സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള സമ്മർദ്ദം ഏറിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽവേണം ഈ നയംമാറ്റത്തെ വീക്ഷിക്കാൻ. ട്രോളിംഗ് നിയന്ത്രിക്കാൻവേണ്ടി സ്ഥാപനപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ വേണ്ട ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയില്ലാത്ത ഗവൺമെൻറിന്, സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ കൈയ്യിലെടുക്കാനുള്ള എളുപ്പമാർഗ്ഗമായിരുന്നു ക്ഷേമനടപടികൾ.

ഫലത്തിൽ, മത്സ്യബോർഡിൻെറ വിവിധ പദ്ധതികൾ, ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷൻെറ (ഐ. എൽ. ഒ.) 102-ാം ഉടമ്പടി അനുശാസിക്കുന്ന സാമൂഹികസുരക്ഷാ ആനു

കൂല്യങ്ങൾ ഏതാണ്ട് എല്ലാംതന്നെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇൻഷ്വറൻസ് ആനുകൂല്യങ്ങളും രോഗം, പ്രസവം, ആരോഗ്യം, വാർദ്ധക്യം മുതലായവയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളും ഇവയിൽ ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് വളരെ പ്രസക്തിയും പ്രാധാന്യവും ഉള്ളവയാണ് ഇവയൊക്കെ. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഉദാഹരണമായെടുക്കാം. ഏറ്റവും കൂടുതൽ അപകടസാധ്യതയുള്ള തൊഴിലുകളിൽ ഒന്നാണ് മീൻപിടിത്തം. മനുഷ്യജീവനും ഉപകരണങ്ങളും ഇൻഷ്വർ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. 1986-ൽ ഈ പദ്ധതി തുടങ്ങിയതിന് ശേഷം 1998 വരെ, മരിച്ച 1096 പേർക്ക് നഷ്ടപരിഹാരം നൽകുകയുണ്ടായി. കേരളത്തിൽ ശരാശരി നാല് ദിവസത്തിലൊരിക്കൽ ഒരു മത്സ്യത്തൊഴിലാളി കടലിൽവച്ച് മരിക്കുന്നു എന്നാണ് ഇതിനർത്ഥം. ഇത്രയും അപകടകരമായ മറ്റൊരു തൊഴിലില്ല. ഇത്രയും അപകടം പിടിച്ച ഒരു തൊഴിലിന് ഇൻഷ്വറൻസ് ഏർപ്പെടുത്തിയത് വളരെ വൈകിയാണെന്ന കാര്യം, അതുതന്നെ മത്സ്യത്തൊഴിലാളികൾ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടതിന് ശേഷമാണെന്ന കാര്യം അത്ഭുതകരമായിരിക്കുന്നു. മത്സ്യബോർഡിൻെറ പദ്ധതികളിൽ വാർദ്ധക്യകാല പെൻഷനാണ് ഏറ്റവും ജനപ്രീതിയാർജ്ജിച്ചത്. ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളതും ഈ പദ്ധതിക്കാണ്. 60 വയസ്സു തികഞ്ഞ ഏതൊരു മത്സ്യത്തൊഴിലാളിക്കും, ചില വ്യവസ്ഥകൾക്ക് വിധേയമായി, പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. 1998-ൽ 27000 പേർ പെൻഷൻ വാങ്ങുന്നുണ്ടായിരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലെ പല ദശാസന്ധികളിലും — ജനനം, വിവാഹം, മരണം — മത്സ്യബോർഡ് ആനുകൂല്യങ്ങളുമായി എത്തുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. നേത്രരോഗങ്ങൾക്കും പാമ്പുകടിക്കും തൊട്ട് ക്യാൻസർ, ഹൃദ്രോഗം, മാനസികരോഗങ്ങൾ മുതലായ രോഗങ്ങൾക്കുംവരെ ചികിത്സാസഹായം ലഭ്യമാണ്. ഇത്തരത്തിലുള്ള സാമൂഹികസുരക്ഷാ പദ്ധതികൾ മത്സ്യബോർഡ് നടപ്പാക്കുന്നതുമൂലം, മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷിതത്വത്തിന് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ഗണ്യമായി ഉയർന്നു. 1998 വരെ മത്സ്യബോർഡ് മാത്രം ചെലവഴിച്ചത് 28.38 കോടി രൂപയാണ്.

പട്ടിക 5

1986 മുതൽ 1998 വരെ മത്സ്യഫെഡ് നടപ്പാക്കിയ സാമൂഹികസുരക്ഷാ പദ്ധതികൾ

| പദ്ധതികൾ | തുടങ്ങിയ വർഷം | 1997-98 വരെയുള്ള ഗുണഭോക്താക്കൾ | മൊത്തം വിതരണം ചെയ്ത തുക (ലക്ഷം രൂ.) | പ്രതിശീർഷ ആനുകൂല്യം (രൂപ) |
|---|---|---|---|---|
| ആനുകൂല്യ നടപടികൾ: | | | | |
| 1. ഭവനനിർമ്മാണം | 1985-86 | 14,588 | 278.00 | 1906 |
| 2. പുനരധിവാസ ഭവനപദ്ധതി | 1985-86 | 867 | 350.00 | 40,369 |
| 3. ശുചിത്വം, ആരോഗ്യം | 1991-92 | 5,190 | 46.40 | 886 |
| 4. മത്സ്യക്കച്ചവടക്കാരികൾക്ക് ബസ് സർവ്വീസ് | 1985-86 | 450 | 13.60 | 3,022 |

| | | | | | |
|---|---|---|---|---|---|
| 5. | കമ്മ്യൂണിറ്റി പീലിംഗ് സെൻറർ | 1985-86 | ? | 20.90 | ? |
| 6. | മത്സ്യക്കച്ചവടക്കാരികൾക്കുള്ള സബ്സിഡി പദ്ധതി | 1993-94 | 1,253 | 2.10 | 169 |
| 7. | യുവാക്കൾക്ക് മറ്റ് തൊഴിലുകളിൽ പരിശീലനം | 1995-96 | 16 | ? | ? |
| 8. | ഏറ്റവും സമർത്ഥരായ വിദ്യാർത്ഥികൾക്ക് അവാർഡ് | 1996-97 | ? | ? | ? |
| | മൊത്തം | | | 711.00 | |
| | **സംരക്ഷണ പദ്ധതികൾ:** | | | | |
| 1. | വ്യക്തികൾക്കുള്ള അപകട ഇൻഷ്വറൻസ് | 1995-96 | 37 | 37.00 | 1,00,000 |
| 2. | ചെയർമാൻ റിലീഫ് ഫണ്ട് | 1997-98 | ? | 4.00 | ? |
| | മൊത്തം | | | 41.00 | |
| | ആകെ മൊത്തം | | | 752.00 | |

ഈ നേട്ടങ്ങളെല്ലാം ഉണ്ടെന്നിരിക്കിലും, മത്സ്യബോർഡിൻെറ പ്രവർത്തനത്തിലെ ഒരു പ്രധാന തകരാറ് കാണാതിരിക്കാൻ സാധ്യമല്ല. ഒരുപാട് ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ച ബോർഡിന് സാമ്പത്തിക ഞെരുക്കംമൂലം പലപ്പോഴും ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാറില്ല. വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക നല്ലൊരുദാഹരണം. 1998 ജനുവരി മുതൽ 1999 ഫെബ്രുവരി വരെയുള്ള 14 മാസത്തെ വാർദ്ധക്യകാല പെൻഷനാണ് കുടിശ്ശികയായത് — മൊത്തം 3.78 കോടി രൂപ. മറ്റ് പദ്ധതികളെയും ഈ പ്രശ്നം ബാധിക്കുന്നുണ്ട്. പണത്തിൻെറ ലഭ്യത അനുസരിച്ച്, ആദ്യമാദ്യം കിട്ടിയ അപേക്ഷകൾ പരിഗണിക്കാൻ മത്സ്യബോർഡ് നിർബ്ബന്ധിതമാകുന്നു. ഇതിൻെറ ഫലമായി, അർഹരായ എല്ലാ അപേക്ഷകർക്കും വേണ്ടപ്പോൾ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നില്ല. അനുവദിച്ച അപേക്ഷകളിൽതന്നെ 26 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്.

സമുദ്രോല്പന്നകയറ്റുമതിക്കാർ വെൽഫെയർ ഫണ്ടിലേക്കുള്ള തങ്ങളുടെ വിഹിതം അടയ്ക്കാൻ വിസമ്മതിച്ചതാണ് സാമ്പത്തിക ഞെരുക്കത്തിൻെറ പ്രധാന കാരണം. കയറ്റുമതിക്കാർ തങ്ങളുടെ വിറ്റുവരവിൻെറ ഒരു ശതമാനം ക്ഷേമനിധിയിലേക്ക് സംഭാവന ചെയ്യണമെന്നാണ് നിയമം. എന്നാൽ, അവർ ഇതിനെതിരെ ഫാക്ടറികൾ അടച്ചിട്ട് സമരം ചെയ്തു. ഗവൺമെൻറ് അവരുടെ സമ്മർദ്ദത്തിന് വഴങ്ങി. നിയമത്തിലെ ഒരു വകുപ്പിൻെറ പഴുതുപയോഗിച്ച് അവരുടെ വിഹിതം വെറും 0.09 ശതമാനമായി കുറച്ചു. ഇത്തരം കുറഞ്ഞ നിരക്ക് മൂന്നുവർഷത്തിലധികം തുടരാൻ നിയമം അനുവദിക്കുന്നില്ല. മൂന്ന് വർഷം കഴിഞ്ഞാൽ നിരക്ക് 1 ശതമാനമായി ഉയർത്തണം. ഇത് നൽകാൻ വിസമ്മതിച്ച കയറ്റുമതിക്കാർ ഹൈക്കോടതിയേയും സുപ്രീംകോടതിയേയും സമീപിച്ചു. കേസ് നീണ്ടുപോയെങ്കിലും, കയറ്റുമതിക്കാരിൽനിന്ന് സംഭാവന പിരിക്കുന്നതിൽനിന്ന് ഗവൺമെൻറിനെ വിലക്കുകയോ കയറ്റുമതിക്കാർക്ക് അനുകൂലമായി മറ്റേതെങ്കിലും റൂളിംഗ് നൽകുകയോ ചെയ്തില്ല സുപ്രീംകോടതി. കേസ് വിചാരണ നടന്നുകൊ

ണ്ടിരിക്കുമ്പോൾതന്നെ ഗവൺമെൻറിന് വേണമെങ്കിൽ പണം ഈടാക്കാൻ കയറ്റുമതിക്കാരുടെ മേൽ റവന്യൂ റിക്കവറി നടപടികൾ ആവാം എന്നുവരെ കോടതി പറഞ്ഞു. ഈ സ്തംഭനാവസ്ഥ തങ്ങൾക്ക് അനുകൂലമല്ലെന്ന് മനസ്സിലാക്കിയ കയറ്റുമതിക്കാർ അയയുകയും, തങ്ങളുടെ സംഭാവനകളുടെ നിരക്ക് കുറയ്ക്കണമെന്ന ആവശ്യവുമായി ഗവൺമെൻറിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട് ഈയിടെ. ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ ഗവൺമെൻറ് ഒരു ഏകാംഗകമ്മീഷനെ നിയമിച്ചിരിക്കുകയാണ്. കയറ്റുമതിക്കാരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ഇനിയും ഗവൺമെൻറ് സന്നദ്ധമായിട്ടില്ല. പകരം, രണ്ടു വർഷത്തിനകം മാസത്തവണകളായി കുടിശ്ശിക അടച്ചുതീർക്കാൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്തത്. ഗവൺമെൻറ് നടപടികൾ ഒച്ചിൻെറ വേഗത്തിലാകയാൽ, ഇനിയും വളരെക്കുറച്ച് കുടിശ്ശിക മാത്രമേ ഈടാക്കാനായിട്ടുള്ളൂ.

കയറ്റുമതിക്കാർ മത്സ്യബോർഡിന് നൽകാനുള്ള കുടിശ്ശിക വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1986-87-ൽ 37.90 ലക്ഷം രൂപയായിരുന്നത് 1997-98-ൽ 21.40 കോടി രൂപയായി ഉയർന്നു. മത്സ്യത്തൊഴിലാളികൾക്ക് ഒരു വർഷം പെൻഷൻ നൽകാൻ വെറും മൂന്ന് കോടി രൂപ മതിയാകും. കഴിഞ്ഞ വർഷങ്ങളിലെല്ലാം കയറ്റുമതിക്കാർ സംഭാവന നൽകിയ തുക പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ നൽകിയ സംഭാവനയെക്കാൾ കുറവാണ്. പട്ടിക 7-ൽ നിന്ന് ഇക്കാര്യം വ്യക്തമാവും. വിവിധ കക്ഷികൾ ക്ഷേമനിധിയിലേക്ക് അടച്ച സഞ്ചിതസംഭാവനയാണ് ഇതിൽ കൊടുത്തിരിക്കുന്നത്. ഗവൺമെൻറിൻെറ ഓഹരിയാണ് ഏറ്റവും കൂടുതൽ. ഓരോ വർഷവും പെൻഷൻ പദ്ധതിക്ക് വേണ്ടി ഗവൺമെൻറ് 3 കോടി രൂപയും, ഇൻഷ്വറൻസ് പ്രീമിയമായി 17 ലക്ഷം രൂപയും നൽകുന്നു. ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന രണ്ടാമത്തെ കക്ഷി മത്സ്യത്തൊഴിലാളികൾതന്നെയാണ്.

പട്ടിക 6

### മത്സ്യബോർഡ് നടപ്പാക്കുന്ന സാമൂഹികസുരക്ഷാ പദ്ധതികൾ

| പദ്ധതികൾ | ആരംഭിച്ച വർഷം | 1998 വരെ ഗുണം കിട്ടിയവരുടെ എണ്ണം | ആകെ വിതരണം ചെയ്ത തുക (ലക്ഷം രൂ.) | പ്രതിശീർഷ ആനുകൂല്യം (രൂപ) |
|---|---|---|---|---|
| **ആനുകൂല്യ പദ്ധതികൾ:** | | | | |
| 1. ഏറ്റവും സമർത്ഥരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് | 1990-91 | 65 | 0.80 | 1,262 |
| 2. ഏറ്റവും സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1990-91 | 2,871 | 13.90 | 493 |
| 3. കുടുംബാസൂത്രണ പദ്ധതി | 1990-91 | 2,791 | 13.90 | 498 |
| 4. ശുചീകരണ പദ്ധതി | 1996-97 | 1,753 | 21.80 | 1,244 |
| മൊത്തം | | | 50.40 | |

| | | | | |
|---|---|---|---|---|
| സംരക്ഷണ പദ്ധതികൾ: | | | | |
| 1. (a) മരണ ഇൻഷ്വറൻസ് | 1986-87 | 1,096 | 244.20 | 22,281 |
| 1. (b)വികലാംഗ ഇൻഷ്വറൻസ് | 1986-87 | 106 | 11.70 | 11,038 |
| 2. അപകടത്തിലല്ലാതെ മരിക്കുന്നവർക്കുള്ള നഷ്ടപരിഹാരം | 1986-87 | 455 | 67.80 | 14,901 |
| 3. പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം | 1986-87 | 7,559 | 75.10 | 994 |
| 4. ആശ്രിതരുടെ ശവസംസ്കാര ചെലവിന് സഹായം | 1986-87 | 5,678 | 16.60 | 292 |
| 5. വാർദ്ധക്യകാല പെൻഷൻ | 1987-88 | - | 2,268.60 | - |
| 6. താല്ക്കാലിക അംഗവൈകല്യത്തിന് സാമ്പത്തിക സഹായം | 1987-88 | 7,946 | 28.80 | 7,362 |
| 7. ആശ്രിതന്റെ മരണത്തിന് സാമ്പത്തിക സഹായം | 1990-91 | 1,609 | 29.00 | 1,802 |
| 8. മാരകമായ രോഗങ്ങൾ വരുമ്പോൾ സാമ്പത്തിക സഹായം | 1990-91 | 319 | 19.20 | 6,019 |
| 9. ചെയർമാന്റെ ദുരിതാശ്വാസ നിധി (പലവക) | 1990-91 | 310 | 2.50 | 806 |
| 10. നേത്രരോഗങ്ങൾ ബാധിച്ചവർക്ക് സാമ്പത്തിക സഹായം | 1995-96 | ? | 4.30 | ? |
| 11. മത്സ്യബോർഡിൽനിന്ന് പ്രത്യേക സഹായം | 1997-98 | 301 | 19.90 | 6,611 |
| 12. പ്രസവാനുകൂല്യം | 1996-97 | 25 | 0.10 | 520 |
| മൊത്തം | | | 2,787.80 | |
| ആകെ മൊത്തം | | | 2,838.20 | |

ഈ പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധം 5-ൽ കൊടുത്തിരിക്കുന്നു.

*(അവലംബം : പട്ടിക നാലിന്റേത് തന്നെ)*

മത്സ്യഫെഡിന്റെ ഭാരിച്ച ഭരണച്ചെലവാണ് സാമ്പത്തിക ഞെരുക്കത്തിന് പരിഹാരം ആരായുമ്പോൾ പ്രത്യേക ശ്രദ്ധ പതിയേണ്ട മറ്റൊരു ഘടകം. 1998-99 ൽ ബോർഡ് മത്സ്യത്തൊഴിലാളികൾക്ക് സാമൂഹികസുരക്ഷാ ആനുകൂല്യങ്ങളായി ആകെ വിതരണം ചെയ്തത് 4.50 കോടി രൂപയായിരുന്നു. ബോർഡിലെ ഉദ്യോഗസ്ഥന്മാരുടെ (159 പേർ) ശമ്പളവും അവരുടെ അനുബന്ധച്ചെലവുകളും (കണ്ടിൻജൻസി) അടക്കം 1.50 കോടി രൂപയായിരുന്നു ഭരണച്ചെലവ്. മൂന്ന് രൂപ മത്സ്യത്തൊഴിലാളിക്ക് സഹായം നൽകാൻ ഒരു രൂപാ ചെലവ് — സാധാരണ മാനദണ്ഡങ്ങൾ അനുസരിച്ച് ഭീമമായ ചെലവാണിത്.

പട്ടിക 7

1997-98 വരെ മത്സ്യബോർഡിന് ലഭിച്ച സംഭാവന

| കക്ഷികൾ | തുക (ലക്ഷം രൂ.) |
|---|---|
| ഗവൺമെൻറ് | 2,620.00 |
| മത്സ്യത്തൊഴിലാളികൾ | 548.00 |
| കയറ്റുമതിക്കാർ | 210.00 |
| മറ്റ് കച്ചവടക്കാർ | 37.20 |
| പരമ്പരാഗത വള്ളം ഉടമകൾ | 58.50 |
| യന്ത്രവൽകൃത ബോട്ട് ഉടമകൾ | 127.50 |
| മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകൾ | 17.20 |
| ചെമ്മീൻകെട്ട് ഉടമകൾ | 11.40 |
| ഫൈൻ | 49.50 |

*(അവലംബം: മത്സ്യഫെഡിൽ നിന്ന് ലഭിച്ച അപ്രസിദ്ധീകൃത കണക്കുകൾ)*

## ഫിഷറീസ് വകുപ്പിൻെറ സാമൂഹികസുരക്ഷാ പദ്ധതികൾ

രണ്ടാം ഘട്ടത്തിൽ സാമൂഹികസുരക്ഷാ പദ്ധതികൾ ഭൂരിപക്ഷവും നടപ്പാക്കിയത് മത്സ്യഫെഡും മത്സ്യബോർഡും ആയിരുന്നെങ്കിലും, ഫിഷറീസ് ഡിപ്പാർട്ടുമെൻറും ചില പദ്ധതികൾ നടപ്പാക്കിയിരുന്നു. ഒരു സമ്പാദ്യ-ദുരിതാശ്വാസ പദ്ധതി, ഒരു ഭവനനിർമ്മാണ പദ്ധതി, വീടുകൾക്ക് വൈദ്യുതി നൽകാനുള്ള ഒരു പദ്ധതി, ശുചീകരണത്തിനും ആശുപത്രികൾക്കും മത്സ്യബന്ധനസ്കൂളുകൾക്കും പരിശീലനകേന്ദ്രങ്ങൾക്കും ഉള്ള പദ്ധതികൾ, വിദ്യാഭ്യാസത്തിന് ഗ്രാൻറു നൽകുന്ന പദ്ധതി എന്നിവ അക്കൂട്ടത്തിൽപ്പെടുന്നു.

ഇവയിൽ സമ്പാദ്യ-ദുരിതാശ്വാസ പദ്ധതി മാത്രമാണ് സംരക്ഷണ പദ്ധതി എന്ന് പറയാവുന്നത്. മറ്റുള്ളവയെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികളാണ്. തൊഴിലാളികളിൽനിന്ന് വിഹിതം പിരിച്ചുകൊണ്ട്, തൊഴിലില്ലാത്ത കാലത്ത് സഹായം നൽകുന്ന ഒരു പദ്ധതിയാണ് സമ്പാദ്യ-ദുരിതാശ്വാസപദ്ധതി. ഇത്തരത്തിലുള്ള ഒരേയൊരു പദ്ധതിയാണിത്. മീൻ തീരെ കിട്ടാതെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലേക്ക് വഴുതി വീഴുന്ന മാസങ്ങളിൽ ഈ ഫണ്ടിൽനിന്ന് ധനസഹായം നൽകുന്നു. സഹായത്തിൻെറ വലിപ്പംകൊണ്ടും ഡിപ്പാർട്ട്മെൻറ് നടപ്പാക്കുന്ന ഏറ്റവും വലിയ പദ്ധതിയാണിത്. 1992-98 കാലത്ത് ഏകദേശം 3 കോടി രൂപ ഇതനുസരിച്ച് വിതരണംചെയ്തു. ഡിപ്പാർട്ട്മെൻറിൻെറ ഭവനനിർമ്മാണ പദ്ധതി പൂർണ്ണമായും ഗ്രാൻറ്-ഇൻ-എയ്ഡ് പദ്ധതിയായതുകൊണ്ട് വളരെ ആകർഷകമായിത്തീർന്നിട്ടുണ്ട്. ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട്, വൈദ്യുതി എത്തിക്കാനും കക്കൂസ് നിർമ്മിക്കാനുമുള്ള രണ്ട് പുതിയ പദ്ധതികൾ കൂടി ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെൻറ് സാമൂഹികസുരക്ഷാ പദ്ധതികൾക്കുവേണ്ടി 65.64 കോടി രൂപ ചെലവഴിച്ചു (പട്ടിക - 8).

ഒന്നാം ഘട്ടത്തിൻെറ (1964-85) ഒന്നാം ഉപഘട്ടത്തിൽ 21.80 ലക്ഷം രൂപയും, രണ്ടാം ഉപഘട്ടത്തിൽ 1.09 കോടി രൂപയും ആണ് ശരാശരി ഒരു വർഷം കേരളത്തിലെ മത്സ്യത്തൊഴിലാ

ളികളുടെ സാമൂഹികസുരക്ഷാ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ചിരുന്നത്. എന്നാൽ രണ്ടാം ഘട്ടത്തിൽ (1986-98) ഇത് 7.81 കോടി ആയി ഉയർന്നു. ഈ തുകകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹികസുരക്ഷാ രംഗത്ത് ഉണ്ടായ വമ്പിച്ച കുതിച്ചുചാട്ടം വ്യക്തമാവും. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെയുള്ള ചില പാളിച്ചകൾ ഉണ്ടെന്നിരിക്കിലും, ഈ നേട്ടം ചെറുതല്ല. സംരക്ഷണവും സഹായവും നൽകുന്ന ഇത്രയധികം സാമൂഹികസുരക്ഷാ പദ്ധതികൾ മറ്റൊരു വികസ്വരരാജ്യത്തും കാണുകയില്ല. ഗവൺമെൻറ് കെട്ടിപ്പടുത്ത സംഘടനാപരമായ സംവിധാനങ്ങളും പുതുമയുള്ള ധനാഗമമാർഗ്ഗങ്ങളും ഗവൺമെൻറിന് മൊത്തത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തിൻെറ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലുള്ള പ്രതിജ്ഞാബദ്ധത പ്രതിഫലിപ്പിക്കുന്നു. എന്നിരുന്നാലും ഇതെല്ലാം പ്രബുദ്ധമായൊരു സാമൂഹികമുന്നേറ്റം കൊണ്ടുണ്ടായതാണെന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. യഥാർത്ഥത്തിൽ, വലിയൊരളവോളം, താഴേത്തട്ടിൽ നിന്നുള്ള സമ്മർദ്ദത്തിൻെറ ഫലമായിട്ടാണ് ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് പ്രബുദ്ധമായ ഈ പ്രതികരണം ഉണ്ടായത്. അതെങ്ങനെ സംഭവിച്ചു എന്ന് അടുത്ത അദ്ധ്യായത്തിൽ കാണാം.

പട്ടിക 8

രണ്ടാം ഘട്ടത്തിലെ (1986-98) സാമൂഹികസുരക്ഷാ സഹായം (ലക്ഷം രൂപ)

| പദ്ധതികൾ | ഫിഷറീസ് വകുപ്പ് | മത്സ്യ ഫെഡ് | മത്സ്യ ബോർഡ് | മൊത്തം | വാർഷിക ശരാശരി |
|---|---|---|---|---|---|
| ആനുകൂല്യം നൽകുന്ന പദ്ധതികൾ: | | | | | |
| വിദ്യാഭ്യാസപരം | 2,656.30 | 0.00 | 14.70 | 2,671.00 | 205.50 |
| ശുചീകരണം, ആരോഗ്യം | 199.60 | 46.40 | 35.70 | 281.70 | 21.70 |
| പാർപ്പിടം, പുനരധിവാസം | 708.00 | 628.00 | 0.00 | 1,336.00 | 102.80 |
| തൊഴിൽ ആനുകൂല്യങ്ങൾ | 0.00 | 36.60 | 0.00 | 36.60 | 2.80 |
| മൊത്തം | 3,563.90 | 711.00 | 50.40 | 4,325.30 | 332.70 |
| സംരക്ഷണ നടപടികൾ: | | | | | |
| ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ | 0.00 | 37.00 | 255.90 | 292.90 | 22.50 |
| അപകടങ്ങളിൽ പെടുന്നവർക്ക് | 0.00 | 4.00 | 31.30 | 35.30 | 2.70 |
| മരണം | 0.00 | 0.00 | 113.40 | 113.40 | 8.70 |
| വിവാഹം | 0.00 | 0.00 | 75.10 | 75.10 | 5.80 |
| വാർദ്ധക്യകാല പെൻഷൻ | 0.00 | 0.00 | 2,268.60 | 2,268.60 | 174.50 |
| രോഗം | 0.00 | 0.00 | 43.40 | 43.40 | 3.30 |
| പ്രസവാനുകൂല്യം | 0.00 | 0.00 | 0.10 | 0.10 | 0.00 |
| തൊഴിലില്ലായ്മ വേതനം | 2,999.60 | 0.00 | 0.00 | 2,999.60 | 230.70 |
| മൊത്തം | 2,999.60 | 41.00 | 2,787.80 | 5,828.40 | 448.30 |
| ആകെ മൊത്തം | 6,563.50 | 752.00 | 2,838.20 | 10,153.70 | 781.10 |

*(അവലംബം : പട്ടിക 4, 5, 6 എന്നിവയുടേത് തന്നെ)*

## അദ്ധ്യായം ആറ്

# സാമൂഹികസുരക്ഷാ സംവിധാനങ്ങളും മത്സ്യത്തൊഴിലാളി സമരങ്ങളും

കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ട ഏറ്റവും പ്രകടമായ കാര്യം സാമൂഹികസുരക്ഷാ ഏർപ്പാടുകളുടെ കാര്യത്തിൽ ഒന്നാംഘട്ടവും രണ്ടാംഘട്ടവും തമ്മിൽ വമ്പിച്ച അന്തരം ഉണ്ടായിരുന്നു എന്നതാണ്. സാമൂഹികസുരക്ഷിതത്വത്തിനുവേണ്ടി ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ കൈക്കൊണ്ട നടപടികൾ അളവിലും ഗുണത്തിലും അഭിവൃദ്ധിപ്പെട്ടു. ഈ മാറ്റത്തിന് എന്താണ് കാരണം? ഗവൺമെൻറിൻെറ തലപ്പത്തുനിന്ന് വന്ന പ്രബുദ്ധമായ നടപടികളായിരുന്നോ ഇവ? അതോ താഴേത്തട്ടിലുള്ള ജനങ്ങളുടെ ആവശ്യങ്ങളുടെ സമ്മർദ്ദം മൂലമാണോ ഈ മാറ്റം ഉണ്ടായത്?

വളർച്ച ഉണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ വികസനം താനേ നടന്നുകൊള്ളും എന്ന വിശ്വാസം മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ ജീവിതം നൽകുന്നതിൽ പരാജയപ്പെട്ടപ്പോൾ അവർ അസ്വസ്ഥരായ കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. കഴിഞ്ഞ മൂന്ന് ദശകങ്ങൾക്കകം മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ സംഭവിച്ച അനവധി സംഘടനാപരമായ ഇടപെടലുകൾ മൂലം ഈ അസംതൃപ്തി ജനകീയ പ്രക്ഷോഭങ്ങളായി രൂപാന്തരപ്പെട്ടു. മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹികസുരക്ഷാ പദ്ധതികളുടെ കാര്യത്തിൽ 1980 കളുടെ മദ്ധ്യം ഒരു വഴിത്തിരിവായിരുന്നു എന്ന് നാം നിരീക്ഷിക്കുകയുണ്ടായി. ഈ ദശാസന്ധിയിൽ നടന്ന പ്രക്ഷോഭങ്ങളെക്കുറിച്ചുള്ള ഒരവലോകനം ഇപ്പറഞ്ഞത് ശരിയായിരുന്നു എന്ന് തെളിയിക്കും.

യന്ത്രവൽക്കരണത്തിൻെറയും മറ്റും രൂപത്തിൽ മുതലാളിത്തം മത്സ്യബന്ധനമേഖലയിൽ കടന്നുകയറിയതിൻെറ ഫലമായി ത്വരിതഗതിയിൽ സംഭവിച്ച സാങ്കേതികശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങളോടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതികരണമായിരുന്നു, അടിസ്ഥാനപരമായി, കേരളത്തിലെ മത്സ്യത്തൊഴിലാളികൾ നടത്തിയ പ്രക്ഷോഭങ്ങൾ (Kurien and Achari 1988; Kannan and Sreekumar, 1988). സുരക്ഷാനുകൂല്യങ്ങൾ മാത്രമല്ല, തങ്ങളുടെ പരമ്പരാഗതമായ മത്സ്യബന്ധനോപകരണങ്ങൾ നവീകരിക്കുന്നതിന് വേണ്ട വികസനാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾ ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. യന്ത്രവൽക്കൃത മീൻപിടുത്തക്കാരിൽനിന്ന് തങ്ങൾ നേരിടുന്ന വർദ്ധമാനമായ മത്സരത്തി

ന്റെ ഫലമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കൂടുതൽ കൂടുതൽ പാപ്പരായിക്കൊണ്ടിരുന്നു. ഈ നിസ്സഹായാവസ്ഥയിൽ നിന്നാണ് സഹായത്തിന് വേണ്ടിയുള്ള മുറവിളി ഉയർന്നത്.

മത്സ്യത്തൊഴിലാളികളുടെ ഇടയിൽ തൊഴിലാളി സംഘടനകൾ വളർന്നുവന്നതിന് ശേഷമാണ് സാമൂഹികസുരക്ഷിതത്വത്തിനുവേണ്ടിയുള്ള യോജിച്ച മുന്നേറ്റങ്ങൾ ഉണ്ടായത്. കർഷകത്തൊഴിലാളികൾ, ചെത്തുതൊഴിലാളികൾ, കയർത്തൊഴിലാളികൾ മുതലായ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ വൈകിയാണ് മത്സ്യത്തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങിയത്. കേരളത്തിന്റെ തീരപ്രദേശത്ത് പല സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളി സംഘടനകൾ ഉണ്ടാക്കാൻ ചില വിപ്ലവ രാഷ്ട്രീയകക്ഷികൾ 1950 കളുടെ ആദ്യവർഷങ്ങളിൽതന്നെ ഒറ്റപ്പെട്ട ചില ശ്രമങ്ങൾ നടത്തിയിരുന്നു. ഈ ശ്രമങ്ങൾക്ക് പരിമിതമായ വിജയമേ ഉണ്ടായുള്ളു. മത്സ്യത്തൊഴിലാളി മേഖലയെ സംബന്ധിക്കുന്ന പ്രത്യേക പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരുന്നതാണ് ഈ നീക്കങ്ങൾ വേണ്ടത്ര വിജയിക്കാതെ പോകാൻ ഒരു കാരണം. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ കരയിൽ പണിയെടുക്കുന്ന തൊഴിലാളികളുടേതിൽനിന്ന് വ്യത്യസ്തമാണ്. 1970-ൽ ആലപ്പുഴയിൽ കത്തോലിക്കാ മത്സ്യത്തൊഴിലാളി യൂണിയൻ (സി. എഫ്. യു.) ഉണ്ടായതാണ് ശ്രദ്ധേയമായ ഒരു കാൽവയ്പ്. (Jose, et al, 1988). സാമൂഹിക സുരക്ഷിതത്വത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തിക്കൊണ്ടും, യന്ത്രവൽകൃതബോട്ടുകൾ കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ടുകൊണ്ടുമുള്ള മത്സ്യത്തൊളിലാളി സമരങ്ങൾക്ക് വഴികാട്ടിയത് സി. എഫ്. യു. ആണ്. 1972-ൽ സി. എഫ്. യു. ആലപ്പുഴ കളക്ടർക്ക് ഒരു അവകാശ പത്രിക സമർപ്പിച്ചു. മീൻ കുറവുള്ള മാസങ്ങളിൽ സൗജന്യറേഷൻ അനുവദിക്കുക; കുടിലുകൾ മേയാനുള്ള ധനസഹായം പുനരാരംഭിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക; മത്സ്യത്തൊഴിലാളികൾക്കെല്ലാം 5 വർഷത്തിനകം വീടു ലഭിക്കത്തക്കവണ്ണം ഭവനനിർമ്മാണ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിക്കുക; മറ്റ് പാവപ്പെട്ട സമൂഹങ്ങൾക്ക് നൽകുന്നതിന് സമാനമായ ആനുകൂല്യങ്ങളെല്ലാം മത്സ്യത്തൊഴിലാളികൾക്കും ഏർപ്പെടുത്തുക; മത്സ്യത്തൊഴിലാളികൾക്ക് തീരദേശമേഖലയിലെ മറ്റ് വ്യവസായങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക; മത്സ്യത്തൊഴിലാളികളുടെ ഒരു സാമ്പത്തിക-സാമൂഹിക സർവേ നടത്തി, അടിസ്ഥാനപരമായ സ്ഥിതിവിവരണക്കണക്കുകൾ ശേഖരിക്കുക ഇത്യാദി ആവശ്യങ്ങളാണ് അവകാശപത്രികയിൽ അടങ്ങിയിരുന്നത്. 5 വർഷം നിരന്തരം അധികാരികളുടെമേൽ സമ്മർദ്ദം ചെലുത്തിയപ്പോൾ ഫലം കണ്ടു. മത്സ്യത്തൊഴിലാളികൾക്ക് ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ജില്ലാ കളക്ടറും, സി. എഫ്.യു. ഉം ഒരു കരാറിൽ ഒപ്പുവച്ചു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സർവേ നടത്താനും കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു. ഇത്തരം വിജയങ്ങൾ നേടാനായെങ്കിലും, ചുരുങ്ങിയ സ്ഥലത്ത്, കുറച്ചാളുകൾക്കുവേണ്ടി, ഏതാനും പ്രശ്നങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ആദ്യകാലത്തെ മത്സ്യത്തൊഴിലാളി സമരങ്ങൾ എന്നതായിരുന്നു അവയുടെ വലിയൊരു പരാധീനത. കേരളത്തിലാകമാനമുള്ള മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധനമേഖലയുടെയും ആവശ്യങ്ങളെയും പ്രശ്നങ്ങളെയും ഉൾക്കൊള്ളുന്ന ഒരു കാഴ്ചപ്പാട് അവയ്ക്കില്ലായിരുന്നു. 1977-ൽ ലാറ്റിൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എൽ. സി. എഫ്. എഫ്.) രൂപീകരിച്ചതായി

രുന്നു ഈ പ്രശ്നത്തിന് ഒട്ടൊരു പരിഹാരമായത്. യൂണിയന്റെ വർഗ്ഗീയ നിറം പിന്നെയും നിലനിന്നെങ്കിലും, അത് മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാൻ കുറെക്കൂടി വിശാലമായ ഒരു വേദി നൽകി. എൽ. സി. എഫ്. എഫ്. ഇരുപത്തിരണ്ട് ആവശ്യങ്ങൾ അടങ്ങുന്ന ഒരവകാശപത്രിക കേരള മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. സാമൂഹിക സുരക്ഷിതത്വത്തിന് വേണ്ടിയുള്ളവയായിരുന്നു ആവശ്യങ്ങൾ അധികവും. ഇവയോടൊപ്പം സ്ഥാപനപരമായ പരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള ചില ആവശ്യങ്ങളും ഉന്നയിച്ചിരുന്നു: പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു മത്സ്യബന്ധനനിയമം കൊണ്ടുവരിക, കടൽത്തീരത്തുനിന്ന് 5 കി. മി. ഉള്ളിൽ വരെയുള്ള സ്ഥലത്ത് യന്ത്രവൽകൃത ബോട്ടുകൾ മീൻപിടിക്കുന്നത് തടയുക, ആവാസവ്യവസ്ഥ നശിപ്പിക്കുന്ന തരത്തിലുള്ള മത്സ്യബന്ധനവും തീരക്കടലിലെ ജലമലിനീകരണവും നിയന്ത്രിക്കുക മുതലായവ.

എൽ. സി. എഫ്. എഫിന്റെ കീഴിൽ തൊഴിലാളികൾ കൂടുതലായി സംഘടിക്കാൻ തുടങ്ങിയപ്പോൾ, ജാതിയും മതവും രാഷ്ട്രീയവും നോക്കാതെ എല്ലാ മത്സ്യത്തൊഴിലാളികളെയും ഉൾക്കൊള്ളാൻ പാകത്തിന് വർഗ്ഗീയ നിറം കഴുകിക്കളഞ്ഞെങ്കിൽ മാത്രമേ പ്രസ്ഥാനത്തിന് ഭാവിയുള്ളൂ എന്ന് വന്നു. എന്നാൽ, ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന പുരോഹിതരിൽ ചിലർക്ക് വ്യത്യസ്തമായ അഭിപ്രായമാണ് ഉണ്ടായിരുന്നത്. ഇത് അവസാനം പ്രസ്ഥാനത്തിന്റെ പിളർപ്പിൽ കലാശിച്ചു. കൂടുതൽ വിപ്ലവചിന്താഗതിക്കാരായ പുരോഹിതന്മാർ മതേതരവും രാഷ്ട്രീയേതരവുമായ ഒരു മത്സ്യത്തൊഴിലാളി സംഘടന എന്ന ആശയത്തെ പിന്തുണച്ചു. അങ്ങനെയാണ് 1980-ൽ, കേരളാ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ (കെ. എസ്. എം. റ്റി. എഫ്.) രൂപീകരിക്കപ്പെട്ടത്. കേരളത്തിലെ മത്സ്യത്തൊഴിലാളി പ്രസ്ഥാന ചരിത്രത്തിലെ കൂടുതൽ ഊർജ്ജസ്വലമായ പുതിയൊരദ്ധ്യായത്തിന്റെ തുടക്കമായി ഇത്. 1980-ൽ കെ. എസ്. എം. റ്റി. എഫ്. 38 ഇനങ്ങളടങ്ങിയ ഒരവകാശപത്രിക മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. സാമൂഹിക സുരക്ഷിതത്വത്തെയും മത്സ്യസംരക്ഷണത്തെയും സംബന്ധിക്കുന്ന പുതുമയുള്ള ധാരാളം ആവശ്യങ്ങൾ ഇതിൽ അടങ്ങിയിരുന്നു. നേരത്തെ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾക്ക് പുറമെ മത്സ്യത്തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് മുതലായ പുതിയ അവകാശങ്ങളും ഉന്നയിക്കപ്പെട്ടു. വിഭവസംരക്ഷണത്തിനായി പഴ്സീൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, തീരത്തുനിന്ന് 20 കിലോമീറ്റർ വരെയുള്ള കടലിൽ യന്ത്രവൽകൃത മത്സ്യബന്ധനവും നിരോധിക്കണമെന്നും ആവശ്യമുയർന്നു. ഹിന്ദുക്കളായ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത സമുദായ സംഘടനയായ ധീവര സഭ കെ. എസ്. എം. റ്റി. എഫിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ചു.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സമരോത്സുകത പാരമ്യത്തിലെത്തിയത് 1984-ൽ ആണ്. തീരദേശ ജില്ലകളിലെല്ലാം റാലികളും പ്രകടനങ്ങളും, പിക്കറ്റിംഗും, ഉപവാസ സമരങ്ങളും നടന്നു. ആവശ്യങ്ങളിൽ ഏറ്റവും ഊന്നിപ്പറഞ്ഞിരുന്ന ഒന്ന് കാലവർഷക്കാലത്തെ ട്രോളിംഗ് നിരോധനമായിരുന്നു. 1984 ജൂൺ 18-ന് മത്സ്യത്തൊഴിലാളികൾ ഗവൺമെന്റ് സെക്രട്ടറിയേറ്റിലേക്ക് ഒരു 'ലോങ് മാർച്ച്' നടത്തി. ഗവൺമെന്റ് അതിന്റെ പഴയ നിലപാടുകളിൽതന്നെ ഉറച്ചുനിന്നെങ്കിലും, സ്ഥായിയായ മത്സ്യബന്ധനവും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ

സുരക്ഷിതത്വവും എന്ന ഇരട്ട ലക്ഷ്യത്തോടുകൂടി നടത്തിയ ഈ സമരത്തെ കേരളത്തിലും ഇന്ത്യയിലാകെത്തന്നെയുമുള്ള പത്രങ്ങളും ബുദ്ധിജീവികളും വാഴ്ത്തി. കെ. എസ്. എം. റ്റി. എഫ്. ഉയർത്തിപ്പിടിച്ച സാമൂഹികസുരക്ഷിതത്വം, വികസനത്തിന് വേണ്ട സഹായങ്ങൾ, സംരക്ഷണം എന്നീ സംയുക്താവശ്യങ്ങൾ തൊഴിലാളിവർഗ്ഗത്തിൻെറ സാമൂഹിക-പാരിസ്ഥിതിക പ്രസ്ഥാനമെന്ന അദ്വിതീയമായ ഒരു സ്ഥാനം ഈ സമരത്തിന് നേടിക്കൊടുത്തു. 1985-ൽ സമരം പുനരാരംഭിച്ചു. വിവിധ രാഷ്ട്രീയ പാർട്ടികളോട് കൂറുള്ള മറ്റ് തൊഴിലാളി യൂണിയനുകളുമായി യോജിച്ചു നടത്തിയ പ്രക്ഷോഭം 1985-ലെ സമരത്തിന് കൂടുതൽ ശക്തിയേകി. വാർദ്ധക്യകാല പെൻഷനായിരുന്നു പ്രധാനപ്പെട്ട ഒരാവശ്യം. കാലവർഷക്കാലത്ത് ട്രോളിംഗ് നിരോധിക്കണം എന്ന ആവശ്യം ഗവൺമെൻറ് അംഗീകരിച്ചില്ലെങ്കിലും, സാമൂഹികസുരക്ഷിതത്വം സംബന്ധിച്ച ആവശ്യങ്ങൾ മിക്കതും ഫലത്തിൽ അംഗീകരിക്കപ്പെട്ടു.

മത്സ്യത്തൊഴിലാളികൾ ഏല്പിച്ച സമ്മർദ്ദവും സാമൂഹികസുരക്ഷിതത്വ സംവിധാനത്തിന് ഉണ്ടായ പുരോഗതിയും തമ്മിൽ ഉറ്റബന്ധമുള്ളതായി കാണാം. ഉദാഹരത്തിന്, 1972 മുതൽ സി. എഫ്. യു. നടത്തിയ സമരത്തെ തുടർന്നാണ് 1974-75 ൽ സാമൂഹിക സുരക്ഷിതത്വത്തിൽ മിതമായ ഒരു വളർച്ച ഉണ്ടായത്. 1972 മുതൽ ഫിഷറീസ് വകുപ്പു മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള പദ്ധതിച്ചെലവ് ഉയർത്തിയെന്ന കാര്യവും ഇവിടെ ചൂണ്ടിക്കാണിക്കാം. 1980 മുതൽ, അതിലും വിശേഷിച്ച് 1984-ന് ശേഷം, മത്സ്യത്തൊഴിലാളികളുടെ സമരത്തിന് ശക്തിയും വീര്യവും വർദ്ധിച്ചതോടുകൂടി സാമൂഹികസുരക്ഷിതത്വത്തിന് കൂടുതൽ തുക വകയിരുത്തുകയും, പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അവശ്യംവേണ്ട സംഘടനാപരമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്തതായി കാണാം. 1984-ലെ സമരത്തിൻെറ ഫലമായി സാമൂഹികസുരക്ഷിതത്വമേഖലയിൽ ഉണ്ടായ പ്രധാനപ്പെട്ട രണ്ട് നേട്ടങ്ങൾ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യവും (ലംപ്സം ഗ്രാൻറ്), മത്സ്യത്തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷനുമാണ്. ലംപ്സം ഗ്രാൻറ് പദ്ധതിക്ക് വിശേഷാൽ പ്രസക്തിയുണ്ട്. അന്നുവരെ ധീവരർ ഉൾപ്പെടെ ചില പിന്നോക്ക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്ന ഒരാനുകൂല്യമായിരുന്നു അത്. ജാതിയുടെ (Caste) പേരിലുള്ള ആനുകൂല്യം വർഗ്ഗത്തിനുള്ള (Class) ആനുകൂല്യമായി രൂപാന്തരപ്പെട്ടു. കെ. എസ്. എം. റ്റി. എഫ്. മാത്രമല്ല, രാഷ്ട്രീയ കക്ഷികളുമായി ബന്ധമുള്ള തൊഴിലാളി യൂണിയനുകളും ധീവരസഭയും കൂടി ഉയർത്തിയ ഒരു ആവശ്യത്തിൻെറ അംഗീകാരമായിരുന്നു മത്സ്യബോർഡ് നടപ്പാക്കിയ പെൻഷൻ പദ്ധതി. സാമൂഹികസുരക്ഷാ പദ്ധതികളുടെ കാര്യത്തിൽ സ്ഥാപനപരമായ പരിഷ്കാരങ്ങളും ഉണ്ടായി. പരമ്പരാഗത മത്സ്യത്തൊഴിലാളിമേഖലയ്ക്കുള്ള വികസനപരമായ സഹായങ്ങൾ ഊർജ്ജിതപ്പെടുത്താനാണ് 1985-ൽ മത്സ്യഫെഡ് സ്ഥാപിച്ചത്; മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമസഹായങ്ങൾ ഊർജ്ജിതപ്പെടുത്താനും ഏകോപിപ്പിക്കുവാനുമായി 1986-ൽ മത്സ്യബോർഡും. 1984-ന് ശേഷം നടന്ന സമരങ്ങളുടെ ഫലമാണ് ഈ സ്ഥാപനങ്ങളുടെ രണ്ടിൻെറയും രൂപീകരണം.

തുല്യഗൗരവത്തോടെയുള്ള പ്രതികരണങ്ങൾ ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായത് മത്സ്യത്തൊഴിലാളി സമരത്തിൻെറ ശക്തിയുടെ തെളിവാണ്. 1980 കളുടെ മദ്ധ്യത്തിൽ മുഖ്യമ

ന്ത്രിതന്നെ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തു. ഇത് മുമ്പുണ്ടായിട്ടില്ലാത്ത സംഗതിയാണ്. മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ട ഭൂരിപക്ഷം സാമൂഹികസുരക്ഷാ പദ്ധതികളും നടപ്പാക്കിയത് അവരെ വശത്താക്കാനുള്ള ശ്രമമായും കാണാം. വാസ്തവത്തിൽ, തൊഴിലാളികളുടെ കൂടുതൽ ഗൗരവാവഹമായ ഒരാവശ്യം കാലവർഷക്കാലത്തെ ട്രോളിംഗ് നിരോധനമായിരുന്നു. രാഷ്ട്രീയ കാരണങ്ങളാൽ ഗവൺമെൻറിന് വിഴുങ്ങാൻ കൂടുതൽ വിഷമമുള്ള ഒന്നായിരുന്നു അത്.

ഇന്ത്യൻ സാഹചര്യങ്ങൾ വച്ചുനോക്കുമ്പോൾ, 1970 കളിൽ കേരളം ഒരു 'ക്ഷേമ സംസ്ഥാനം' എന്ന പദവി കൈവരിച്ചു. പ്രബുദ്ധമായ ഒരു ഗവൺമെൻറിൻെറ നേതൃത്വത്തിൽ നടക്കുന്ന പ്രബുദ്ധമായ പൊതുപ്രവർത്തനം അഭിലഷണീയമായ ഒരു ലക്ഷ്യമാണെന്ന് മുകളിൽ വിവരിച്ച സംഭവങ്ങളുടെ സംക്ഷിപ്തചരിത്രം വ്യക്തമാക്കുന്നു. എന്നാൽ, വിവേചനശേഷിയുള്ള, ആവശ്യങ്ങൾ നേടിയെടുക്കാൻ സമ്മർദ്ദം ചെലുത്തുന്ന ഒരു രാഷ്ട്രീയസംവിധാനം നിലവിലുള്ളിടത്തു മാത്രമേ ഏറിയകൂറും ഈ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയുള്ളു എന്ന കാര്യവും തുല്യപ്രാധാന്യത്തോടെ ഊന്നിപ്പറയേണ്ടതുണ്ട്.

●

## അദ്ധ്യായം ഏഴ്

# സാമൂഹികസുരക്ഷാ പദ്ധതികൾ : ഒരു വിലയിരുത്തൽ

ഇതുവരെ വിവരിച്ച സാമൂഹികസുരക്ഷാ പദ്ധതികളെ ഒന്ന് വിലയിരുത്താനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പൊതുവായി ആവിഷ്ക്കരിച്ചിട്ടുള്ള ചില സാമൂഹികസുരക്ഷാ പദ്ധതികളുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ഗണ്യമായ അളവിൽ ലഭിക്കുന്നുണ്ടെന്ന് പറഞ്ഞുകൊള്ളട്ടെ. ഭക്ഷ്യധാന്യങ്ങളും ഇന്ധനവും ന്യായവിലയ്ക്കു വിതരണംചെയ്യുന്ന പൊതുവിതരണ സമ്പ്രദായമാണ് ഇവയിൽ പ്രമുഖം. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെല്ലാം കുറഞ്ഞ വിലയ്ക്ക് അരി കിട്ടുമെന്നുള്ളത് കടലമ്മ കനിയാത്ത ദിവസങ്ങളിൽ നേരിടുന്ന പട്ടിണിക്കെതിരായ ഒരു പ്രധാന സുരക്ഷിതത്വ നടപടിയാണ്. ഇപ്പോൾ ലഭ്യമായിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം ഇതുകൂടി ചേരുമ്പോൾ മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് ഗണ്യമായ പ്രയോജനം ലഭിക്കുന്നു. ഒരു ഗ്രാമീണ കുടുംബത്തിന് ഭക്ഷ്യസാധനങ്ങൾക്കുള്ള സബ്സിഡിയിനത്തിൽ 1983-84 ൽ 624 രൂപയുടെ പ്രയോജനം കിട്ടിയിരുന്നു എന്ന് കണക്കാക്കപ്പെടുന്നു (Kannan, 1998:360). മത്സ്യത്തൊഴിലാളികൾക്കുംകൂടി പ്രയോജനകരമായ സൗജന്യ ആരോഗ്യസംരക്ഷണ പദ്ധതിയിൽനിന്നും സൗജന്യവിദ്യാഭ്യാസ പദ്ധതിയിൽനിന്നും ലഭിക്കുന്ന സാമൂഹികസുരക്ഷാ ആനുകൂല്യങ്ങൾ ഗണ്യമാണ് – രണ്ടിൽ നിന്നുമുള്ള പ്രയോജനങ്ങൾ രൂപയിൽ കണക്കാക്കിയിട്ടില്ലെങ്കിലും. ഇതൊക്കെ പരിഗണിക്കുമ്പോൾ, ഈ പഠനത്തിൽ നാം കണക്കിലെടുക്കുന്ന സാമൂഹികസുരക്ഷാചെലവുകൾ മത്സ്യത്തൊഴിലാളി മേഖലയ്ക്ക് പ്രത്യേകമായി വകയിരുത്തിയിട്ടുള്ളവ മാത്രമാണ് എന്നും, ഇത് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മൊത്തം പ്രയോജനത്തെയും സൂചിപ്പിക്കുന്നില്ല എന്നും കാണാം.

### സാമൂഹികസുരക്ഷിതത്വം: അളവിൽ വർദ്ധനവ്, ഘടനയിൽ മാറ്റം :

മുകളിൽ പറഞ്ഞ പരിമിതികളുണ്ടായിട്ടും സാമൂഹികസുരക്ഷാ ഏർപ്പാടുകളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ സംഗതി ഒന്നാം ഘട്ടത്തെ അപേക്ഷിച്ച് രണ്ടാം ഘട്ടത്തിൽ ആനുകൂല്യങ്ങളുടെ അളവിൽ ഉണ്ടായ കുതിച്ചുകയറ്റമാണ്. രണ്ട് കാലഘട്ടങ്ങളിലെ സാമൂഹികസുരക്ഷാച്ചെലവുകളാണ് പട്ടിക 9-ൽ കൊടുത്തിരിക്കുന്നത്.


പട്ടിക 9

ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും സാമൂഹികസുരക്ഷാച്ചെലവുകൾ (ലക്ഷംരൂ.)

| | ആനുകൂല്യ പദ്ധതികൾ | | സംരക്ഷണ പദ്ധതികൾ | | മൊത്തം സാമൂഹിക സുരക്ഷാ പദ്ധതികൾ | |
|---|---|---|---|---|---|---|
| കാലഘട്ടങ്ങൾ | മൊത്തം | വാർഷിക ശരാശരി | മൊത്തം | വാർഷിക ശരാശരി | മൊത്തം | വാർഷിക ശരാശരി |
| ഒന്നാംഘട്ടം (1964-1985 ) 22 വർഷം | 860.50 | 39.10 | 53.20 | 2.40 | 913.70 | 41.50 |
| രണ്ടാംഘട്ടം (1986-1998) 13 വർഷം | 4,325.30 | 332.70 | 5,828.40 | 448.30 | 10,153.70 | 781.10 |
| വർദ്ധനവിൻെറ ശതമാനം | 403 | 751 | 10856 | 19328 | 1011 | 1782 |


മൊത്തം ചെലവാക്കിയ തുകയിൽ ഉണ്ടായ വർദ്ധനവിനോടൊപ്പം, രണ്ടാംഘട്ടത്തിൽ സംരക്ഷണപദ്ധതികൾ വിപുലമായതും പ്രസക്തമാണ്. ഒന്നാംഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിരുന്ന സംരക്ഷണം തൊഴിലിനിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്കുള്ള ഇൻഷ്വറൻസും അപകടമോ മരണമോ സംഭവിക്കുമ്പോൾ കിട്ടിയിരുന്ന ആനുകൂല്യങ്ങളും മാത്രമായിരുന്നു. എന്നാൽ, രണ്ടാംഘട്ടത്തിൽ ചികിത്സയ്ക്കും കല്യാണത്തിനും പ്രസവത്തിനും തൊഴിലില്ലായ്മയ്ക്കും മറ്റുമുള്ള ആനുകൂല്യങ്ങൾ പുതുതായി ഏർപ്പെടുത്തി. സമ്പാദ്യ-ദുരിതാശ്വാസ പദ്ധതിയും വാർദ്ധക്യകാല പെൻഷനും പ്രത്യേകം എടുത്തുപറയേണ്ട രണ്ട് പദ്ധതികളാണ്. കാരണം, രണ്ടാം ഘട്ടത്തിൽ സംരക്ഷണത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ സിംഹഭാഗവും ഈ പദ്ധതിയിനങ്ങളിലായിരുന്നു. ഒന്നാംഘട്ടത്തിൽ സംരക്ഷണത്തിനുവേണ്ടി മൊത്തം ചെലവാക്കിയത് 53.20 ലക്ഷം രൂപയായിരുന്നു — വാർഷിക ശരാശരി 2.40 ലക്ഷം. രണ്ടാംഘട്ടത്തിൽ ഈ തുകകകൾ യഥാക്രമം 5,828.40 ലക്ഷവും (58.28 കോടി) 448.30 ലക്ഷവും (4.48 കോടി) ആയി ഉയർന്നു. അതായത് മൊത്തം ചെലവിൻെറ കാര്യത്തിൽ 10,856 ശതമാനം (110 ഇരട്ടിയോളം) വർദ്ധനവും, വാർഷിക ശരാശരിയിൽ 19,328 ശതമാനം (200 ഇരട്ടിയോളം) വർദ്ധനവും ഉണ്ടായി.

രണ്ട് ഘട്ടങ്ങൾക്കിടയിൽ ആനുകൂല്യങ്ങളുടെ കാര്യത്തിലും വർദ്ധനവുണ്ടായി. ഒന്നാം ഘട്ടത്തിൽ 860.50 ലക്ഷം (8.61 കോടി) രൂപയായിരുന്നത് രണ്ടാംഘട്ടത്തിൽ 4,325.30 ലക്ഷം (43.25 കോടി ) രൂപയായി ഉയർന്നു — 403 ശതമാനം (നാലിരട്ടി) വർദ്ധനവ്. വാർഷിക ശരാശരി 39.10 ലക്ഷം രൂപയിൽനിന്ന് 332.70 ലക്ഷം രൂപയായി — 751 ശതമാനം — വർദ്ധിച്ചു. രണ്ടുംകൂടി കൂട്ടുമ്പോൾ, സാമൂഹികസുരക്ഷാച്ചെലവ് 913.70 ലക്ഷം (9.14 കോടി) രൂപയിൽനിന്ന് 10,153.70 ലക്ഷം (101.54 കോടി) രൂപയായും, വാർഷിക ശരാശരി 41.50 ലക്ഷം രൂപയിൽനിന്ന് 781.10 ലക്ഷം രൂപയായും വർദ്ധിച്ചു (ചിത്രം 2 കാണുക).




ഈ രണ്ട് കാലഘട്ടങ്ങൾക്കിടയിൽ സാമൂഹികസുരക്ഷാ സഹായത്തിന്റെ കാര്യത്തിൽ ഉണ്ടായ ഘടനാപരമായ മാറ്റമാണ് ശ്രദ്ധേയമായ ഒരു സംഗതി. ഒന്നാംഘട്ടത്തിൽ ആനുകൂല്യങ്ങളുടെ വിതരണത്തിനായിരുന്നു പ്രാമുഖ്യമെങ്കിൽ, രണ്ടാംഘട്ടത്തിൽ സംരക്ഷണത്തിനായി പ്രാധാന്യം. ഒന്നാംഘട്ടത്തിൽ മൊത്തം ചെലവിന്റെ 6 ശതമാനം മാത്രമായിരുന്നു സംരക്ഷണ പദ്ധതികൾക്കായി ചെലവഴിച്ചത്. അതേസമയം, രണ്ടാംഘട്ടത്തിൽ സംരക്ഷണത്തിന്റെ വിഹിതം 60 ശതമാനമായി ഉയർന്നു. തദ്ഫലമായി, ആനുകൂല്യങ്ങളുടെ വിഹിതം 40 ശതമാനമായി കുറഞ്ഞു (ചിത്രം 3 കാണുക). യന്ത്രവൽകൃത മത്സ്യബന്ധനത്തിന്റെ വ്യാപനം മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കൂടുതൽ കൂടുതൽ പാപ്പരായിക്കൊണ്ടിരുന്നപ്പോൾ, സത്വരമായ പ്രതിവിധിക്കുവേണ്ടി അവർ നടത്തിയ സമരങ്ങളാവാം ഈ മാറ്റത്തിന് ഒരു കാരണം.

ചിത്രം 3 : സഹായാധിഷ്ഠിതവും സംരക്ഷണാധിഷ്ഠിതവുമായ സാമൂഹിക സുരക്ഷ



### പ്രതിശീർഷ സാമൂഹികസുരക്ഷാച്ചെലവ്

മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവുമായി തട്ടിച്ചുനോക്കുമ്പോഴാണ് സാമൂഹികസുരക്ഷാച്ചെലവിലുണ്ടായ ഈ വർദ്ധനവ് കൂടുതൽ അർത്ഥപൂർണ്ണമായിത്തീരുന്നത്. ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഉണ്ടായിരുന്ന മത്സ്യത്തൊഴിലാളികളുടെ ശരാശരി എണ്ണം യഥാക്രമം 1,54,000 ഉം 1,96,200 ഉം ആയിരുന്നു. ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ശരാശരി ഓരോ തൊഴിലാളിക്ക് ലഭിച്ച സാമൂഹികസുരക്ഷാ വിഹിതം (പ്രതിശീർഷ വിഹിതം) യഥാക്രമം 590 രൂപയും 5,175 രൂപയും ആയിരുന്നു. ഏകദേശം 800 ശതമാനം (എട്ടിരട്ടി) വർദ്ധനവ്. പക്ഷേ, നാണയപ്പെരുപ്പംകൂടി കണക്കിലെടുത്താൽ പ്രതിശീർഷ സഹായത്തിലെ വർദ്ധനവ് 275 ശതമാനം മാത്രമായിരുന്നു എന്ന് കാണാം. സ്ഥിരവിലയിൽ (1970=100) കണക്കാക്കുമ്പോൾ, പ്രതിശീർഷസഹായം ഒന്നാംഘട്ടത്തിലെ 320 രൂപയിൽനിന്ന് രണ്ടാംഘട്ടത്തിൽ 1,200 രൂപയായി ഉയർന്നു (പട്ടിക 10).

പട്ടിക 10

സാമൂഹികസുരക്ഷിതത്വത്തിൻെറ ആപേക്ഷികമായ അളവുകൾ

| | ഒന്നാംഘട്ടം | രണ്ടാംഘട്ടം | വർദ്ധനവിൻെറ ശതമാനം |
|---|---|---|---|
| പ്രതിശീർഷ സാമൂഹിക സുരക്ഷാച്ചെലവ് (നാമമാത്രം) | 593 രൂ. | 5,174 രൂ | 773 |
| പ്രതിശീർഷ സാമൂഹിക സുരക്ഷാച്ചെലവ് (യഥാർത്ഥം) | 322 രൂ. | 1,206 രൂ. | 275 |
| സാമൂഹികസുരക്ഷാച്ചെലവ് എഫ്. എസ്. പി. (വാർഷികശരാശരി) | 0.68% | 1.71% | 151 |
| സാമൂഹികസുരക്ഷാച്ചെലവ് ബജറ്റിലെ മൊത്തം ചെലവ് (വാർഷിക ശരാശരി) | 0.05% | 0.17% | 237 |

### സാമൂഹികസുരക്ഷിതത്വവും മത്സ്യബന്ധന മേഖലയിലെ ഉല്പാദനവും

മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷിതത്വത്തിന് ചെലവഴിക്കുന്ന തുക സംസ്ഥാനത്തിൻെറ ആഭ്യന്തര ഉല്പാദനത്തിൽ (SDP) മത്സ്യബന്ധനമേഖലയുടെ സംഭാവനയുടെ (FSP) അനുപാതത്തിൽ തന്നെയാണോ? വികസ്വര രാജ്യങ്ങൾ മൊത്തം ആഭ്യന്തര ഉല്പാദനത്തിൻെറ (Gross Domestic Product - GDP) 5 ശതമാനം എങ്കിലും തങ്ങളുടെ പൗരന്മാരുടെ സാമൂഹികസുരക്ഷാ സഹായമായി വിനിയോഗിക്കണമെന്ന് ഐക്യരാഷ്ട്രസഭ ശുപാർശചെയ്യുന്നു (UNDP, 1991). ഇതനുസരിച്ച്, മത്സ്യബന്ധനമേഖലയിലെ ഉല്പാദനത്തിന് പ്രധാനമായും കാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുവേണ്ടി ഈ ഉല്പാദനത്തിൻെറ 5

ശതമാനമെങ്കിലും ചെലവാക്കിയാൽ അത് നീതിപൂർവകമാണെന്ന് വാദിക്കാം. ഒന്നാംഘട്ടത്തിലെയും രണ്ടാംഘട്ടത്തിലെയും ശരാശരി എഫ്. എസ്. പി. യഥാക്രമം 60.90 കോടി രൂപയും 456.50 കോടി രൂപയും ആയിരുന്നു. രണ്ടാംഘട്ടത്തിൽപോലും ഐക്യരാഷ്ട്രസഭയുടെ മാനദണ്ഡമനുസരിച്ചുള്ള തുക മത്സ്യത്തൊളിലാളികളുടെ സുരക്ഷാപദ്ധതികൾക്കുവേണ്ടി ചെലവഴിച്ചിട്ടില്ലെന്ന് കാണാം. സാമൂഹികസുരക്ഷയ്ക്കുവേണ്ടി ചെലവാക്കിയ തുകയെ മത്സ്യബന്ധന മേഖലയുടെ മൊത്തം ഉല്പാദനത്തിൻെറ അനുപാതമായി കണക്കാക്കുമ്പോൾ (അതായത്, സുരക്ഷാച്ചെലവ് : മത്സ്യബന്ധനമേഖലയുടെ മൊത്തം ഉല്പാദനം), ഒന്നാംഘട്ടത്തിലെ ശരാശരി വെറും 0.68 ശതമാനവും, രണ്ടാംഘട്ടത്തിലേത് 1.71 ശതമാനവും ആയിരുന്നുവെന്ന് കിട്ടുന്നു. പക്ഷേ സംസ്ഥാനത്തിൻെറ മൊത്തം ആഭ്യന്തര ഉല്പാദനത്തിൻെറ വെറും 0.52 ശതമാനം മാത്രമാണ് സംസ്ഥാനത്തിൻെറ മൊത്തം സാമൂഹികസുരക്ഷയ്ക്കുവേണ്ടി രണ്ടാംഘട്ടത്തിൽ സംസ്ഥാനം ചെലവാക്കിയത്. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ നില എത്രയോ ഭേദമാണ്.

## സന്തുലിത വളർച്ചയും ഏകോപനവും

രണ്ടാംഘട്ടത്തിൽ സാമൂഹികസുരക്ഷിതത്വത്തിലും അതിൻെറ ആപേക്ഷിക പരിമാണങ്ങളിലും ഗണ്യമായ വർദ്ധനവ് ഉണ്ടായി എന്ന് പട്ടിക 10 കാണിക്കുന്നു. എന്നിരുന്നാലും, സംരക്ഷണാധിഷ്ഠിതവും ആനുകൂല്യാധിഷ്ഠിതവുമായ സാമൂഹികസുരക്ഷിതത്വത്തിൻെറ മാതൃകാപരമായ സന്തുലിത വളർച്ചയ്ക്ക് (Guhan, 1993; Dreze and Sen, 1991), പ്രത്യേകിച്ചും ആനുകൂല്യരംഗത്ത്, ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കിടക്കുന്നു. കാരണം, മത്സ്യബന്ധനരംഗത്ത് സാമൂഹികസുരക്ഷാ ആനുകൂല്യങ്ങളുടെ അഭാവം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. ഉദാഹരണമായി, മത്സ്യത്തൊഴിലാളികളുടെ എണ്ണം ഈ മേഖലയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ മറ്റൊരു തൊഴിലവസരവുമില്ല ഫലത്തിൽ. ആകയാൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികളും തൊഴിൽ പരിശീലനപരിപാടികളും അത്യന്താപേക്ഷിതമാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ ആരോഗ്യസ്ഥിതിയും ശുചീകരണ സംവിധാനങ്ങളും ഇന്നും ശോചനീയമാണ്. (Charles, 1997; Pushpangadan and Murugan, 1999). ആസൂത്രിതമായ ഒരു നീക്കം ഉണ്ടായില്ലെങ്കിൽ, കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളിലെ ആരോഗ്യസ്ഥിതി ഇനിയും കൂടുതൽ വഷളായിത്തീരും.

സാമൂഹികസുരക്ഷിതത്വം പ്രദാനംചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനരാഹിത്യം ഉത്കണ്ഠാജനകമായ മറ്റൊരു പ്രശ്നമാണ്. ഉദാഹരണമായി, ഭവനനിർമ്മാണ പദ്ധതിയുടെ കാര്യമെടുക്കാം. വീടുവയ്ക്കാനുള്ള തുക മുഴുവനും (35,000 രൂ.) ഫിഷറീസ് ഡിപ്പാർട്ടുമെൻറ് ഗ്രാൻറായി നൽകുമ്പോൾ, മത്സ്യഫെഡ് 1985-86 ൽ ആവിഷ്ക്കരിച്ച ഒരു പദ്ധതിയനുസരിച്ച്, 1,900 രൂപ ഗ്രാൻറും ബാക്കി വായ്പയുമാണ് നൽകുന്നത്. രണ്ടാമത് പറഞ്ഞ പദ്ധതിക്ക് ഗുണഭോക്താക്കൾ കുറയുക സ്വാഭാവികം. ഈ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തിയാൽ, പാർപ്പിടപ്രശ്നത്തിന് കൂടുതൽ വേഗത്തിൽ പരിഹാരം കാണാൻ അത് സഹായകമാവും.

## പദ്ധതി നടത്തിപ്പിലെ കാലവിളംബം

പദ്ധതികളുടെ എണ്ണം മാത്രം നോക്കി സാമൂഹികസുരക്ഷിതത്വം എത്രത്തോളം ഫലപ്രദമാണെന്ന് പറയാൻ കഴിയുകയില്ല. അവ ശരിയായ രീതിയിൽ, യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്നത് പ്രധാനമാണ്. ഇവിടെ കേരളത്തിലെ സ്ഥിതി ഉത്കണ്ഠാജനകമാണ്. വേണ്ടത്ര പണം ഇല്ലാത്തത് കാരണം പല പദ്ധതികളും പരാജയപ്പെട്ടിട്ടുണ്ട്. മത്സ്യബോർഡിന്റെ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇതിന് ഒന്നാന്തരം ഉദാഹരണം. ഈ പദ്ധതി തുടങ്ങിയിട്ട് ഇതുവരെ, മത്സ്യത്തൊഴിലാളികൾ പെൻഷൻ കുടിശ്ശികയ്ക്ക് വേണ്ടി സമരം ചെയ്യാത്ത ഒരൊറ്റ വർഷവും ഉണ്ടായിട്ടില്ല. വാർദ്ധക്യകാല പെൻഷൻ വിതരണം യഥാർത്ഥത്തിൽ പെൻഷൻ കുടിശ്ശിക വിതരണമായിത്തീർന്നിരിക്കുന്നു. ഏതാനുംമാസം മുതൽ രണ്ട് വർഷംവരെ കുടിശ്ശിക വന്നിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വസ്ത്രങ്ങൾ, പുസ്തകങ്ങൾ മുതലായ അവശ്യസാധനങ്ങൾ വാങ്ങാൻ ഉദ്ദേശിച്ചുള്ള ലംപ്സം ഗ്രാൻറ് പദ്ധതിയാണ് മറ്റൊരുദാഹരണം. നിർഭാഗ്യവശാൽ ഈ പദ്ധതിയുടെ തുകവിതരണം പോലും കുടിശ്ശികയാണ്. പദ്ധതിയുടെ ലക്ഷ്യം പരാജയപ്പെടുന്നു എന്നതാണ് ഇതിന്റെ ആത്യന്തിക ഫലം. കുടിശ്ശിക അസമയത്ത് കിട്ടുന്നതിനാൽ ആ തുക മറ്റാവശ്യങ്ങൾക്കായിരിക്കും ചെലവിടുന്നത്.

## മറ്റ് മേഖലകളുമായി ഒരു താരതമ്യം

സാമൂഹികസുരക്ഷിതത്വത്തിനും വികസനസഹായങ്ങൾക്കും സ്ഥാപനങ്ങളുടെ പരിഷ്കരണത്തിനും വേണ്ടി മത്സ്യത്തൊഴിലാളികൾ നിരന്തരം നടത്തിവന്ന പ്രചണ്ഡമായ സമരങ്ങളുടെ ഫലമായി, കേരളത്തിൽ സമാനമായ സാമൂഹികസുരക്ഷാ പദ്ധതികളുടെ ആനുകൂല്യം അനുഭവിക്കുന്ന മറ്റ് ചില അസംഘടിത തൊഴിലാളിവിഭാഗങ്ങളെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളി മേഖലയിൽ കൂടുതൽ സാമൂഹികസുരക്ഷാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; അവയുടെ വ്യാപ്തിയും കൂടുതലാണ്. ഇതിന് ദൃഷ്ടാന്തമായി, കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം സുസംഘടിതമായ മറ്റ് രണ്ട് സ്ഥാപനങ്ങളായ കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെയും കേരളാ ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെയും പ്രവർത്തനങ്ങളുമായി ഒന്ന് താരതമ്യപ്പെടുത്തി നോക്കാം.

വ്യാപ്തിയിലും പദ്ധതികളുടെ എണ്ണത്തിലും കേരളാ ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡാണ് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതെന്ന് പട്ടിക 11, 12 എന്നിവയിൽ നിന്ന് മനസ്സിലാക്കാം. പക്ഷേ, പ്രതിശീർഷ സാമൂഹികസുരക്ഷാ സഹായം എന്ന നിർണ്ണായകമായ സൂചികയുടെ കാര്യത്തിൽ അത് മറ്റ് രണ്ട് ബോർഡുകളുടെയും പിന്നിലാണ്. അംഗത്വത്തിന്റെ വ്യാപ്തിയിൽ ഉണ്ടായ വളർച്ചയനുസരിച്ച് സാമ്പത്തിക സഹായം വർദ്ധിച്ചിട്ടില്ല എന്നാണ് ഇത് അർത്ഥമാക്കുന്നത്. അതുപോലെതന്നെ, കിട്ടേണ്ട തുകകൾ യഥാസമയം കിട്ടാറുമില്ല. ഇതുവരെ ഉണ്ടായ പ്രസക്തമായ പുരോഗതികളെല്ലാം കണക്കിലെടുത്താലും, കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ സാമ്പത്തിക നില ഇനിയും വളരെ മെച്ചപ്പെടാനുണ്ട്. അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇനി എന്തെല്ലാം ചെയ്യേണ്ടിയിരിക്കുന്നു എന്ന് ആലോചിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പട്ടിക 11

**മത്സ്യത്തൊഴിലാളി, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡുകൾ നൽകുന്ന സാമൂഹികസുരക്ഷാ സഹായങ്ങൾ**

| | മത്സ്യത്തൊഴിലാളി | ചുമട്ടുതൊഴിലാളി |
|---|---|---|
| പ്രവർത്തനം ആരംഭിച്ച വർഷം | 1986 | 1984 |
| വ്യാപ്തി (31-12-94 ലെ സ്ഥിതി) | 1,72,000 (90%) | 16,387 (9%) |
| പദ്ധതികളുടെ എണ്ണം | 15 | 12 |
| വാർഷിക സാമൂഹിക സുരക്ഷാ ച്ചെലവ് (1988-91, നാല് വർഷത്തെ ശരാശരി) | 139.70 ലക്ഷം രൂ. | 92.30 ലക്ഷം രൂ. |
| വാർഷിക പ്രതിശീർഷ സാമൂഹികസുരക്ഷ (1988-91) | 81 രൂ. | 563 രൂ. |

*അവലംബം : മത്സ്യബോർഡിൽ നിന്നും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ച അപ്രസിദ്ധീകൃത കണക്കുകൾ*

പട്ടിക 12

**മത്സ്യത്തൊഴിലാളി, കയർത്തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നൽകുന്ന സാമൂഹികസുരക്ഷാ സഹായങ്ങൾ**

| | മത്സ്യത്തൊഴിലാളി | കയർത്തൊഴിലാളി |
|---|---|---|
| പ്രവർത്തനം ആരംഭിച്ച വർഷം | 1986 | 1988 |
| വ്യാപ്തി (31-12-1994 ലെ സ്ഥിതി) | 1,72,000 (90%) | 1,40,000 (33%) |
| പദ്ധതികളുടെ എണ്ണം | 15 | 9 |
| വാർഷിക സാമൂഹികസുരക്ഷാച്ചെലവ് (1997-99; 3 വർഷത്തെ ശരാശരി) | 426.30 ലക്ഷം രൂ. | 409.40 ലക്ഷം രൂ. |
| വാർഷിക പ്രതിശീർഷ സാമൂഹിക സുരക്ഷാച്ചെലവ് (1997-99) | 247.85 രൂ. | 292.43 രൂ. |

*(അവലംബം: മത്സ്യബോർഡിൽനിന്നും കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ച അപ്രസിദ്ധീകൃത കണക്കുകൾ)*

## അദ്ധ്യായം എട്ട്

# സാമൂഹികസുരക്ഷ : ഇനിയെന്ത്?

വിട്ടിണിയും പട്ടിണിയിലേക്ക് വഴുതിവീഴാനുള്ള സാധ്യതയും ഇല്ലാതാക്കുക അല്ലെങ്കിൽ ലഘൂകരിക്കുക; ഇതിനുള്ള ശ്രമങ്ങളിലൂടെ ജീവിതവും ഉപജീവനമാർഗ്ഗങ്ങളും കൂടുതൽ സുരക്ഷിതമാക്കുക — ഈ ലക്ഷ്യങ്ങൾ സാധിക്കുമ്പോഴാണ് സാമൂഹികസുരക്ഷിതത്വം നേടിയെന്ന് പറയാൻ കഴിയുക എന്ന് തുടക്കത്തിലേ പ്രസ്താവിക്കുകയുണ്ടായി. ഒരു സമൂഹത്തെ സാമൂഹികമായി സുരക്ഷിതമാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഘടകങ്ങളാണ് കൂട്ടായ പരിരക്ഷയും പങ്കുവയ്ക്കലും. പരിരക്ഷയ്ക്കും പങ്കുവയ്ക്കലിനുമുള്ള കൂട്ടായ പ്രതിജ്ഞാബദ്ധതയുടെ ധാർമ്മികമാനത്തിലും നാം ഊന്നുകയുണ്ടായി. ഇപ്പറഞ്ഞവയിൽ ആദ്യത്തെ മാനത്തിന്റെ ആത്യന്തിക ലക്ഷ്യം ജനങ്ങളുടെ, വിശേഷിച്ചും ദുർബ്ബലവിഭാഗങ്ങളുടെ, ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ്. ഈ പ്രബന്ധത്തിൽ നമ്മുടെ പ്രാഥമിക പരിഗണന ഇപ്പറഞ്ഞ ലക്ഷ്യത്തിനായതുകൊണ്ട് — പട്ടിണി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിനായതുകൊണ്ട് — അതിൽ സാമൂഹികസുരക്ഷാ പദ്ധതികൾ എത്രത്തോളം വിജയിച്ചു എന്ന് പരിശോധിക്കാം.

തുടക്കത്തിൽ നാം കണ്ടതുപോലെ, ജീവിതത്തിന്റെ ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ മത്സ്യത്തൊഴിലാളികൾ കേരള സമൂഹത്തിന്റെ അടിത്തട്ടിലായിരുന്നു. കഴിഞ്ഞ കുറെ വർഷങ്ങൾക്കിടയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സാമൂഹികസുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടി കൈക്കൊണ്ടിട്ടുള്ള നിരവധി സാമൂഹിക-സാമ്പത്തിക നടപടികൾ ഇതിന് സഹായകമായിട്ടുണ്ട്. എങ്കിലും, കേരളത്തിലെ പൊതുവായ ജീവിതനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ മത്സ്യത്തൊഴിലാളി സമൂഹങ്ങൾ ഇപ്പോഴും പിന്നോക്കമാണ്. ഇക്കാര്യത്തിൽ തികച്ചും ഇന്നത്തേതായ സെൻസസ് വിവരങ്ങൾ ലഭ്യമല്ല. മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ടാസ്ക്ഫോഴ്സിന്റെ നിയന്ത്രണത്തിൽ, ഉപജീവനമാർഗ്ഗങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി, 1996-97ൽ മത്സ്യഫെഡ് ഒരു ദ്രുതനിർണ്ണയ സർവേ നടത്തുകയുണ്ടായി (GOK, 1997). കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ 1996-97-ലെ അവസ്ഥയെപ്പറ്റി ഒരേകദേശ ചിത്രം ഇതിൽനിന്ന് ലഭിക്കും.

ഈ സർവ്വേയനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ പാർപ്പിടസൗകര്യം ഇപ്പോഴും മോശമാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ വീടുകളിൽ 53 ശതമാനം വേലിയേറ്റരേഖയിൽനിന്ന്

200 മീറ്ററിനുള്ളിലാണ് എന്നു പറയുമ്പോൾ എത്ര ഇടതിങ്ങിയാണ് അവർ പാർക്കുന്നതെന്നു വ്യക്തമാവും. കൂടാതെ, ഇപ്പോഴും വീടുകളിൽ 19 ശതമാനം ഓലമേഞ്ഞവയാണ്. (1981-ൽ ഇത് 48 ശതമാനമായിരുന്നു) വീടുകളിൽ 12 ശതമാനം കടലാക്രമണത്തിൻെറ ഭീഷണിയിലാണ്. 10 ശതമാനത്തിന് ഉടമാവകാശം തെളിയിക്കുന്ന രേഖകളൊന്നുമില്ല. 93 ശതമാനം തീരദേശ ഗ്രാമങ്ങളിൽ കക്കൂസുകളില്ല. കടപ്പുറത്ത് വെളിക്കിറങ്ങുകയാണ് പതിവ്. തീരപ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെ ആണെങ്കിലും, കുടിവെള്ളം എടുക്കാൻവേണ്ടി പ്രത്യേകം നിർമ്മിച്ച കിണറുകൾ ഉള്ളത് 17 ശതമാനം ഗ്രമങ്ങളിൽ മാത്രമാണ്. സാക്ഷരതയുടെ കാര്യത്തിൽ 70 ശതമാനം മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ സംസ്ഥാന ശരാശരിയുടെ പിന്നിലാണ്. തിരുവനന്തപുരം ജില്ലയിലെ രണ്ട് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ – പുല്ലുവിളയിലും അടിമലത്തുറയിലും – ഈയിടെ ഒരു സാമ്പിൾ സർവേ നടത്തി (Pushpangadan and Murgan, 1999). കേരളത്തിലെ ശരാശരി ജീവിതനിലവാരത്തിലും താഴെയാണ് ഈ ഗ്രാമങ്ങളുടെ ജീവിതനിലവാരമെന്ന് ഈ പഠനവും കാണിക്കുന്നു. നിരക്ഷരത തിരുവനന്തപുരം ജില്ലയിലെ പുരുഷന്മാരുടെ 8 ശതമാനവും സ്ത്രീകളുടെ നിരക്ഷരത 15.8 ശതമാനവും ആയിരിക്കുമ്പോൾ, മേൽപ്പറഞ്ഞ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഇവ യഥാക്രമം 38.70 ശതമാനവും 39.40 ശതമാനവും ആണ്.

മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ സാമൂഹികസുരക്ഷിതത്വം ലക്ഷ്യംവച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകുന്ന നടപടികൾ ഇനിയും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു എന്നാണ് ഈ പഠനങ്ങൾ വെളിവാക്കുന്ന വസ്തുതകൾ കാണിക്കുന്നത്. നിർഭാഗ്യവശാൽ, ആനുകൂല്യങ്ങൾ നൽകുന്ന സാമൂഹികസുരക്ഷാ നടപടികളുടെ അനുപാതം കുറഞ്ഞുവരികയാണ്. മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ആരോഗ്യപരിരക്ഷ ഒട്ടും തൃപ്തികരമല്ല. പ്രയുക്ത പോഷകാഹാര പരിപാടി (Applied Nutrition Programme - ANP) മാത്രമായിരുന്നു ഒരേയൊരു പോഷകാഹാര വിതരണ പദ്ധതി. 1976-77 ൽ തന്നെ അത് നിർത്തലാക്കി. ഇത്തരമൊരു പരിപാടി വീണ്ടും തുടങ്ങുന്നത് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരദാരിദ്ര്യം പരിഹരിക്കാൻ ഉപകരിക്കും. മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ രോഗബാധയുടെ നിരക്ക് ബാക്കി ജനങ്ങളുടെ ഇടയിലുള്ളതിനേക്കാൾ ഉയർന്നതാണ്. (Pushpangadan and Murugan, ibid; Charles, 1997) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിലെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ അപര്യാപ്തവും സാഹചര്യങ്ങൾക്കിണങ്ങാത്തവയുമാണെന്ന് പഠനങ്ങൾ കാണിക്കുന്നു (Charles, ibid). ഫിഷറി ഡിസ്പെൻസറി പ്രോഗ്രാം പുനരാരംഭിക്കുന്നത് വളരെയേറെ ഗുണപ്രദമായിരിക്കും.

പലവിധമായ കാരണങ്ങളാൽ, മത്സ്യബന്ധനമേഖലയിലെ തൊഴിൽ സുരക്ഷിതത്വം പ്രത്യേക പ്രാധാന്യം ആർജ്ജിക്കുന്നു. ഒന്നാമത്, ഇവിടെ പ്രച്ഛന്നമായ തൊഴിലില്ലായ്മ വൻതോതിൽ നിലനിൽക്കുന്നു. ഏറ്റവും അഭിലഷണീയമായതിലും ഉയർന്ന തോതിലാണ് കേരളത്തിൽ മത്സ്യബന്ധനം നടക്കുന്നതെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇതുകാരണം, മത്സ്യബന്ധനമേഖലയിൽ നിന്നുള്ള പ്രതിശീർഷ വരുമാനം കുറഞ്ഞിരിക്കുന്നു. രണ്ടാമത്, മത്സ്യത്തൊഴിലാളികൾ ചില പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നത് തൊഴിലില്ലായ്മ രൂക്ഷതരമാക്കുന്നു – സമുദ്രമത്സ്യ

ബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ കാര്യത്തിൽ ലോകമെങ്ങും നിലവിലുള്ള ഒരു സ്ഥിതിവിശേഷം. രാജ്യത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ മത്സ്യത്തൊഴിലാളികളുടെ എണ്ണം അത്ര ഉയർന്നതല്ലെങ്കിലും, തീരദേശഗ്രാമങ്ങളിലെ പരിമിതമായ സ്ഥലത്തുള്ള കേന്ദ്രീകരണം അത്തരം പ്രദേശങ്ങളിലെ തൊഴിലില്ലായ്മ പ്രശ്നത്തെ രൂക്ഷതരമാക്കുന്നു. മറ്റ് തൊഴിലുകളിൽ ഏർപ്പെടാനുള്ള സൗകര്യം തീരെ ഇല്ലാതിരിക്കുകയോ നാമമാത്രമായിരിക്കുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ ഇത് തികച്ചും സംഗതമാണ്. ഇതിന് പുറമെ, മത്സ്യത്തൊഴിലാളികളുടെ താണ ഔപചാരിക വിദ്യാഭ്യാസനിലവാരവും, സമൂഹത്തിൽ അവർക്കുള്ള ശക്തമായ വേരുകളും സാംസ്കാരിക ബന്ധവും തൊഴിലന്വേഷിച്ച് നാടുവിടുന്നതിന് പ്രതിബന്ധമാവുന്നു. ഇതിൻെറ ഫലമായി, വളർന്നുവരുന്ന കുട്ടികളെല്ലാം ഈയൊരു തൊഴിലിൽതന്നെ പറ്റിക്കൂടുന്നതിനാൽ, തീരദേശങ്ങളിൽ മറ്റ് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സൃഷ്ടിപരമായ കർമ്മപരിപാടികൾ കൈക്കൊള്ളാത്ത പക്ഷം, തൊഴിലില്ലായ്മപ്രശ്നം ഇനിയും കൂടുതൽ വഷളാവുകയേയുള്ളു.

മറ്റ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കേരളം ഇനിയും ഗണ്യമായ പുരോഗതിയൊന്നും കൈവരിച്ചിട്ടില്ല. സമുദ്രതീരത്തുള്ള വികസിത ഒ. ഇ. സി. ഡി. രാജ്യങ്ങൾ ഈ രംഗത്ത് ശ്ലാഘനീയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആ രാജ്യങ്ങളുടെ അനുഭവത്തിൽനിന്ന് കേരളത്തിന് പലതും പഠിക്കാനുണ്ടാവും. ഉത്തരവാദിത്വബോധമുള്ള മത്സ്യബന്ധനത്തിലേക്ക് നയിക്കുന്ന ഘടനാപരമായ പരിഷ്കരണപ്രക്രിയകൾക്കിടയിൽ, ഒരു സുരക്ഷാവലയം എന്ന നിലയിൽ മറ്റ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അവയിൽ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും പ്രസ്തുത ഗവൺമെൻറുകൾ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികൾക്ക് പുനഃപരിശീലനം നൽകുക, മത്സ്യബന്ധനമേഖലയെ ലക്ഷ്യമാക്കി ഊർജ്ജിതമായ തൊഴിൽ വിപണന പദ്ധതികൾ നടപ്പാക്കുക, വിനോദസഞ്ചാരത്തിലും ഗ്രാമവികസനത്തിലും നിക്ഷേപം നടത്തുക, യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം നൽകുക – ഇത്യാദി പരിപാടികൾ നടപ്പാക്കിയാണ് അവർ ഈ നേട്ടമുണ്ടാക്കിയത് (OECD, 1997). ഇത്തരം പ്രശ്നങ്ങളെ വെടിപ്പായി നേരിടുന്നതിന് വേണ്ട ആനുകൂല്യപദ്ധതികൾ കൂടുതൽ നടപ്പാക്കുകയാണ് കേരളത്തിൻെറ ഇന്നത്തെ ആവശ്യം.

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളും മത്സ്യത്തൊഴിലാളി മേഖലയിൽ നടന്നിട്ടില്ല. മത്സ്യക്കച്ചവടത്തിലേർപ്പെടുന്ന വനിതകൾക്ക് വേണ്ടിയുള്ള ഏതാനും ക്ഷേമ പ്രവർത്തനങ്ങൾ ഒഴിവാക്കിയാൽ, സ്ത്രീകൾക്ക് വരുമാനം ഉണ്ടാക്കാനുള്ള പദ്ധതികൾ ഒന്നുമില്ല. മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹികസുരക്ഷാ പദ്ധതികൾ സ്ത്രീകൾക്കു ഗുണകരമായ രീതിയിൽ പുനരാവിഷ്കരിക്കേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളി സമൂഹങ്ങളിലെ സ്ത്രീകൾക്ക് മത്സ്യബന്ധനമേഖലയിലും ഇതര മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അവർക്ക് പരിശീലനം നൽകുകയും ചെയ്യേണ്ടത് മർമ്മപ്രധാനമാണ്. സ്കൂളിലും, കോളേജിലും സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചേർന്ന് പഠിക്കാൻ മത്സ്യത്തൊഴിലാളികളുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന പലതരം പരിപാടികളുണ്ടെന്നുള്ളത് സന്തോഷകരമാണ്. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും ഏറെക്കുറെ നല്ല

നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാഥമിക തലത്തിൽതന്നെ കുട്ടികൾക്ക് അവിടെ പ്രവേശനം നൽകുന്നത് നന്നായിരിക്കും. സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാനുള്ള സാഹചര്യങ്ങൾ – പഠനത്തിന് സഹായകമായ ഭൗതികസൗകര്യങ്ങൾ, മാതാപിതാക്കളിൽ നിന്നുള്ള പ്രോത്സാഹനം മുതലായവ – വീടുകളിലില്ല എന്നതാണ് ഇപ്പോഴുള്ള ഒരു പോരായ്മ.

സാമൂഹികസുരക്ഷിതത്വം സ്ഥായിയായി നിലനിർത്താൻ ആവശ്യമായ വിഭവങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം. സമുദ്രോല്പന്ന കയറ്റുമതിക്കാരിൽനിന്ന് കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട രാഷ്ട്രീയ ഇച്ഛാശക്തി ഇവിടെ സവിശേഷ പ്രാധാന്യമർഹിക്കുന്നു. കയറ്റുമതിക്കായുള്ള സമുദ്രോല്പന്ന സംസ്കരണശാലകളിൽ പണിയെടുക്കുന്നവർക്കുംകൂടി ക്ഷേമനിധിയുടെ പ്രയോജനം ലഭ്യമാക്കേണ്ടത് അനിവാര്യവും അഭിലഷണീയവുമാണ്. സംഭാവന നൽകുന്നത് പ്രത്യക്ഷത്തിൽ തങ്ങളുമായി ബന്ധമുള്ള ഒരാവശ്യത്തിനാണെന്ന് കയറ്റിമതിക്കാർക്ക് ബോധ്യപ്പെടാൻ ഇത് സഹായകമാവും. അങ്ങനെയത് കൂടുതൽ നീതിപൂർവകമായിത്തീരും. സാമൂഹികസുരക്ഷാ പദ്ധതികളുടെ ഭരണപരമായ ചെലവുകൾ കുറയ്ക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. അങ്ങനെ മിച്ചംവരുന്ന വിഭവങ്ങൾ വിതരണംചെയ്യാനുള്ള ആനുകൂല്യങ്ങളുടെ കൂടെ കൂട്ടാൻ കഴിയുമെങ്കിൽ അത് വളരെ പ്രയോജനം ചെയ്യും. മൊത്തം ചെലവിന്റെ ഗണ്യമായൊരു ഭാഗം ഭരണപരമായ കാര്യങ്ങൾക്ക് ചെലവിടുന്ന മത്സ്യബോർഡിന്റെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും സംഗതമാവുന്നു. കേരളത്തിലെ സാഹചര്യങ്ങളിൽ, നിയമനിർമ്മാണം വഴി നിലവിൽവന്ന ഒരു സ്ഥാപനത്തിന്റെ വലിപ്പം വെട്ടിക്കുറയ്ക്കുക എന്നത് അസാധ്യമാണെന്ന കാര്യം മനസ്സിലാക്കാം. അതേസമയം, മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന തുകയുടെ മൂന്നിലൊന്ന് അത് നൽകാനുള്ള ചെലവുകൾക്കായി മാറ്റിവയ്ക്കേണ്ടുന്ന ഒരു സംവിധാനത്തിന്റെ കെടുകാര്യസ്ഥതയ്ക്ക് യാതൊരു ന്യായീകരണവുമില്ല. ജീവനക്കാർക്ക് ജോലിക്ക് ചില മാനദണ്ഡങ്ങൾ നിർണ്ണയിച്ച്, അതനുസരിച്ച് ജോലി ചെയ്യാൻ അവരെ നിർബ്ബന്ധിക്കുക മാത്രമാണ് ഇതിനുള്ള പോംവഴി. വിഭവങ്ങൾ ശേഖരിക്കുന്നതിനും, വ്യാജമായ അംഗത്വങ്ങളും അപേക്ഷകളും കണ്ടുപിടിക്കുന്നതിനും, സ്ഥിതിവിവരക്കണക്കുകളും വിവരങ്ങളും ശേഖരിക്കുന്നതിനും എല്ലാം മാനദണ്ഡം നിർണ്ണയിക്കണം. സാമൂഹികസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ലക്ഷ്യവേധിയും ഫലപ്രദവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ഇത് അടിത്തറയാവും.

മുകളിൽനിന്ന് തീരുമാനമെടുക്കുന്ന സമീപനവും ജനങ്ങളുടെ പങ്കാളിത്തമില്ലായ്മയും പല സാമൂഹികസുരക്ഷാ പദ്ധതികളുടെയും മുഖ്യമായ ദൗർബ്ബല്യമാണ്. മോശപ്പെട്ട വിതരണ സമ്പ്രദായം തുടരാൻ ഇതാണ് കാരണം. മാത്രമല്ല, വ്യവസ്ഥകൾ കർശനമായി പാലിക്കാതിരിക്കാനും വിവരങ്ങൾ ശേഖരിക്കുന്നതിൽ പിഴവുകൾ വരാനും ഇത് ഇടയാക്കുന്നു. അങ്ങനെ, അർഹരല്ലാത്ത ആളുകളുടെ കൈകളിലേക്ക് ആനുകൂല്യങ്ങൾ ചോർന്നുപോകുന്നു. എന്നിരുന്നാലും, എഴുപത്തിമൂന്നാമത്തെയും എഴുപത്തിനാലാമത്തെയും ഭരണഘടനാഭേദഗതികളോടുകൂടി ഐതിഹാസികമായ ഒരു പരിവർത്തനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ സാമൂഹികനിയന്ത്രണവും, പ്രാദേശിക തലത്തിൽ വികേന്ദ്രീകൃതമായ ഭരണവും ഇപ്പോൾ സാധ്യമായിരിക്കുന്നു. കൂടുതൽ വികേന്ദ്രീകൃതമായ ആസൂത്രണവും നിർവഹണവും ലക്ഷ്യമാക്കുന്ന ചില മാറ്റങ്ങളും കേരളത്തിൽ

ഉണ്ടായിട്ടുണ്ട്. 1997 മുതൽ, മത്സ്യത്തൊഴിലാളി മേഖലയിലെ പല സാമൂഹികസുരക്ഷാ പ്രവർത്തനങ്ങളും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷയ്ക്ക് തങ്ങളുടെ വികസനപരിപാടികളിൽ മുൻഗണന നൽകി, അവ ഫലപ്രദമായി നടപ്പാക്കേണ്ടതാണ്. മത്സ്യഭവനങ്ങൾ എന്ന ആശയം ഇവിടെ ശ്രദ്ധേയമാകുന്നു. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ സ്ഥാപിക്കുന്ന മത്സ്യഭവനങ്ങൾ മത്സ്യത്തൊഴിലാളികളെയും ഭരണസംവിധാനത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരേയൊരു ബിന്ദുവായിരിക്കും. സാമൂഹികസുരക്ഷാ പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ ഒരു വഴിത്തിരിവായി മാറാം ഇത്. ഈ പദ്ധതി എല്ലായിടത്തും നടപ്പാക്കുന്നതോടെ, വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും എല്ലാം ഒരേ കൂരയ്ക്ക് കീഴിൽ വരും. പരിപാടികൾ കൂടുതൽ ഏകോപിതമായ രീതിയിൽ നടപ്പാക്കാനും, അതിന് കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും ഇത് സഹായകമാവും. പങ്കാളിത്തസമീപനം നടപ്പാക്കുന്നതിന്, മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവന സുരക്ഷിതത്വത്തെ സംബന്ധിച്ച ടാസ്ക് ഫോഴ്സ് നിർദ്ദേശിച്ച തരത്തിലുള്ള ഘടനയായിരിക്കണം മത്സ്യഭവനങ്ങൾക്ക്. ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറയും മത്സ്യഫെഡിൻെറയും മത്സ്യബോർഡിൻെറയും എല്ലാം പരിപാടികളും ഒരേ കൂരയ്ക്ക് കീഴിൽ വേണം പ്രവർത്തിക്കാനെന്നാണ് ഈ കർമ്മസമിതി ശുപാർശ ചെയ്തിട്ടുള്ളത്. മത്സ്യഭവനങ്ങളെ തീരദേശ പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരികയും വേണം. ഒരു പഞ്ചായത്തിലെ മത്സ്യത്താഴിലാളി സമൂഹങ്ങൾക്ക് പ്രാതിനിധ്യമുള്ള സമിതികൾ ഒത്തുചേരുന്ന ബിന്ദുവായിരിക്കണം അവിടുത്തെ മത്സ്യഭവനം. കർമ്മസമിതി ശുപാർശചെയ്തിട്ടുള്ള 5 സമിതികളിൽ നാലെണ്ണം താഴെപ്പറയുന്ന നിർണ്ണായക മേഖലകളിൽ പ്രവർത്തിക്കുന്നവയാണ്.

- കടലിലെ സുരക്ഷിതത്വം
- പാർപ്പിടം, വെള്ളം,.ശുചീകരണം, പൊതുജനാരോഗ്യം
- വിദ്യാഭ്യാസം, മറ്റ് തൊഴിലവസരങ്ങൾ
- സ്ത്രീകളുടെ തൊഴിൽ

ഈ സമിതികൾ മത്സ്യഭവനങ്ങൾക്ക് മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ വേരുണ്ടാക്കുമെന്ന് മാത്രമല്ല, ആസൂത്രണത്തിലും നിർവഹണത്തിലും ജനകീയ പങ്കാളിത്തത്തിൻെറ അന്തഃസത്ത ഉൾക്കൊണ്ട്, തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ജനങ്ങളുടെ സക്രിയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും.

അവസാനമായി, സാമൂഹികസുരക്ഷിതത്വത്തിൻെറ കൂടുതൽ ആഴത്തിലുള്ള ധാർമ്മിക വശങ്ങൾകൂടി നമുക്ക് പരിഗണിക്കേണ്ടതുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ സാമൂഹികാധിപത്യപരമായ അനവധി സാമൂഹികസുരക്ഷാ ഏർപ്പാടുകൾ നിലനിന്നിരുന്നു. ഇവയിൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക സഹായങ്ങൾ നൽകുന്ന,

സാമ്പത്തിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏർപ്പാടുകളായിരുന്നില്ല ഇവ. ആകുലതയും പരിരക്ഷയും സമൂഹത്തിൽ എല്ലാവരും പങ്കിടേണ്ടതാണെന്ന കാഴ്ചപ്പാടിലുള്ള ഊന്നലാണ് ഈ സംവിധാനങ്ങളെ നിലനിർത്തിപ്പോന്നത്. അവയുടെ പ്രസക്തി പുനപ്പരിശോധിക്കുകയും, ഇന്നത്തെ സാഹചര്യങ്ങൾക്ക് അനുയോജ്യമെന്ന് കണ്ടാൽ പുനരുജ്ജീവിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. സമൂഹത്തിൻെറ കൂട്ടായ ഇച്ഛാശക്തിയും, ഈ സംഗതിയുടെ അന്തഃസത്തയിൽ താല്പര്യവും വിശ്വാസവും ഉള്ള ഒരു ഗവൺമെൻറിൻെറ പിന്തുണയും ഒത്തുചേർന്നാൽ മാത്രമേ ഇത് സാധിക്കുകയുള്ളു. ഈ സാമൂഹികപരിരക്ഷാ ഏർപ്പാടുകൾ ഇല്ലായ്മ ചെയ്യുകയോ ആവർത്തിക്കുകയോ ചെയ്യുന്നതിന് പകരം, അവയ്ക്ക് അനുപൂരകമായി വർത്തിക്കുന്ന സാമൂഹികസുരക്ഷാ പദ്ധതികളുടെ പ്രവർത്തനമാണ് ഇന്നത്തെ ആവശ്യം.

●

## ഉപസംഹാരം

"അഭിലഷണീയമായ നിലയിലുള്ള സാമൂഹികസുരക്ഷിതത്വം ഏവർക്കും" എന്നത് വാസ്തവത്തിൽ ഒരു മരീചികയാണ്. എന്നിരുന്നാലും എല്ലാ സമൂഹങ്ങളും ഉന്നംവയ്ക്കേണ്ട ഒരു ലക്ഷ്യമാണത്. യഥാർത്ഥമായ സാമ്പത്തിക വികസനവും അതുമായി ബന്ധപ്പെട്ട് ഗണ്യമായ തോതിലുള്ള സ്വാതന്ത്ര്യവും നേടുമ്പോഴാണ് സാമൂഹികസുരക്ഷിതത്വം ഉറപ്പാകുന്നത് (Sen,1999). സാമ്പത്തിക വികസനത്തിന്റെ ലക്ഷ്യങ്ങളിലെത്തുന്നതിൽ വളരെ മുന്നോട്ടു പോയിട്ടുള്ള വികസിതരാജ്യങ്ങളിൽ എളുപ്പം നേടാവുന്ന ഒരു ലക്ഷ്യമാണിത്. അവിടങ്ങളിൽ വളർച്ചയിലൂന്നുന്ന സമീപനത്തിലൂടെ സാമൂഹികസുരക്ഷിതത്വം താനേ കൈവന്നുകൊള്ളും എന്ന് കരുതാം. നേരെ മറിച്ച്, വികസ്വരരാജ്യങ്ങളിൽ സാധാരണ ഗതിയിലുള്ള സാമ്പത്തിക വികസനംകൊണ്ടുമാത്രം നേടാൻ വിഷമമുള്ള ഒരു ലക്ഷ്യമാണ് 'എല്ലാവർക്കും സുരക്ഷിതത്വം' എന്നത്. ഇതിന് പല കാരണങ്ങളുണ്ട്. (1) മുരടിച്ച സാമ്പത്തിക വളർച്ച, (2) സാമ്പത്തിക വിഭവങ്ങളുടെ ദൗർല്ലഭ്യം, (3) സാമൂഹികസുരക്ഷാ നടപടികൾ നടപ്പാക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ കുറവ്, (4) സാമൂഹികസുരക്ഷാ നടപടികളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും തജ്ജന്യമായ ആവശ്യക്കുറവും — ഇവയൊക്കെ കാരണങ്ങളുടെ പട്ടികയിൽപ്പെടും.

വളരെവേഗം ആഗോളവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത്, "എല്ലാം വിപണിയുടെ നിയന്ത്രണത്തിന്" വിട്ടുകൊണ്ട് കൈയുംകെട്ടിയിരിക്കാനുള്ള പ്രവണത കൂടിക്കൂടി വരികയാണ്. അത്തരമൊരു സാഹചര്യത്തിൽ സാമൂഹികസുരക്ഷാ നടപടികളുടെ പങ്കും പ്രസക്തിയും കൂടുതൽ വ്യക്തമായി വരികയാണ്. തൽഫലമായി, പൗരന്മാരുടെ ക്ഷേമത്തിൽ താല്പര്യവും പ്രതിജ്ഞാബദ്ധതയുമുള്ള ഒരു വികസ്വരരാഷ്ട്രത്തിന് സാമൂഹികസുരക്ഷിതത്വത്തിന് വേണ്ടിയുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കാൻ കഴിയില്ല. സംരക്ഷണ നടപടികളും ആനുകൂല്യപദ്ധതികളും യുക്തിയുക്തം കൂട്ടിക്കലർത്തിക്കൊണ്ടുള്ള ഒരു നയത്തിന് മാത്രമേ ലക്ഷ്യം നേടാൻ കഴിയുകയുള്ളു.

ലോകമെങ്ങും മത്സ്യത്തൊഴിലാളികളുടെ ജീവനും അവരുപയോഗിക്കുന്ന ഉപകരണങ്ങൾക്കും ദൈനംദിനം അപകടഭീഷണിയുണ്ട്. മറ്റേത് തൊഴിലിലും ഉള്ളതിനേക്കാളും കൂടുതൽ. വികസ്വരരാജ്യങ്ങളിൽ, അനവധി കാരണങ്ങളാൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം അസ്ഥിരമാക്കുന്ന ഒട്ടധികം ഘടകങ്ങളും കൂടിയാകുമ്പോൾ അപകടഭീഷണി പാരമ്യത്തിലെത്തുന്നു. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് ഭീഷണി ഉയർത്തുന്ന ഘടകങ്ങളുടെ കൂട്ടത്തിൽ അവരുടെ തൊഴിലിന്റെ പ്രത്യേക സ്വഭാവം മൂലം സംജാതമാവുന്ന പൊതുവായ പ്രശ്നങ്ങളും, അവർ ജീവിക്കുന്ന രാജ്യങ്ങളിലെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തിന്റെ

സന്തതികളായ പ്രത്യേക പ്രശ്നങ്ങളും പെടുന്നു. കടലിൽനിന്ന് ഉപജീവനമാർഗ്ഗം കണ്ടെത്താൻ പുറപ്പെടുന്നവർക്ക് നേരിടുന്ന അപകടങ്ങൾമൂലം കഷ്ടപ്പെടുന്നവരെ പരിരക്ഷിക്കാനായി കൂട്ടായ അനേകം സംരംഭങ്ങൾ മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ നിലനിന്നുവന്നിരുന്നതിൻെറ കാരണം ഇത്തരം അനിശ്ചിതത്വങ്ങളായിരുന്നു എന്നുള്ളതിൽ സംശയമില്ല. ദൈനംദിന ജീവിതത്തിൻെറ പങ്കപ്പാടുകളിൽ പെട്ടുഴലുന്നവർക്ക് ആശ്വാസമാണ് ഈ സംരംഭങ്ങൾ എന്നു വരികിലും, ആധുനിക മത്സ്യബന്ധനത്തിൽ നിന്നുള്ള സമ്മർദ്ദത്തിൻെറ പശ്ചാത്തലത്തിൽ ഇവ ഒട്ടും തന്നെ പര്യാപ്തമല്ല.

കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങൾ 1960-കളുടെ ആരംഭത്തിൽ ഇത്തരമൊരു പ്രതിസന്ധിയെയാണ് അഭിമുഖീകരിച്ചത്. വളർച്ചയിലൂടെ മത്സ്യബന്ധനരംഗം വികസിച്ചുകൊള്ളുമെന്ന വിലക്ഷണമായ നയം രാജ്യത്തിന് സമ്പത്തും മത്സ്യത്തൊഴിലാളികൾക്ക് ദാരിദ്ര്യവും നേടിക്കൊടുത്തപ്പോൾ ജനങ്ങൾ ഗവൺമെൻറിനെതിരെ തിരിഞ്ഞു. അടിത്തട്ടിൽ നിന്നുള്ള പൊതുസമരപരിപാടികളുടെ സമ്മർദ്ദം മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷാരംഗത്ത് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾക്ക് ജന്മം നൽകി. അവയാകട്ടെ, സംരക്ഷണവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന സാമൂഹികസുരക്ഷാ നടപടികൾക്ക് നേതൃത്വം നൽകി. കഴിഞ്ഞ കുറെ വർഷങ്ങളായി നടപ്പാക്കിവരുന്ന ഇത്തരം പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും വരുമാനത്തോതും മുമ്പുണ്ടായിരുന്ന അഗാധഗർത്തങ്ങളിൽനിന്ന് ഉയർത്തിക്കൊണ്ടു വരുന്നതിൽ സാമാന്യം നല്ല വിജയം നേടിയിരിക്കുന്നു.

സാമൂഹികസുരക്ഷാ പദ്ധതികളുടെ എണ്ണം കണക്കിലെടുത്താൽ കേരളത്തിൻെറ നേട്ടം ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിതങ്ങളെ ചൊട്ട മുതൽ ചുടല വരെ സ്പർശിക്കുന്നവയാണ് ഈ പദ്ധതികൾ; അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഐ. എൽ. ഒ.) മാനദണ്ഡങ്ങൾ പാലിക്കുന്നവയും. വികസ്വരങ്ങളായ സമുദ്ര തീരരാഷ്ട്രങ്ങളുടെ നിലവച്ച് നോക്കുമ്പോൾ ഇത് നിസ്സാരമായ നേട്ടമല്ല. കേരളത്തിന് തീർച്ചയായും ഇതിൽ അഭിമാനിക്കാൻ വകയുണ്ട്. പക്ഷേ, ഇത് ഗവൺമെൻറിൻെറ മാത്രം നേട്ടമല്ല. സാമൂഹികസുരക്ഷാ പദ്ധതികൾക്ക് കൂടുതൽ പണം അനുവദിക്കുന്നതിനും, അവ നടപ്പാക്കാനാവശ്യമായ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനും ഗവൺമെൻറിനെ നിർബ്ബന്ധിച്ചത് മത്സ്യത്തൊഴിലാളികളുടെ കൂട്ടായ സമരങ്ങളാണ്. അത്തരം സമരങ്ങളുടെ വിജയകഥകൂടിയാണ് കേരളത്തിൽ ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ.

പുതിയ സാമൂഹികസുരക്ഷാ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഫലവത്തായ എന്തെങ്കിലും സംഭാവന ചെയ്യണമെങ്കിൽ അവ നടപ്പാക്കാൻ സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തേണ്ടതുണ്ട്. രാജ്യത്തിന് ഗണ്യമായ അളവിൽ വിദേശനാണ്യം നേടിക്കൊടുക്കുന്ന തൊഴിലാളികൾ ദാരിദ്ര്യത്തിൽ കഴിയുന്നു എന്നതാണ് പല വികസ്വര രാജ്യങ്ങളിലെയും പ്രത്യേകിച്ച് ഏഷ്യൻ രാജ്യങ്ങളിലെ മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ നിലനിൽക്കുന്ന ഒരു വൈരുദ്ധ്യം. അതുകൊണ്ട്, മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് വേണ്ടി പുതിയ സാമൂഹികസുരക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് പണത്തിന് ബുദ്ധിമുട്ടുണ്ടാവാൻ ന്യായമായ കാരണങ്ങൾ പ്രഥമദൃഷ്ട്യാ ഇല്ല.

സ്ഥായിയായി സാമൂഹികസുരക്ഷാ സംവിധാനങ്ങൾക്ക് പണം കണ്ടെത്താൻ അനുയോജ്യമായ മാർഗ്ഗമായി ത്രികക്ഷി സമീപനം വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽപ്പെട്ട ഓരോ കക്ഷിയും തങ്ങളുടെ വിഹിതം നൽകിയാൽ ആശങ്കയ്ക്ക് വഴിയേതുമില്ല. എന്നാൽ, തങ്ങളുടെ വിഹിതം നൽകുന്നതിൽ കേരളത്തിലെ സമുദ്രോല്പന്നക്കയറ്റുമതിക്കാർ സ്വീകരിച്ചിരിക്കുന്ന നിഷേധാത്മകമായ നിലപാട് സാമൂഹികസുരക്ഷാസഹായ വിതരണത്തെ ഫലത്തിൽ എങ്ങനെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു എന്നും, ഗവൺമെൻറിൻെറ പരിമിതമായ വിഭവങ്ങളുടെ മേൽ എങ്ങനെ അമിതമായ ആയാസമേല്പിക്കുന്നു എന്നും നാം കാണുകയുണ്ടായി. ഇങ്ങനെ സംഭവിക്കുമ്പോൾ, ഏത് തൊഴിലാളികൾക്ക് ആശ്വാസമേകാനാണോ ഉദ്ദേശിച്ചിരുന്നത്, അവർതന്നെ അതിൻെറ ഭാരം പേറേണ്ട ഗതികേട് സംജാതമാവുന്നു. ഈ ദുഃസ്ഥിതി പരിഹരിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായില്ലെങ്കിൽ, ഇപ്പാൾ നൽകിവരുന്ന സാമൂഹികസുരക്ഷിതത്വത്തിൻെറ മൂല്യം പോലും ചോദ്യം ചെയ്യപ്പെടും. കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക കുന്നുകൂടുന്നത് നല്ലൊരുദാഹരണമാണ്.

ആസൂത്രിതമായ സാമൂഹികസുരക്ഷാ നടപടികൾ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളുമായി കൂടുതൽ ബന്ധമുള്ളവയാവണമെങ്കിൽ, സാമൂഹികസുരക്ഷാർത്ഥം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് കണ്ടുപിടിക്കുന്ന പ്രക്രിയയിലും, നിലവിലുള്ള നടപടികൾ നടപ്പാക്കുന്നതിലും, അവയുടെ ഗുണഭോക്താക്കളാവാൻ സാധ്യതയുള്ള ആളുകളുടെ പങ്കാളിത്തം വർദ്ധിക്കണം. ഇങ്ങനെ വരുമ്പോൾ, ഭരണപരമായ ചെലവുകൾ കുറയും; അനാവശ്യമായ ഇരട്ടിപ്പുകൾ ഇല്ലാതാവും; പരിമിതമായ വിഭവങ്ങൾ ഫലപ്രദമല്ലാത്ത പദ്ധതികൾക്ക് വേണ്ടി അല്പാല്പം ചെലവിടുന്നത് തടയാം. കേരളത്തിലെ സാഹചര്യത്തിൽ, 'പഞ്ചായത്ത് മത്സ്യഭവനം' എന്ന ആശയം വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി നടപ്പാക്കിയാൽ ഈ ലക്ഷ്യം കൈവരിക്കാം.

ജീവിതനിലവാരം താഴാതിരിക്കാനായി, സമൂഹത്തിലെ അംഗങ്ങളുടെ പരസ്പരപൂരകമായ ഐക്യദാർഢ്യത്തിൻെറ പ്രകാശനമെന്ന നിലയിൽ സമൂഹം നൽകുന്ന വ്യക്തമായ ഒരുറപ്പാണ് സാമൂഹികസുരക്ഷിതത്വം. ഇവിടെ, സമൂഹത്തിൽ പണ്ടുതൊട്ടേ നിലനിന്നുപോരുന്ന പരിരക്ഷയ്ക്കും പങ്കുവയ്ക്കലിനുമുള്ള സംവിധാനങ്ങളുടെ കാര്യത്തിൽ കൂടുതൽ സംവേദനക്ഷമത ഉണ്ടാകണം. ഇത്തരം നടപടികൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ആദ്യപടിയാണ് സാമൂഹികസുരക്ഷിതത്വത്തിൻെറ വികേന്ദ്രീകരണം. അവയിൽ ചിലതൊക്കെ ഇന്നത്തെ സാഹചര്യങ്ങളിൽ പ്രയോഗക്ഷമമായിരിക്കുകയില്ല. എങ്കിലും, വരുമാനത്തിൻെറ വെറും വീതംവയ്ക്കൽ എന്നതിലുപരി, പരിരക്ഷയിലും അന്യൻെറ ക്ഷേമത്തെക്കുറിച്ചുള്ള താല്പര്യത്തിലും ഊന്നിയുള്ള സാമൂഹികസുരക്ഷാ സംവിധാനങ്ങളുടെ സത്ത കൈവിടാതെ സൂക്ഷിക്കാനുള്ള ആദ്യപടിയാണ്, അവയുടെ ശക്തിദൗർബല്യങ്ങൾ സമഗ്രമായി വിലയിരുത്തുക എന്നത്.

സംഗതിയുടെ സത്ത കൈവിടാതെ സൂക്ഷിച്ചുകൊണ്ട്, തങ്ങളുണ്ടാക്കുന്ന സമ്പത്തിൻെറ അർഹമായ പങ്ക് പകർന്നുകിട്ടാനുള്ള കഠിനമായ യത്നമാണ് പുതിയ സഹസ്രാബ്ദത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം.

●

## അനുബന്ധം ഒന്ന്

# ഫിഷറീസ് വകുപ്പിന്റെ സാമൂഹികസുരക്ഷാ പദ്ധതികൾ

### ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ

1. **പാർപ്പിട പദ്ധതി :** മത്സ്യത്തൊഴിലാളികൾക്ക്, പ്രത്യേകിച്ച് പ്രകൃതിക്ഷോഭങ്ങളിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക്, പുതിയ വീടുകളും ഹൗസിംഗ് കോളനികളും നിർമ്മിക്കുന്നതിനുള്ള പദ്ധതി. യന്ത്രവൽകൃത ബോട്ടുകൾക്ക് വേണ്ടിയുള്ള തുറമുഖങ്ങളുടെ പണി ഏറുകയും, അവയ്ക്കുവേണ്ടി ഒഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടത് അടിയന്തിരാവശ്യമായിത്തീരുകയും ചെയ്തപ്പോൾ, പാർപ്പിടനിർമ്മാണത്തിന് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള "പാർപ്പിട പദ്ധതി" "പാർപ്പിട - പുനരധിവാസ പദ്ധതി"യാക്കി മാറ്റുകയായിരുന്നു.
2. **ശുചീകരണം, ആരോഗ്യം :** മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്ക് കിണറ്, കക്കൂസ്, വഴി മുതലായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതി. മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും സൗജന്യവൈദ്യസഹായം നൽകുന്നതിനുവേണ്ടി, തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ, 1973-74-ൽ ഡിസ്പെൻസറികൾ ആരംഭിച്ചു.
3. **പ്രയുക്ത പോഷകാഹാര പരിപാടി:** 1966-67-ൽ ആരംഭിച്ചു. മീൻപൊടി നൽകി അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള പരിപാടിയായിരുന്നു ഇത്. ഈ പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ ചില മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് ഏതാനും യന്ത്രവൽകൃത ബോട്ടുകൾ നൽകി. ഇവ പിടിക്കുന്ന മത്സ്യത്തിന്റെ 10 ശതമാനം പോഷകാഹാര പരിപാടിയുടെ ചെലവിലേക്ക് നീക്കിവച്ചു. കുഞ്ഞുങ്ങൾക്ക് 3 ഔൺസ് മീൻപൊടിയും, അമ്മമാർക്ക് 5 ഔൺസ് മീൻപൊടിയും നൽകിയിരുന്നു.
4. **വിദ്യാഭ്യാസം, പരിശീലനം:**
   (a) **സ്കോളർഷിപ്പുകൾ :** ഈ പദ്ധതിയനുസരിച്ച്, തീരെ പാവപ്പെട്ട മത്സ്യത്തൊഴിലാളികുടുംബങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് മെട്രിക്കുലേഷന് ശേഷം പഠിക്കാൻ സ്കോളർഷിപ്പുകൾ നൽകി.

(b) ഫിഷറീസ് സ്കൂളുകൾ : മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഫിഷറീസ് വകുപ്പ് ആരംഭിച്ച പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളുമാണ് ഫിഷറീസ് സ്കൂളുകൾ എന്ന് ആദ്യം അറിയപ്പെട്ടിരുന്നത്. 1965-66-ൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ തുടങ്ങാൻ വേണ്ടി, ഈ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന് കൈമാറി. 1968-ൽ വിദ്യാഭ്യാസ വകുപ്പ് മൂന്ന് ടെക്നിക്കൽ സ്കൂളുകൾ ആരംഭിച്ചു. മത്സ്യബന്ധനത്തോട് ആഭിമുഖ്യമുള്ള പൊതുവിദ്യാഭ്യാസമാണ് •മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്ന് വരുന്ന കുട്ടികൾക്ക് ഇവിടെ കൊടുത്തിരുന്നത് — കൂടാതെ, സമുദ്രയാത്ര, കപ്പലോട്ടം, വലനിർമ്മാണം മുതലായ വിഷയങ്ങളിൽ പരിശീലനവും നൽകിയിരുന്നു. സൗജന്യതാമസവും ഭക്ഷണവും നൽകി, 8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ്‌വരെ പഠിപ്പിക്കുന്നു.

(c) ട്രെയിനിംഗ് സെൻററുകൾ : ആധുനിക യന്ത്രവൽകൃത മത്സ്യബന്ധനത്തിൽ മത്സ്യത്തൊഴിലാളി യുവാക്കളെ പരിശീലിപ്പിക്കുന്നതിന് വേണ്ടി ഏതാനും ട്രെയിനിംഗ് സെൻററുകൾ ആരംഭിച്ചു.

# അനുബന്ധം രണ്ട്

# കേരളാ ഫിഷർമെൻ വെൽഫെയർ കോർപ്പറേഷൻെറ പദ്ധതികൾ

**ഒന്നാംഘട്ടം**

**ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ**

1. **പാർപ്പിട - പുനരധിവാസ പദ്ധതി :**

   (a) **പാർപ്പിട പദ്ധതി :** കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക്, ഘട്ടം ഘട്ടമായി ആസൂത്രിതമായ രീതിയിൽ ആവാസവ്യവസ്ഥകൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള പദ്ധതിയായിരുന്നു ഇത്. ഒരു സെൻറ് ഭൂമിയെങ്കിലും സ്വന്തമായുള്ള മത്സ്യത്തൊഴിലാളികളെ ഉദ്ദേശിച്ചുള്ളതായിരുന്നു ഈ പദ്ധതി. ഒന്നാം ഘട്ടത്തിൽ, 10,000 വീടുകളുടെ നിർമ്മാണം 1979-ൽ തുടങ്ങി; രണ്ടാം ഘട്ടത്തിൽ, മറ്റൊരു പതിനായിരത്തിൻെറ പണി 1981-ലും. ഒരു വീടിൻെറ മതിപ്പ് ചെലവ് 4,000 രൂപയായിരുന്നു. ഇതിൽ 2,000 ഗ്രാൻറ് ആയും 2,000 രൂപ വായ്പയായും നൽകി. 1979-80 നും 1982-83 നും ഇടയ്ക്ക് കെ. എഫ്. ഡബ്ല്യു. സി 14,248 വീടുകൾക്ക് സബ്സിഡി നൽകി.

   (b) **പുനരധിവാസ പാർപ്പിട പദ്ധതി :** നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തുനിന്ന് ഒഴിപ്പിക്കുന്ന 2,000 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ, വീടൊന്നിന് 11,500 രൂപ വീതം ചെലവിൽ വീടുകൾ നിർമ്മിക്കാനുള്ള ജോലി സംസ്ഥാന ഗവൺമെൻറ് കോർപ്പറേഷനെ ഏല്പിച്ചു. 1981-82-നും 1982-83-നും ഇടയ്ക്ക് കോർപ്പറേഷൻ 165 വീടുകളുടെ പണിപൂർത്തിയാക്കി.

2. **വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് :** മെട്രിക്കുലേഷന് ശേഷമുള്ള വിദ്യാഭ്യാസത്തിന് വേണ്ടി, മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽനിന്നുള്ള കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ആരംഭത്തിൽ ഫിഷറീസ് വകുപ്പാണ് ഈ പദ്ധതി നടപ്പാക്കിയിരുന്നത്. 1980-81-ൽ ഇത് കെ. എഫ്. ഡബ്ല്യു. സി. യെ ഏല്പിച്ചു. ആദ്യം നിലവിലുണ്ടായിരുന്ന നിരക്കുകളും പുതിയ നിരക്കുകളും താഴെ കൊടുക്കുന്നു.

| പഠിക്കുന്ന കോഴ്സ് | 29-11-1992 വരെ നിലവിലുണ്ടായിരുന്ന നിരക്ക് (രൂപ) | 19-11-1992 ൽ പുതുക്കിയ നിരക്ക് (രൂപ) |
|---|---|---|
| പ്രീഡിഗ്രി | 250 | 400 |
| ഡിഗ്രി | 400 | 500 |
| റ്റി. റ്റി. സി. | 400 | 400 |
| ബി. എഡ്. | 500 | 600 |
| ഡിപ്ലോമാ | 400 | 500 |
| പോസ്റ്റ് ഗ്രാഡ്വേറ്റ് | 500 | 750 |
| എം. ബി. ബി. എസ്. | 500 | 750 |
| എഞ്ചിനീയറിംഗ് | 500 | 1,000 |
| നിയമം | 500 | 1,000 |
| ബി. എസ്. സി. അഗ്രിക്കൾച്ചർ | 500 | 1,000 |
| ബി. വി. എസ്സി,/ ബി. എഫ്. എസ്സി. | 400 | 1,000 |

3. **വിപണനസഹായം**

(a) പ്രവർത്തന മൂലധനം സബ്സിഡി : 1980-81-ൽ തുടങ്ങി. മീൻ കച്ചവടം നടത്തുന്നതിനും, മീൻ കച്ചവടത്തിന് സൈക്കിൾ, ഓട്ടോറിഷ മുതലായ വാഹനങ്ങൾ വാങ്ങുന്നതിനും പ്രവർത്തനമൂലധനം ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം. മീൻ കച്ചവടക്കാരികൾ, കൊണ്ടുനടന്നു വില്ക്കുന്നവർ, സൈക്കിളിൽ മീൻ കൊണ്ടുപോയി വിൽക്കുന്നവർ എന്നിവരെ ഉദ്ദേശിച്ചാണ് പദ്ധതി ആരംഭിച്ചത്. സൈക്കിളിൽ മീൻ വിൽക്കുന്നവർക്ക് 300 രൂപ സബ്സിഡി നൽകാൻ പദ്ധതി ലക്ഷ്യമിട്ടിരുന്നു. ബാക്കി തുക ബാങ്ക് ലോൺ വഴി ഏർപ്പാട് ചെയ്യാനും.

(b) മീൻകച്ചവടക്കാരികൾക്ക് ബസ് സർവ്വീസ് : മീൻകച്ചവടക്കാരികൾക്ക്, തങ്ങളുടെ മീൻകുട്ടകളുമായി, ചന്തസ്ഥലങ്ങളിലേക്ക് സഞ്ചരിക്കാനായി 1980-81-ൽ കെ. എഫ്. ഡബ്ല്യു. സി. പ്രത്യേകം ബസ് സർവ്വീസുകൾ ആരംഭിച്ചു. യാത്രക്കാരിൽനിന്ന് നാമമാത്രമായ കൂലി മാത്രമേ മാസംതോറും ഈടാക്കിയിരുന്നുള്ളു. 1980-81, 1981-82, 1982-83 വർഷങ്ങളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ എണ്ണം യഥാക്രമം 240, 222, 222 ആയിരുന്നു.

## സംരക്ഷണ നടപടികൾ

1. ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് : വള്ളമോ കട്ടമരമോ വീടോ നഷ്ടപ്പെടുകയോ കേടാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതി. താഴെ പറയുന്ന നിരക്കിലായിരുന്നു ആശ്വാസം നൽകിയിരുന്നത്.

| | |
|---|---|
| വീടിന്റെ നാശം | 100 രൂപ വരെ |
| വള്ളത്തിന്റെ നഷ്ടം | 500 രൂപ വരെ |
| കട്ടമരത്തിന്റെ നഷ്ടം | 300 രൂപ വരെ |

2. ലൈഫ് ഇൻഷ്വറൻസ് : 1980 ജൂലൈ 1-ന് മത്സ്യത്തൊഴിലാളികൾക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു. മീൻപിടിക്കുമ്പോഴോ, മീൻപിടിച്ചുകഴിഞ്ഞ ഉടനോ മരിക്കുകയോ, മീൻപിടിക്കുമ്പോൾ സ്ഥിരമായ അവശതകൾ ഉണ്ടാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി. താഴെ പറയുന്ന നിരക്കിലാണ് സഹായം നൽകിയിരുന്നത്:

| | |
|---|---|
| രണ്ട് കണ്ണുകൾക്കോ രണ്ട് കാലുകൾക്കോ രണ്ട് കൈകൾക്കോ സ്ഥിരമായ അവശത; അല്ലെങ്കിൽ ഒരു കണ്ണിനും ഒരു കൈയോ കാലോ ഏതെങ്കിലും ഒന്നിനും സ്ഥിരമായ അവശത | 10,000 രൂ. വരെ |
| ഒരു കണ്ണിനോ കൈകാലുകളിൽ ഏതെങ്കിലും ഒന്നിനോ സ്ഥിരമായ അവശത | 5,000 രൂ. വരെ |
| മീൻപിടുത്തം അസാധ്യമാക്കിത്തീർക്കുന്ന വിധത്തിലുള്ള സ്ഥിരമായ അവശത | 5,000 രൂ. വരെ |
| താല്ക്കാലിക അവശത | 200 രൂ. വരെ |

## അനുബന്ധം മൂന്ന്

# മത്സ്യഫെഡിൻെറ സാമൂഹികസുരക്ഷാ പദ്ധതികൾ

രണ്ടാംഘട്ടം

ആനുകൂല്യ പദ്ധതികൾ

1. പാർപ്പിടം, പുനരധിവാസം

(a) ഭവനനിർമ്മാണത്തിന് സബ്സിഡി: കെ. എഫ്. ഡബ്ള്യൂ. സി. നടപ്പാക്കിയിരുന്ന പദ്ധതിയുടെ തുടർച്ചയാണിത്. ഇതനുസരിച്ച് ഒരു വീടിന് ചെലവ് കണക്കാക്കിയിരുന്നത് 8,000 രൂപയാണ്. ഇതിൽ 4,000 രൂ. ഹഡ്കോയിൽനിന്ന് വായ്പയാണ്; 2,000 രൂ. സ്റ്റേറ്റ് ഗവൺമെൻറിൻെറ സബ്സിഡി; ബാക്കി 2,000 രൂ. ഗുണഭോക്താവുതന്നെ കണ്ടെത്തണം. കെ. എഫ്. ഡബ്ള്യൂ. സി. ആരംഭിച്ച ഒന്നാംഘട്ടവും രണ്ടാംഘട്ടവും പൂർത്തിയാക്കിയതിന് പുറമെ, മത്സ്യഫെഡ് രണ്ട് ഘട്ടങ്ങൾകൂടി ആരംഭിച്ചു — മൂന്നാംഘട്ടം 1986-87 വർഷത്തിലും നാലാംഘട്ടം 1994-95 വർഷത്തിലും. ഓരോ ഘട്ടത്തിലും 10,000 വീടുകളായിരുന്നു ലക്ഷ്യം. നാലാംഘട്ടത്തിൽ ചെലവ് 15,000 രൂ. ആയി ഉയർത്തി. ഇതിന് 'രാജീവ് ദശലക്ഷ ഭവനപദ്ധതി' എന്ന് പേരിടുകയും ചെയ്തു. പക്ഷേ, ഗവൺമെൻറിൻെറ സംഭാവന 2,000 രൂപയിൽനിന്ന് 1,500 ആയി കുറവുചെയ്തു. ഹഡ്ക്കോയുടെ വായ്പ 12,500 രൂ. ആയി ഉയർത്തി. ഗുണഭോക്താവിൻെറ വിഹിതം 1,000 രൂ. എന്ന് നിർണ്ണയിച്ചു. സബ്സിഡി കുറയ്ക്കുകയും ഫിഷറീസ് വകുപ്പ് കൂടുതൽ ആകർഷണീയമായ മറ്റൊരു പാർപ്പിട പരിപാടി ആരംഭിക്കുകയും ചെയ്തത് മൂലം, 1996-97 ന് ശേഷം മത്സ്യഫെഡിൻെറ പാർപ്പിട പദ്ധതിക്ക് അധികം ആവശ്യക്കാരില്ല. 1985-86 നും 1997-98 നും ഇടയ്ക്ക് 14,588 വീടുകൾ പൂർത്തിയാക്കി.

(b) പുനരധിവാസ പാർപ്പിട പദ്ധതി : വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി, 1985-86 മുതൽ മത്സ്യഫെഡ് ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയിരുന്നു. 1,051 വീടുകളാണ് ലക്ഷ്യം. ഇവയിൽ 867 എണ്ണം 1997-98-ൽ പൂർത്തിയാക്കി.

2. **ശുചീകരണം, ആരോഗ്യം :** മത്സ്യത്തൊഴിലാളികളുടെ വീടുകളിൽ കക്കൂസുകൾ നിർമ്മിക്കാനുള്ള ഈ പദ്ധതിക്ക് ഹഡ്‌ക്കോ സഹായം ലഭിച്ചിരുന്നു. 5,500 കക്കൂസുകളായിരുന്നു ലക്ഷ്യം. ഒരു കക്കൂസിൻെറ മതിപ്പ് ചെലവ് 2,500 രൂ. ആയിരുന്നു. ഇതിൽ 1,200 രൂ. ഹഡ്ക്കോയുടെ വായ്പയും, 750 രൂ. ഗവൺമെൻറ് സബ്സിഡിയും, ബാക്കി ഗുണഭോക്താവിൻെറ വിഹിതവുമായിരുന്നു. ഈ പദ്ധതിയനുസരിച്ച്, 4,495 കക്കൂസുകൾ മത്സ്യഫെഡ് നേരിട്ടും, 1,695 എണ്ണം സന്നദ്ധസംഘടനകളും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും മുഖേനയും നിർമ്മിച്ചു.

3. **മീൻവില്പനക്കാരികൾക്ക് ബസ് സർവ്വീസ് :** 1980-81 ൽ തിരുവനന്തപുരത്ത് കെ. എഫ്. ഡബ്ള്യു. സി. ആരംഭിച്ച ഈ പദ്ധതി മത്സ്യഫെഡ് ആലപ്പുഴ, കൊല്ലം, എറണാകുളം ജില്ലകളിലേക്കും വ്യാപിപ്പിച്ചു. 1995-96 ൽ ആറ് റൂട്ടുകളിൽ ബസ് ഓടുന്നുണ്ടായിരുന്നു. ഏകദേശം 450 സ്ത്രീകൾക്ക് ഇതിൻെറ ഗുണംലഭിച്ചിരുന്നു.

4. **കമ്മ്യൂണിറ്റി പീലിംഗ് സെൻററുകൾ :** കെ. എഫ്. ഡബ്ള്യു. സി. യുടെ ഈ പദ്ധതി മത്സ്യഫെഡ് ഏറ്റെടുത്ത് നടത്തുകയായിരുന്നു. ശുചിത്വമുള്ള ചുറ്റുപാടുകളിൽ പണിയെടുത്ത് നിത്യവൃത്തിക്ക് വേണ്ട വകയുണ്ടാക്കാൻ ധാരാളം മത്സ്യത്തൊഴിലാളി സ്ത്രീകളെ ഇത് സഹായിച്ചു. 1985-ൽ മത്സ്യഫെഡ് നീണ്ടകരയിലും ശക്തികുളങ്ങരയിലും ഓരോ പീലിംഗ് ഷെഡ് ആരംഭിച്ചു. ഇതുമൂലം ഉണ്ടായ നഷ്ടം മത്സ്യഫെഡ് സഹിക്കുകയാണ് ചെയ്തിരുന്നത്.

5. **മത്സ്യക്കച്ചവടക്കാരികൾക്ക് സബ്സിഡി :** മത്സ്യഫെഡ് 1993-94 ൽ ഈ പദ്ധതി ആരംഭിച്ചു. മത്സ്യം കൊണ്ടുപോകാൻ പാത്രം വാങ്ങാനായി സ്ത്രീകൾക്ക് 250 രൂ. സബ്സിഡി നൽകുന്നു. 1993-94-ൽ 200 പേർക്ക്, 1994-95-ൽ 1,053 പേർക്കും ഇതിൻെറ ഗുണം ലഭിച്ചു.

6. **വിദ്യാഭ്യാസം, പരിശീലനം :**

   (a) **മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പരിശീലനം :** മറ്റ് തൊഴിലുകൾ ചെയ്യാൻ മത്സ്യത്തൊഴിലാളി യുവാക്കളെ ശക്തരാക്കുന്നതിന് വേണ്ടി ആരംഭിച്ച ഈ പരിപാടി അനുസരിച്ച്, 18 യുവാക്കൾക്ക് ഔട്ട്ബോർഡ് മോട്ടോർ സർവീസിംഗിലും റിപ്പയറിംഗിലും 4 മാസത്തെ പരിശീലനം നൽകി. സർവീസ് സെൻററുകൾ തുറന്നുകൊണ്ട് അവർക്ക് തൊഴിലും നൽകി. 1995-96-ൽ 6 യുവാക്കൾക്ക് ഈ പരിശീലനം നൽകി; കൂടാതെ, സിഫ്നെറ്റിൻെറ മറൈൻ എൻജിൻ ഡ്രൈവേഴ്സ് കോഴ്സിന് അഞ്ച് യുവാക്കളെ മത്സ്യഫെഡിൻെറ ആഭിമുഖ്യത്തിൽ അയച്ചു. വേറെ അഞ്ച് പേരെ 1996-97 ൽ ഈ കോഴ്സിന് ചേർത്തു.

   (b) **വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് :** 1996-97 മുതൽ, ജില്ലാ തലത്തിൽ എസ്. എസ്. എൽ. സി. ക്ക് ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മത്സ്യഫെഡ് ക്യാഷ് അവാർഡുകൾ നൽകിവരുന്നു.

സംരക്ഷണ നടപടികൾ

1. **അപകട ഇൻഷ്വറൻസ് :** നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച്, 1995-ൽ ആരംഭിച്ചു. അപകടംമൂലം മരിക്കുകയോ സ്ഥിരമായ അവശത ഉണ്ടാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുള്ള പദ്ധതിയാണിത്. മരിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും അവശത ഉണ്ടാകുന്നവർക്ക് അരലക്ഷം രൂപയും ലഭിക്കും. മത്സ്യത്തൊഴിലാളി നൽകേണ്ട വാർഷിക പ്രീമിയം 50 രൂപയാണ്. തുടക്കത്തിൽ 19,628 പേരാണ് ഈ പദ്ധതികളിൽ അംഗങ്ങളായത്. 1997-98 ആയപ്പോഴേയ്ക്ക് ഇത് 1,70,000 ആയി ഉയർന്നു. 1995-96-ൽ 4 മരണത്തിനും ഒരു അവശതയ്ക്കും ഇൻഷ്വറൻസ് തുക നൽകി; 1997-98-ൽ 32 മരണത്തിനും.

2. **മത്സ്യഫെഡ് ചെയർമാന്റെ ആശ്വാസനിധി:** 1997-98-ൽ ആരംഭിച്ചു. പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുകയാണ് ലക്ഷ്യം. മത്സ്യഫെഡ് ചെയർമാന്റെ വിവേചനാധികാരം ഉപയോഗിച്ചാണ് ഈ സഹായം നൽകുന്നത്.

●

## അനുബന്ധം നാല്

# കേരളാ ഫിഷർമെൻസ് വെൽഫെയർ ഫണ്ട്

**വിവിധ കക്ഷികൾ നൽകേണ്ട സംഭാവനനിരക്ക്**

1. സംസ്ഥാന ഗവൺമെൻറ് : പെൻഷൻ പദ്ധതിക്ക് 3 കോടി രൂപയും, ഇൻഷ്വറൻസ് പ്രീമിയമായി 17 ലക്ഷം രൂപയും പ്രതിവർഷം നൽകുന്നു.
2. മത്സ്യത്തൊഴിലാളികൾ : പ്രതിവർഷം 30 രൂ. (പിന്നീടത് 50 രൂപയായി ഉയർത്തി).
3. കച്ചവടക്കാർ : വിറ്റുവരവിൻെറ ഒരു ശതമാനം
4. കയറ്റുമതിക്കാർ : വിറ്റുവരവിൻെറ ഒരു ശതമാനം.
5. ചെമ്മീൻ/മത്സ്യം വളർത്തുകാർ : വിറ്റുവരവിൻെറ രണ്ടു ശതമാനം.
6. ബോട്ടുടമകൾ :

   15 ജി. ആർ. റ്റി - യിൽ കുറവ് : പ്രതിമാസം 100 രൂ. വച്ച് 9 മാസം.

   15-25 ജി. ആർ. റ്റി : പ്രതിമാസം 200 രൂ. വച്ച് 9 മാസം.

   25-35 ജി. ആർ. റ്റി. : പ്രതിമാസം 400 രൂപയ്ക്ക് 9 മാസം.

   35 ജി. ആർ. റ്റി. യിൽ അധികം : പ്രതിമാസം 1,000 രൂ. വച്ച് 9 മാസം.
7. കട്ടമരം ഉടമകൾ :

   മോട്ടോർ ഘടിപ്പിക്കാത്തവ : പ്രതിമാസം 1 രൂ. വച്ച് 9 മാസം.

   മോട്ടോർ ഘടിപ്പിച്ചത് : പ്രതിമാസം 2 രൂ. വച്ച് 9 മാസം
8. മറ്റ് യാനപാത്രങ്ങളുടെ ഉടമകൾ :

   9 മീറ്ററിൽ കുറവ്, മോട്ടോർ ഘടിപ്പിക്കാത്തത്: പ്രതിമാസം 3 രൂപ വച്ച് 9 മാസം.

   9 മീറ്ററിൽ കുറവ്, മോട്ടോർ ഘടിപ്പച്ചത് : പ്രതിമാസം 5 രൂ. വച്ച് 9 മാസം.

   9 മീറ്ററിൽ കൂടുതൽ, മോട്ടോർ ഘടിപ്പിക്കാത്തത് : പ്രതിമാസം 5 രൂ. വച്ച് 9 മാസം.

   9 മീറ്ററിൽ കൂടുതൽ, മോട്ടോർ ഘടിപ്പിച്ചത് : പ്രതിമാസം 7 രൂ. വച്ച് 9 മാസം.
9. ചീനവല - കുറ്റിവല ഉടമകൾ : പ്രതിമാസം 1 രൂ. വച്ച് 9 മാസം.

## അനുബന്ധം അഞ്ച്

# മത്സ്യബോർഡിൻെറ സാമൂഹികസുരക്ഷാ പദ്ധതികൾ

രണ്ടാംഘട്ടം

ആനുകൂല്യ പദ്ധതികൾ

1. വിദ്യാഭ്യാസം, പരിശീലനം : മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിൽ പ്രോത്സാഹിപ്പിക്കാൻ വേണ്ടി മത്സ്യബോർഡ് ക്യാഷ് അവാർഡുകളും സ്കോളർഷിപ്പുകളും നൽകുന്നു. ഈ പദ്ധതിയനുസരിച്ച്, കേരളത്തെ മൂന്ന് പ്രദേശങ്ങളായി തിരിച്ച്, ഓരോ പ്രദേശത്തുനിന്നും എസ്. എസ്. എൽ. സി. പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്കും ഏറ്റവും ഉയർന്ന രണ്ടാമത്തെ മാർക്കും നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 2,000 രൂപയും 1,000 രൂപയും വീതം ക്യാഷ് അവാർഡ് നൽകിയിരുന്നു. 1994-ന് ശേഷം അവ യഥാക്രമം 3,000 രൂപയും 2,000 രൂപയും ആയി ഉയർത്തി. ഇതിന് പുറമെ, ഓരോ റവന്യൂ ജില്ലയിലും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന ഓരോ വിദ്യാർത്ഥിക്ക് 1,000 രൂപ നൽകുന്നു. 1994-ൽ ഒരു സ്കോളർഷിപ്പ് പദ്ധതിയും ആരംഭിച്ചു. ഇതനുസരിച്ച്, എസ്. എസ്. എൽ. സി. പരീക്ഷയിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും കരസ്ഥമാക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഉന്നത പാനത്തിന് പ്രതിമാസം 100 രൂ. സ്കോളർഷിപ്പ് നൽകുന്നു.
2. കുടുംബാസൂത്രണ പദ്ധതി : മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർ വന്ധ്യംകരണശസ്ത്രക്രിയയ്ക്ക് വിധേയരാകുമ്പോൾ സാമ്പത്തിക സഹായം നൽകാനുള്ള ഒരു പദ്ധതിയാണിത്. 250 രൂപയായിരുന്നു സഹായം നൽകിവന്നിരുന്നത്. 1994-ൽ ഇത് 500 രൂ. ആയി ഉയർത്തി.
3. അടിസ്ഥാന ശുചീകരണ പദ്ധതി : മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ആരോഗ്യവും ശുചിത്വവും മെച്ചപ്പെടുത്തുന്നതിന് വേണ്ടി, കക്കൂസ് നിർമ്മിക്കാൻ 2,500 രൂപ ധനസഹായം നൽകുന്നു. വീടും, വീടിന് ചുറ്റും സ്ഥലവും സ്വന്തമായിട്ടുള്ള, രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യം നൽകുന്നത്. 1996-97-ൽ 900 കക്കൂസുകൾ പണിതു. 1997-98-ൽ 720 എണ്ണം പൂർത്തിയാകാനുണ്ടായിരുന്നു.

സംരക്ഷണ പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി : അപകടം മൂലം മരിക്കുകയോ അംഗവൈകല്യം ബാധിക്കുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകാനുള്ള ഒരു പദ്ധതി

ആദ്യം ഫിഷറീസ് വകുപ്പ് നടപ്പാക്കിയിരുന്നു. 1986-ൽ മത്സ്യബോർഡ് ഈ പദ്ധതി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയാക്കി മാറ്റി. 15 വയസ്സ് മുതൽ 70 വയസ്സുവരെയുള്ള, കേരളാ ഫിഷർമെൻസ് വെൽഫെയർ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര - സംസ്ഥാന ഗവൺമെൻറുകൾ ഈ പദ്ധതിക്ക് 1:1 അനുപാതത്തിൽ സാമ്പത്തികസഹായം നൽകുന്നു. ഇതനുസരിച്ച് വിതരണംചെയ്യുന്ന നഷ്ടപരിഹാരത്തിൻെറ നിരക്കുകൾ നാല് തവണ വർദ്ധിപ്പിക്കുകയുണ്ടായി. അവ താഴെ കൊടുത്തിരിക്കുന്നു. (1999 സെപ്റ്റംബർ മുതൽ 50,000 രൂപയും 25,000 രൂപയും വീണ്ടും ഉയർത്തിയിട്ടുണ്ട്.)

| നഷ്ടപരിഹാരത്തിന് കാരണം | നഷ്ടപരിഹാരം (രൂ.) | | | |
|---|---|---|---|---|
| | 10-9-86 | 10-9-90 | 10-9-92 | 10-9-96 |
| മരണം | 15,000 | 21,000 | 25,000 | 50,000 |
| ആൾ നഷ്ടപ്പെട്ടാൽ | 15,000 | 21,000 | 25,000 | 50.000 |
| സ്ഥിരമോ സമ്പൂർണ്ണമോ ആയ അവശത | 15,000 | 21,000 | 25,000 | 50,000 |
| താല്ക്കാലികമോ ഭാഗികമോ ആയ അവശത | 7,500 | 10,500 | 12,500 | 25,000 |

2. **മത്സ്യത്തൊഴിലാളിയുടെ മരണത്തിന് നഷ്ടപരിഹാരം (മീൻപിടിച്ചുകൊണ്ടിരിക്കുമ്പോഴോ, പിടിച്ചുകഴിഞ്ഞ അടുത്ത ക്ഷണത്തിലോ അപകടം മൂലമല്ലാതെ ഉണ്ടാകുന്ന മരണം) :** അപകടങ്ങൾ മൂലമല്ലാതെ, മറ്റേതെങ്കിലും കാരണത്താൽ മീൻ പിടിച്ചുകൊണ്ടിരിക്കുന്നതിനിടയിലോ, അത് കഴിഞ്ഞ ഉടനോ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 15,000 രൂ. സാമ്പത്തികസഹായം നൽകുന്ന പദ്ധതി. അങ്ങനെ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ വരാത്ത മരണങ്ങൾക്ക് ഈ പദ്ധതി നഷ്ടപരിഹാരം നൽകുന്നു. രജിസ്റ്റർ ചെയ്ത എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഈ സഹായം ലഭിക്കാം.

3. **മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ കല്യാണത്തിന് സാമ്പത്തികസഹായം :** പെൺമക്കളെ കല്യാണം കഴിച്ചയയ്ക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുള്ള പദ്ധതി. ആദ്യം 1,200 രൂപ വായ്പയായും 200 രൂപ ഗ്രാൻറ് ആയും നൽകിയിരുന്നു. 1995-ൽ കല്യാണച്ചെലവിലേക്ക് 1,500 രൂപ ഗ്രാൻറായി നൽകാൻ തുടങ്ങി.

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരിക്കുമ്പോൾ സാമ്പത്തിക സഹായം : അമ്മ, അച്ഛൻ, ഭാര്യ, മൈനർ ആയിട്ടുള്ള ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിങ്ങനെ മത്സ്യത്തൊഴിലാളിയുടെ ആശ്രിതരായിട്ടുള്ള ആരെങ്കിലും മരിച്ചാൽ 250 രൂ. (1991 മുതൽ 300 ആയി വർദ്ധിപ്പിച്ചു) മരണാനന്തരചടങ്ങുകൾ നടത്താൻ സാമ്പത്തിക സഹായം നൽകിയിരുന്നു.

5. വാർദ്ധക്യകാല പെൻഷൻ : മത്സ്യബോർഡിന്റെ പദ്ധതികളിൽ ഏറ്റവും ജനസമ്മതി നേടിയതും ഏറ്റവും പണച്ചെലവ് വരുത്തുന്നതും ഈ പദ്ധതിയാണ്. ഈ പദ്ധതിയനുസരിച്ച്, 60 വയസ്സ് പൂർത്തിയാക്കിയ ഏതൊരു മത്സ്യത്തൊഴിലാളിക്കും പെൻഷന് അപേക്ഷിക്കാം. മറ്റ് വ്യവസ്ഥകൾ താഴെ പറയുന്നവയാണ്: അപേക്ഷിക്കുന്നതിന് മുമ്പുള്ള 10 വർഷമെങ്കിലും മീൻപിടിത്തം ആയാളുടെ ഉപജീവനമാർഗ്ഗമായിരുന്നിരിക്കണം; കേരളത്തിലെ ഏതെങ്കിലും മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ ഒരു വർഷമെങ്കിലും താമസിച്ചിട്ടുണ്ടാവണം; അയാളുടെ വ്യക്തിപരമായ വാർഷിക വരുമാനം 1,500 രൂപയിൽ കൂടാൻ പാടില്ല (1999 സെപ്റ്റംബർ മുതൽ വരുമാനപരിധി 5,000 രൂ. ആക്കിയിട്ടുണ്ട്.) ആദ്യം 75 രൂപയാണ് പെൻഷൻ നൽകിയിരുന്നത്. 1992-ൽ ഇത് 85 രൂപയും, 1997-ൽ 100 രൂപയും ആക്കി ഉയർത്തി.

6. അപകടത്തിൽപ്പെട്ട് താല്ക്കാലിക അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളിക്ക് സാമ്പത്തികസഹായം : ഏതെങ്കിലും തരത്തിലുള്ള താല്ക്കാലികമായ അംഗവൈകല്യം മൂലം, ഏറ്റവും കുറഞ്ഞത് 7 ദിവസം എങ്കിലും മീൻപിടിക്കാൻ പോകാൻ വയ്യാതാകുന്ന മത്സ്യത്തൊഴിലാളിക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. താഴെ പറയുന്ന നിരക്കിലാണ് സഹായം നൽകുന്നത്: ആദ്യത്തെ 7 ദിവസത്തേക്ക് 100 രൂ; പിന്നീട് വരുന്ന ഓരോ ദിവസത്തിനും 15 രൂ. വീതം; എന്നാൽ, മൊത്തം സഹായം 100 രൂപയിൽ കവിയാൻ പാടില്ല. (1-1-1991 മുതൽ ഇത് 500 രൂപയാക്കി). മൊത്തം 28.80 ലക്ഷം രൂ. വിതരണം ചെയ്തു.

7. മത്സ്യത്തൊഴിലാളി മരിക്കുമ്പോൾ ആശ്രിതർക്ക് സാമ്പത്തിക സഹായം : മരിച്ച ഒരു മത്സ്യത്തൊഴിലാളിയുടെ ആശ്രിതർ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെയോ മത്സ്യബോർഡ് നടപ്പാക്കുന്ന മറ്റേതെങ്കിലും പദ്ധതിയുടെയോ പ്രയോജനങ്ങൾക്ക് അർഹരല്ലെങ്കിൽ, ശവസംസ്ക്കാരചടങ്ങുകൾക്ക് ഈ പദ്ധതിയനുസരിച്ച് സഹായം ലഭിക്കും. ആദ്യം കൊടുത്തിരുന്നത് 250 രൂ. ആയിരുന്നു. 1991-ൽ ഇത് 500 രൂ. ആയും, 1994-ൽ 1,000 രൂ. ആയും ഉയർത്തി. 1996-ൽ ഈ പദ്ധതി സമഗ്രമായി പരിഷ്ക്കരിച്ചു. അതിന്ശേഷം, 60 വയസ്സിന് താഴെയുള്ള, മീൻപിടിത്തത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മത്സ്യത്തൊഴിലാളി മരിച്ചാൽ, മരണകാരണം എന്തുതന്നെ ആയാലും, ആശ്രിതർക്ക് 5,000 രൂ. കിട്ടാം.

8. മാരകമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ സഹായം : 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള 15,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള മത്സ്യത്തൊഴിലാളികൾക്ക്, മാരകമായ രോഗങ്ങൾ പിടിപെടുമ്പോൾ ചികിത്സാസഹായം നൽകുന്ന പദ്ധതി. ആ പദ്ധതിയനുസരിച്ച് സഹായം ലഭ്യമായിട്ടുള്ള രോഗങ്ങളും സഹായത്തിന്റെ നിരക്കും താഴെ കൊടുക്കുന്നു.

| രോഗം | സാമ്പത്തിക സഹായം (രൂ.) | |
|---|---|---|
| | 1991 | 1996 |
| ഹൃദയശസ്ത്രക്രിയ | 25,000 | 40,000 |
| കിഡ്നി മാറ്റിവയ്ക്കൽ | 25,000 | 40,000 |
| തലച്ചോറിൽ ട്യൂമർ | 25,000 | 40,000 |
| ക്യാൻസർ | 25,000 | 40,000* |
| പക്ഷാഘാതം | 12,000 | 12,000 |
| മാനസികരോഗം | 5,000* | 5,000* |
| ഗുരുതരമായ മന്ത് | പ്രതിമാസ പെൻഷൻ 100 | പ്രതിമാസ പെൻഷൻ 100 |

*രോഗം ഭേദമായില്ലെങ്കിൽ, 100 രൂപ പ്രതിമാസം പെൻഷൻ വാങ്ങാം.

9. **മത്സ്യബോർഡ് ചെയർമാൻെറ ദുരിതാശ്വാസനിധി:** മത്സ്യത്തൊഴിലാളികൾക്ക് ആകസ്മികമായി ആപത്തുകൾ വരുമ്പോൾ സഹായിക്കാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. അപ്രതീക്ഷിതമായി പ്രകൃതിക്ഷോഭങ്ങൾ അനുഭവപ്പെടുമ്പോൾ ഉടനടി ആശ്വാസനടപടികൾ കൈക്കൊള്ളുന്നതിന് മത്സ്യബോർഡിന് ഈ പദ്ധതി അധികാരം നൽകുന്നു. ഈ പദ്ധതിയനുസരിച്ച്, താഴെ പറയുന്ന അടിയന്തിര ഘട്ടങ്ങളിൽ സഹായം വാങ്ങാം:

| | |
|---|---|
| മീൻപിടിക്കുമ്പോൾ മുറിവേൽക്കുന്നവർക്ക് | 100-500 രൂ. |
| മത്സ്യത്തൊഴിലാളികളുടെ മരണം മൂലം ഉപജീവനം നഷ്ടപ്പെട്ട കുടുംബത്തിന് | 250-1,000 രൂ. |
| രക്ഷാപ്രവർത്തനങ്ങളിൽ മുറിവേൽക്കുന്നവർക്ക് | 100-300 രൂ. |
| വെള്ളപ്പൊക്കത്തിലോ തീപിടിത്തത്തിലോ വീടും ജംഗമസ്വത്തുക്കളും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബത്തിന് | 500-2,500 രൂ. |
| വെള്ളപ്പൊക്കത്തിലോ തീപിടിത്തത്തിലോ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് | 300-1,500 രൂ. |
| പാമ്പുകടി, തീപ്പൊള്ളൽ മുതലായവ | 200-1,500 രൂ. |
| മീൻപിടിത്തത്തിനിടെ മത്സ്യത്തൊഴിലാളിയെ കാണാതായാൽ | 1,000-2,000 രൂ. |

10. നേത്രരോഗങ്ങൾക്ക് ചികിത്സ (നേത്രജ്യോതി) : പേര് സൂചിപ്പിക്കുംപോലെ അന്ധർക്കു വെളിച്ചം നൽകാനുള്ള പദ്ധതിയാണിത്. നേത്രരോഗങ്ങൾ കണ്ടെത്താനും ചികിത്സിക്കാനും തീരദേശഗ്രാമങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തിമിരം പോലെയുള്ള രോഗങ്ങൾ ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് ചികിത്സയും കണ്ണടയും മറ്റും നൽകുന്നു.

11. മത്സ്യബോർഡിൽ നിന്നുള്ള പ്രത്യേക സഹായം : ഈ പദ്ധതിയനുസരിച്ച് ചില വിശേഷാൽ സന്ദർഭങ്ങളിൽ മത്സ്യബോർഡിന് സഹായം നൽകാൻ കഴിയും. സഹായത്തിന് വേണ്ട നിയമപരമായ യോഗ്യതകൾ എല്ലാം തികയാത്ത അപേക്ഷകർക്ക് അവർ സഹായത്തിന് അർഹരാണെന്ന് മത്സ്യബോർഡിന് ബോധ്യമായാൽ സഹായം നൽകാം.

12. പ്രസവത്തിന് സാമ്പത്തിക സഹായം : 1996-97-ൽ മാത്രമാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതനുസരിച്ച്, മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് ഓരോന്നിനും 500 രൂ. വീതം സഹായം ലഭിക്കുന്നു.

●

# അനുബന്ധം ആറ്

# ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ സാമൂഹികസുരക്ഷാ പദ്ധതികൾ

**രണ്ടാംഘട്ടം**

**ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ**

1. സമ്പാദ്യ - ആശ്വാസ പദ്ധതി : ഫിഷറീസ് വകുപ്പിൻെറ ഏറ്റവും ജനപ്രീതി നേടിയ പദ്ധതിയാണിത്. കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും ചെലവിൻെറ പകുതി വീതം വഹിക്കുന്നു. 18 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള മത്സ്യത്തൊഴിലാളികളെ പഞ്ഞമാസങ്ങളിൽ സഹായിക്കാനുള്ള പദ്ധതിയാണിത്. തൊഴിലില്ലായ്മ ആനുകൂല്യം എന്നും ഇതിനെ വേണമെങ്കിൽ വിളിക്കാം. മീൻ കിട്ടുന്ന 8 മാസങ്ങളിൽ, ഓരോ മത്സ്യത്തൊഴിലാളിയും പ്രതിമാസം 45 രൂപ വീതം അടയ്ക്കണം. ഇങ്ങനെ സമ്പാദിക്കുന്ന 360 രൂപയുടെ കൂടെ സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും 360 രൂപ വീതം നിക്ഷേപിക്കും. ഇങ്ങനെ കിട്ടുന്ന 1080 രൂപ, പഞ്ഞമാസങ്ങളിൽ പ്രതിമാസം 270 രൂപ വച്ച് ഒരോ മത്സ്യത്തൊഴിലാളിക്കും വിതരണം ചെയ്യും.

2. പാർപ്പിട പദ്ധതി : ഡിപ്പാർട്ടുമെൻറ് രണ്ട് പാർപ്പിട പദ്ധതികൾ നടപ്പാക്കിയിരുന്നു. ആദ്യത്തേത് 100 ശതമാനം കേന്ദ്രസഹായം ലഭിച്ചിരുന്ന പദ്ധതിയായിരുന്നു. പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പത്താം ധനകാര്യകമ്മീഷൻെറ ഗ്രാൻറ് ഉപയോഗിച്ചാണ് ഇത് നടപ്പാക്കിയിരുന്നത്. ഈ പദ്ധതിയനുസരിച്ച്, 1996-2000 കാലഘട്ടത്തിൽ, ഭവനനിർമ്മാണത്തിനും കുടിവെള്ളപദ്ധതികൾക്കും റോഡു നിർമ്മാണത്തിനും വേണ്ടി 70 കോടി രൂപ കേന്ദ്രം സംസ്ഥാനത്തിന് നൽകി. ഇതിൽ 50 കോടി ഭവനനിർമ്മാണത്തിനും, 7 കോടി കുടിവെള്ളത്തിനും 13 കോടി റോഡുകൾക്കുമാണ് നീക്കിവച്ചിരുന്നത്. മറ്റൊരു പദ്ധതിയുള്ളതിന് കേന്ദ്രസഹായം 60 ശതമാനമാണ്. ബാക്കി സംസ്ഥാനം വഹിക്കണം. 35,000 വീടുകൾ നിർമ്മിക്കാനുള്ള ചെലവ് മുഴുവൻ ഗ്രാൻറായി നൽകും എന്നതാണ് ഇതിൻെറ ആകർഷകത.

3. തീരദേശ വൈദ്യുതീകരണം (തീരജ്യോതി) : ഈ പദ്ധതിയനുസരിച്ച്, തെരഞ്ഞെടുക്ക

പ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ വീട് വൈദ്യുതീകരിക്കാൻ 1,000 രു. വച്ച് സഹായധനം നൽകുന്നു.

4. ശുചീകരണ പദ്ധതി: തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കക്കൂസ് നിർമ്മിക്കാൻ 2,500 രൂപ വീതം ധനസഹായം നൽകുന്നു.

5. ശുദ്ധജല വിതരണ പദ്ധതി : തെരഞ്ഞെടുത്ത 70 ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

# REFERENCES

Ahmad, E. et al (eds) (1991) *Social Security in Developing Countries*, Clarendon Press, Oxford

Amarasinghe, O. (1989) Technical Change, Transformation of Risks and Patronage Relations in Fishing Community of South Sri Lanka, *Development and Change* 87/3, Hague

Burgess, RSL and stern, N. (1991) Social Security in Developing Countries: What, Why, Who and How? in E. Ahmad et al (ed) (1991) *Social Security in Developing Countries*, Clarendon Press, Oxford

Charles, L. (1997) Health Status and Health Care System Among the Fisherfolk - A Micro Level Analysis, M Phil Dissertation (unpublished), Centre for Development Studies, Thiruvananthapuram

Dreze, J. and Sen, A. (1991) Public Action for social Security : Foundation and Strategy, in E. Ahmad et al (ed) (1991) *Social Security in Developing Countries*, Clarendon Press, Oxford

Dreze, J. and Sen A. (1993) *Hunger and public Action*, Oxford University Press, New Delhi

Firth, R. (1966) *Malay Fishermen: Their Peasant Economy*, Routledge & Kegan Paul, London

Ghai, D. (1997) Social Development and public Policy: Some Lessons from Successful Experiences DP 89, UNRISD, Geneva

Government of Kerala (GOK) (1975) *Economic Review*, State Planning Board, Thiruvananthapuram

Government of Kerala (GOK) (1981) *Economic Review*, State Planning Board, Thiruvananthapuram

Government of Kerala (GOK) (1986) *Economic Review*, State Planning Board, Thiruvananthapuram

Government of Kerala (GOK) (1992) *Kerala Fisheries - An Overview*, Department of Fisheries, Thiruvananthapuram

Government of Kerala (GOK) (1996) *Social Security Initiatives in Kerala Report of the Expert Committee*, State Planning Board, Thiruvananthapuram

Government of Kerala (GOK) (1997) *Report of the Task Force on Livelihood Secure Fishing Community*, Planning Board, Thiruvananthapuram

Guhan, S. (1993) Social Security for the poor in the Unorganised Sector: A Feasible Blueprint for India, in K. S. Parikh and R. Sudhakaran (eds.) *Human Development and Structural Adjustment*, Macmillan, Madras

Jose, K. et al (1988) *Oru Samarakatha*, (Malayalam), KSMTF, Thiruvananthapuram

Kannan, K. P. (1998) "State and Union Intervention in Rural Labour: A study of Kerala" in Radhakrishna, R. and Sharma, A. N. (eds.) 1998 *Empowering Rural Labour in India: Markets, State and Mobilisation*, Institute of Human Development, New Delhi

Kannan, K. P. (1999) Poverty Alleviation as advancing Basic Human Capabilities: Kerala's Achievements Compared, CDS Working Paper 294, Thiruvananthapuram

Kannan, K. P. and T. T. Sreekumar (1998) Rural Labour Movements and Organisation in India: A Case Study of Fish Workers Struggle in Kerala, *Labour and Development*, 3 (1&2), pp 24-63, Noida

Kurien, J. (1985) Technical Assistance Projects and Socio-Economic Change Norwegian Intervention in Kerala Fisheries Development, *Economic and Political Weekly*, 20(25&26), pp A70-A88, Bombay

Kurien, J. (1992) Ruining the commons and Responses of the Commoners: Coastal Overfishing and Fishworker's Actions in Kerala State, India in Ghai, D and Vivivan JM (eds) *Grassroots Environmental Action: People's Participation in Sustainable Development*, Routledge, London

Kurien, J. (1995) The Kerala Model: It's Central Tendency and the Outlier, *Social Scientist* 23/1-3, New Delhi

Kurien, J. (2000) Factoring Social and Cultural Dimensions into Food and Livelihood security Issues of Marine Fisheries: A Case Study of Kerala State, India, Working Paper 299 Centre for Development Studies. Thiruvananthapuram

Kurien, J. and Achari, TRT (1988), Fisheries Development Policies and the Fishermen's Struggle in Kerala, *Social Action*, 38, Jan-Mar, pp 15-36, New Delhi

Kurien, J. and. Vijayan, AJ (1995) Income Spreading Mechanisms in a Common Property Resource: Karanila System in Kerala's *Fishery, Economic and political Weekly*. Vol XXX No 28, Bombay

OECD (1997) *Social Implications of Responsible Fisheries: Potential, Social and Employment Implications of Moving Towards Responsible Fisheries - An Analysis of Alternative Measures*, Directorate for Food, Agriculture, and Fisheries, Fisheries Committee, Paris

Panicker, PGK and Soman, CR (1984) *Health Status of Kerala: Paradox of Economic Backwardness and Health Developement*, Centre for Development Studies Publications, Thiruvananthapuram

Platteau, JP and Abraham, A (1987) An Inquiry into Quasi-Credit Contracts: The Role of Recriprocal Credit and Interlinked Deals in Small-Scale Fishing Communities, *Journal of Development Studies*, 23/4

Pushpangadan, K. and G. Murugan (1999) Gender Bias in a Marginalised Community; A Study of Fisherfolk in Coastal Kerala (mimeo) Centre for Development Studies, Thiruvananthapuram

Radhakrishna, R and Sharma, A. N. (eds) 1998) *Empowering Rural Labour in India: Markets, State and Mobilisation*, Institute of Human Development, New Delhi

Sen, A. (1999) *Development as Freedom*, Alfred A. Knopf, New York

Thomas, J (1989) Socio-Economic Factors Influencing Educational Standards in a Marginalised Community: A Case Study on the Marine Fisherfolk of Kerala, M. Phil Thesis (unpublished). Centre for Development Studies, Thiruvananthapuram

UNDP (1991) *Human Development Report 1991*, Oxford University Press, New York

# വള്ളവും വലയും


ജോൺ കുര്യൻ
അന്റോണിറ്റോ പോൾ

ഇന്റർനാഷണൽ കളക്റ്റീവ് ഇൻ
സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സ്


ലോകമെങ്ങുമുള്ള
മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന
പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന
ഒരു സർക്കാരേതര സംഘടനയാണ്
ഇന്റർനാഷണൽ കളക്റ്റീവ് ഇൻ സപ്പോർട്ട് ഓഫ്
ഫിഷ് വർക്കേഴ്സ് (ഐ. സി. എസ്. എഫ്.).
ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള സാമ്പത്തിക
സാമൂഹിക സമിതിയുടെയും അന്താരാഷ്ട്ര
തൊഴിൽ സംഘടനയുടെയും (ഐ. എൽ. ഒ.)
ഭക്ഷ്യ കൃഷി സംഘടനയുടെയും
(എഫ്. എ. ഒ.) അംഗീകാരമുള്ള സംഘടന.
ജനീവയിൽ രജിസ്റ്റർ ചെയ്ത
ഐ. സി. എസ്. എഫിന് ചെന്നൈയിലും (ഇന്ത്യ)
ബ്രസ്സൽസിലും (ബെൽജിയം) ഓഫീസുകളുണ്ട്.
സാമൂഹിക പ്രവർത്തകരുടെയും അദ്ധ്യാപകരുടെയും
സാങ്കേതിക വിദഗ്ദ്ധരുടെയും
ഗവേഷകരുടെയും ശാസ്ത്രജ്ഞന്മാരുടെയും
ആഗോള ശൃംഖലയായ
ഐ. സി. എസ്. എഫ്., ഗവേഷണം, പരിശീലനം,
ആശയവിനിമയം, പ്രചാരണം,
പ്രക്ഷോഭണം എന്നീ മേഖലകളിൽ
പ്രവർത്തിക്കുന്നു.